Vol 3. No. 4. Dec. 1953.

# BHĀṢĀTRAIMĀSIKAM

(MALAYALAM QUARTERLY)

TRAVANCORE UNIVERSITY
ORIENTAL MANUSCRIPTS LIBRARY
TRIVANDRUM

1954/1129.

## ഉള്ളടക്കം

I

| | | പുറം. |
|---|---|---|
| 1. | ചോററാനിക്കര ദേവീസ്തോത്രം ... ... | 1—2 |
| 2. | അലങ്കാരസംക്ഷേപം ... ... ... | 1—40 |
| 3. | സംഗീതശാസ്ത്രം ... ... ... ... | 1—10 |
| 4. | ജ്ഞാനമുത്തുമാല ... ... ... ... | 49—64 |
| 5. | കളരിവിദ്യ ... ... ... ... | 1—12 |

II

| | | |
|---|---|---|
| 1. | അദ്ധ്യക്ഷപ്രസംഗം —<br>(ഗവേഷണസമിതിയോഗത്തിൽ)<br>ശ്രീ: വി. നാരായണപിള്ള എം. ഏ. | 1—3 |
| 2. | ഭാഷാഗവേഷണം —<br>പി. ദാമോദരൻപിള്ള ബി. ഏ. | 1—10 |
| 3. | വിജ്ഞാപനപരമ്പര — | |
| | (i) ഇന്ദ്രവമ്മചരിതം —<br>കേ. ആർ. സുബ്രഹ്മണ്യശമ്മ, പണ്ഡിററു്. | 1—4 |
| | (ii) ജ്ഞാനമുത്തുമാല —<br>വെണ്ണിക്കുളം ഗോപാലക്കുറുപ്പു്. | 1 |
| | (iii) സംഗീതശാസ്ത്രം<br>ശൂരനാട്ടു കുഞ്ഞൻ പിള്ള. | 1 & 2 |

# ചോററാനിക്കര ദേവീസ്തോത്രം

[ഹസ്തലിഖിതഗ്രന്ഥശാലയിലെ T. 880—നമ്പർ ഗ്രന്ഥമാണ് ഈ കീർത്തനത്തിന്റെ മാതൃക. പഴയ കൊച്ചിരാജ്യത്തിൽ ഉൾപ്പെട്ട 'ചോററാനിക്കര' എന്ന സ്ഥലത്തെ ദേവിയെയാണ് ഇതിൽ വാഴ്ത്തുന്നതു്.]

മഹതാമിങ്ങലിയററീടുന്നൊരു
മഹിഷൻ തോററളവമരകൾ പൊഴിയും
മഹിമ തകും മലരണിപുരികുഴലും
മുഹുരിതമനസാ തൊഴുതേൻ ജയ ജയ! 1

മാന്താർബാണമണിച്ചില തന്മേ-
ലേന്തും ഞാണിനു തരികരുൾ നിരയും
കാന്തി പെറും പുരികങ്ങളുമളികത-
ടാന്തവുമധുനാ തൊഴുതേൻ ജയ ജയ! 2

മിഴി തവ രണ്ടും മഴറിയൊരിളമാൻ-
മിഴിയെ വെടിഞ്ഞിടനീണ്ടിരുപാടും
കുഴകാതോടണയുന്നതുമണികവി-
ളുഴകുമതീവ ച തൊഴുതേൻ ജയ ജയ! 3

മീതേ നവതിലകുസുമസമാനം
നാസികയും കീഴതിനു മനോജ്ഞം
വാർതകുമന്തിമുകിൽക്കെതിരാമരു-
ണാധരവും തവ തൊഴുതേൻ ജയ ജയ! 4

മുക്താവലിയെ മറുത്തു മൃഡാധര-
വിദ്രുമസീമ്നിയൊരുവഴിയിലൂന്നി
ചിത്രതയാ നിറമെഴുമണിദശനവ്യ-
മദ്രിതനുജേ, തൊഴുതേൻ ജയ ജയ! 5

മൂളമൊരിളമ കലേശനു തിരുമുഖ-
മേളവുമമൃതാചോരീതികളും
തോളിണയും മണിലംബനമണിഗണ-
നാളവുമനവധി തൊഴുതേൻ ജയ ജയ! 6

മെല്ലേ കനകമഹീധരകാന്തിയെ
വെല്ലും മുകളണി തിരുമുലയിണയും
മെല്ലിടയും വരദാഭയമണികര-
പല്ലവനെറിയും തൊഴുതേൻ ജയ ജയ! 7

മേല്ക്കുമൊരുപരിന്നിറം കലരും നെറി
വായ്ക്കുമൊരാലില തൊഴമണിവയറും
തേക്കെത്തിരാമർയും തുകിലുടയും
പോക്കമതിന്നഴൽ തൊഴുതേൻ ജയ ജയ! 8

മൈക്കണ്ണാർമണിയാകിയ നിന്നണി-
മൽകോമളവളരണി തുടയിണയും
ചൊല്ലൊള്ളുന്ന മുഴങ്കഴലിണയും
ദുഷ്കൃതമകൽവാൻ തൊഴുതേൻ ജയ ജയ! 9

മൊട്ടണികേതകി തന്നൊടു മുന്നെതി-
രിട്ടു മറുത്ത കണങ്കഴലിണയും
പുഷ്ടി തകും തവ നരിയാണികളും
ദുഷ്ടവിനാശിനി, തൊഴുതേൻ ജയജയ! 10

മോക്ഷം വരുവതിനുപരി സഹായം
വീക്ഷണമുന തവ തരിക മമാന്തേ
സാക്ഷാലതിനണി പുറവടിയിണ ഞാൻ
ഭാഗവതീ, ബത തൊഴുതേൻ ജയ ജയ! 11

മൗലിയിലമരകളണിയും പുതുമണി-
ജാലം പണിയും തിരുനഖമണിയും
നാലാമ്നായമയം പദതലവും
ബാലേ, ദിനമനു തൊഴുതേൻ ജയജയ! 12

ഇമ്മനതളിരിൽ ചെമ്മേ നിന്മെ
തന്മുഴവന്മുടിമുതലടിയോളം
മമ്മാ! നന്മകളിനി വളരുമ്മാ-
റമ്മേ! വിലസതു തൊഴുതേൻ ജയ ജയ! 13

വരദേ! ജയ ജയ! വലജിന്മുഖസുര-
പരസേവിതപദകമലേ! ജയ ജയ!
ദുരിതമകററുക ചോററാനിക്കര
മരുവും ത്രിഭുവനനാഥേ! ജയ ജയ! 14

# അവതാരിക

മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഒരു പഴയ അലങ്കാരഗ്രന്ഥമാണ് ഭാഷാത്രൈമാസികം വഴി പ്രകാശിപ്പിക്കുന്നതു്. മഹാകവി ഉള്ളൂർ 'അലങ്കാരസംക്ഷേപം' എന്ന പേരിൽ ഈ ഗ്രന്ഥത്തെ കേരളസാഹിത്യചരിത്രം ഒന്നാം വാല്യത്തിൽ ഉൾപ്പെടുത്തി പ്രതിപാദിച്ചിട്ടുണ്ടു്. (കേ. സാ. ച. ഭാഗം ൧. പു. ൪൨൧). അലങ്കാരസംക്ഷേപം എന്ന പേരു് ഗ്രന്ഥത്തിൽ ഉള്ളതല്ല; മഹാകവി കൊടുത്തിട്ടുള്ളതാണ്., ആ പേരു അസാധുവല്ലാത്തതിനാൽ ഇവിടെയും സ്വീകരിച്ചിരിക്കുന്നു.

ഈ ഗ്രന്ഥം ശ്രീ. ഈ. വി. രാമൻ നമ്പൂതിരി ശേഖരിച്ചുകൊണ്ടുവന്ന ഗ്രന്ഥങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. വേറേ മാതൃക കണ്ടുകിട്ടിയിട്ടില്ല. ഉപലബ്ധമായ മാതൃകയിൽത്തന്നെ ഗ്രന്ഥത്തിന്റെ ആദിയും അന്തവും ഭാഗങ്ങൾ വിട്ടിട്ടുള്ളതായിട്ടാണു തോന്നുന്നതു്. സാധാരണ ഗ്രന്ഥങ്ങളിൽ കാണുന്ന മംഗളശ്ലോകം ഇതിൽ കാണുന്നില്ല. അവസാനത്തിലുള്ള പദ്യം തന്നെ അപൂർണ്ണമായിട്ടാണു നില്ക്കുന്നതു്. ഗ്രന്ഥത്തിന്റെ എത്ര ഭാഗം വിട്ടിട്ടുണ്ടെന്നു് ഈ മാതൃകയിൽനിന്നു മനസ്സിലാക്കാൻ നിവൃത്തിയില്ല.

ലീലാതിലകത്തെപ്പററി പരിഗണിച്ച ശേഷമാണ് മഹാകവി സാഹിത്യചരിത്രത്തിൽ അലങ്കാരസംക്ഷേപത്തെപ്പററി പ്രതിപാദിക്കുന്നതു്. കാലവിഷയകമായി ലീലാതിലകത്തോടു ചേർത്തു് അലങ്കാരസംക്ഷേപത്തെ ഗണിക്കാവുന്നതാണ്. ഈ അഭിപ്രായത്തിലായിരിക്കണം മഹാകവി ഇപ്രകാരം ഉൾപ്പെടുത്തി പ്രതിപാദിച്ചതു്. രവിവർമ്മ എന്നൊരു രാജാവിനെപ്പററി ഇരുപതോളം പദ്യങ്ങൾ ഇതിൽ ഉദ്ധരിച്ചിട്ടുണ്ടു്. ഈ രവിവർമ്മ, സംഗ്രാമധീര രവിവർമ്മയാണെങ്കിൽ ഈ ഗ്രന്ഥവും ലീലാതിലകത്തിന്റെ കാലത്തോടു് അടുത്തു ഉണ്ടായതായി ഊഹിക്കാം. 'ആ ഊഹത്തെ ആധാരമാക്കി ഇതിന്റെ കർത്താവു് കൊല്ലം ആറാം ശതകത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കാം. എന്നാൽ അതിനു തെളിവു്

പോരാതാണിരിക്കുന്നതു്" എന്നാണു് മഹാകവിയുടെ അഭിപ്രായം. ഗ്രന്ഥത്തെ വീണ്ടും വീണ്ടും പരിശോധിച്ചതിലും കൂടുതൽ വ്യക്തമായ അഭിപ്രായത്തിനു വഴി കാണുന്നില്ല.

രവിവർമ്മയ്ക്കു പുറമേ രാമവർമ്മ എന്നൊരു രാജാവിനെപ്പറ്റിയും, കോഴിക്കോട്ടു മാനവിക്രമനെന്ന ഒരു സാമൂതിരിപ്പാടിനെപ്പററിയും ചില ശ്ലോകങ്ങളുണ്ടു്. എന്നാൽ ഈ രാജാക്കന്മാർ ആരെന്നു് അറിയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. ഗ്രന്ഥകാരൻ ആരെന്നും അറിവില്ല.

ലീലാതിലകത്തിനും ഈ ഗ്രന്ഥത്തിനും തമ്മിൽ പ്രതിപാദന രീതിയിൽ സാദൃശ്യം കാണ്മാനുണ്ടു്. സൂത്രം, വൃത്തി, ഉദാഹരണം എന്നാണല്ലോ ലീലാതിലകത്തിലെ പ്രതിപാദനരീതി. സൂത്രവും വൃത്തിയും ലീലാതിലകത്തിൽ സംസ്കൃതമാണു്. ഉദാഹരണങ്ങൾ മണിപ്രവാളവും. സൂത്രത്തിന്റെ സ്ഥാനത്തു് കാരിക എന്നാണു് ഈ ഗ്രന്ഥത്തിന്റെ പോക്കു്. അതു് അധികവും മലയാളത്തിലുമാണു്. പ്രതിപാദനരീതിയിൽ അതാണു് മുഖ്യമായ വ്യത്യാസവും. വൃത്തി ഇതിലും സംസ്കൃതത്തിലാണു്. ഉദാഹരണം അധികവും മണി-പ്രവാളത്തിലും. ഈ രീതിതന്നെ ലീലാതിലകത്തിനോടുള്ള സാമ്യം സ്പഷ്ടമാക്കുന്നു. ഇതിനും പുറമേ ലീലാതിലകത്തിൽ കാണുന്ന 'അതിശയ രമണീയാ രാമദേവീ! കണ്ടാ നിൻ' എന്നു തുടങ്ങുന്ന പദ്യം ഈ ഗ്രന്ഥത്തിലും കാണുന്നുണ്ടു്. എന്നാൽ പരിഗണിച്ചിട്ടുള്ള അലങ്കാരങ്ങളുടെ എണ്ണത്തിലും, ലക്ഷണനിർവ്വചനത്തിലും വ്യത്യാസം കാണാൻ ഉണ്ടെന്നുള്ളതു് ശ്രദ്ധേയവുമാണു്.

ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. 'ഛേകാനുപ്രാസം', 'വൃത്ത്യനുപ്രാസം', 'ലാടാനുപ്രാസം', 'യമകം', 'പുനരുക്തവദാഭാസം' എന്നിവയെപ്പററി പറഞ്ഞിട്ടു് ചിത്രകാവ്യത്തെ നീരസമെന്നു പറഞ്ഞു തള്ളുന്നു. ഇരുപത്തിയെട്ടു് അർത്ഥാലങ്കാരങ്ങൾ കൈക്കൊണ്ടിട്ടുണ്ടു്. അവ ഇവിടെ വിസ്തരിക്കുന്നില്ല. ചില അലങ്കാരങ്ങളുടെ ലക്ഷണകരണത്തിൽ സാഹിത്യദർപ്പണത്തോടു സാമ്യം കാണുന്നുണ്ടു്.

ഉദ്ധരിച്ചിട്ടുള്ള മണിപ്രവാളശ്ലോകങ്ങൾ സാമാന്യം നല്ലവ തന്നെ. പഴയ രീതിയനുസരിച്ച് പല നായികമാരെപ്പററിയുള്ള പ്രശംസാപദ്യങ്ങളും ഇതിൽ ഉണ്ട്.

ഉദ്ധൃതപദ്യങ്ങൾ മദ്ധ്യകാലമണിപ്രവാളത്തിന്റെ പ്രാതിനിധ്യം കൈക്കൊള്ളുന്നു. മദ്ധ്യകാലഘട്ടത്തിൽ അലങ്കാരശാസ്ത്രസംബന്ധമായി ലീലാതിലകംപോലെ മററു ഗ്രന്ഥങ്ങളും ഉണ്ടായിരുന്നു എന്നതിനു തെളിവായി ഈ ഗ്രന്ഥത്തെ കരുതണം.

ഇതിന്റെ പ്രകാശനത്തിൽ എന്നെ സഹായിച്ച മാന്യസ്നേഹിതന്മാരായ ശ്രീ. കെ. എസ്. മഹാദേവശാസ്ത്രിയെയും ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പ് അവർകളെയും ഞാൻ സ്മരിച്ചുകൊള്ളുന്നു.

ഇതിന്റെ കൈയെഴുത്തു പ്രതിയും മററും ഉണ്ടാക്കി സഹായിച്ചതു് ശ്രീ. എൻ. ശ്രീധരൻ നായരാണു്.

മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
30—12—'53

ശൂരനാട്ടു കുഞ്ഞൻ പിള്ള
ഓണററി ഡയറക്റ്റർ

# അലങ്കാരസംക്ഷേപം §

(ലീലാതിലകത്തിന്റെ മാതൃകയിലുള്ള ഒരു പഴയ അലങ്കാരഗ്രന്ഥം)

* ഛേകാനുപ്രാസം—വൃത്ത്യനുപ്രാസം

(1)

അനേകവ്യഞ്ജനങ്ങൾക്കു സകൃത്സാമ്യമനേകധാ
ഛേകാനുപ്രാസമെന്നാഹുഃ, വൃത്ത്യനുപ്രാസമന്യഥാ.

(2)

ഏകവ്യഞ്ജനസാദൃശ്യം ത്വനേകസാദൃശ്യമേകധാ
അനേകത്യാദിസാദൃശ്യമിങ്ങിനേ മൂന്നു ജാതിസഃ.

തത്ര ഛേകാനുപ്രാസോ യഥാ—

ഏണാങ്കചൂഡരമണീം രമണീയപീന-
ശ്രോണീനിരസ്തപുളിനാം നളിനായതാക്ഷീം
വീണാധരാമധികബന്ധുരബന്ധുജീവ-
ശോണാധരാമചലരാജസുതാമുപാസേ. 1

അത്ര രമണീം രമണീയ ഇതി രേഫ-മകാര-ണകാരാത്മകസ്യ വ്യഞ്ജനസമുദായസ്യ സകൃത് സാമ്യം. ഏവമേവ അസ്യ 'പുളിനാം നളിനായതാക്ഷീം' ഇത്യത്ര, 'വീണാധരാം ശോണാധരാം' ഇത്യത്ര ച, 'ബന്ധുരബന്ധുജീവ' ഇത്യത്ര ച വിദ്യമാനത്വാദ് അനേകധാത്വം. വ്യഞ്ജനഗ്രഹണം സ്വരസാദൃശ്യാനിയതത്വബോധനാർത്ഥം.

---

§ കാരികകൾക്കു പ്രത്യേകവും ഉദാഹരണശ്ലോകങ്ങൾക്കു പ്രത്യേകവും അക്കങ്ങൾ കൊടുത്തും, അലങ്കാരത്തിന്റെ പേരു യഥാസ്ഥാനത്തു് എടുത്തു കാണിച്ചും പ്രസാധനം ചെയ്തിട്ടുള്ളതാണു്.

വലയത്തിനു് അകത്തു കാണുന്ന നമ്പർ കാരികയെ കാണിക്കുന്നു.

* ഈ അടയാളം സൗകര്യത്തെ ഉദ്ദേശിച്ചു പ്രസാധകൻ ചെയ്തിട്ടുള്ള വിഷയവിഭജനത്തെ കാണിക്കുന്നു.

യഥാ—

ആലോലബാലമുകുളേ ബകുളേ വിഹാരം
കോലുന്ന കോലമുരികേ! വരികെന്നപാന്ഥേ
ലീലാവനത്തിലിവിടെക്കമനീയശീലാ
നീലാക്ഷി നീവി മലർമാതെഴന്നെള്ളിനാളോ? 2

അത്ര പൂർവാർദ്ധേ ഛേകാനുപ്രാസഃ. ‘കോലുന്ന കോലമുരികേ’ ഇത്യത്ര ലകാരഗതസ്യ സ്വരസ്യ രൂപഭേദഃ. ‘മുരികേ വരികെന്ന-പാന്ഥേ’ ഇത്യത്ര കകാരഗതസ്യ സ്വരസ്യ. മാത്രാഭേദശ്ച അനുപ്രാസവ്യാഘാതായ ഭവതി. കിഞ്ച, അനുപ്രാസപ്രസ്താവേ കേവലസ്വരസാമ്യം അകിഞ്ചിത്കരമേവ.

യഥാ—

ഇത ദലയതി ചിത്തകാമ്പു യൂനാം
മദനനയം വിദയം വിയോഗഭാജാം
മൃദുപവനവിധൂതചൂതവല്ലീ-
കിസലയകത്രികകൊണ്ടു ചിത്രനീവീ!. 3

അത്ര പ്രഥമപാദേ തകാരാദൗ, ദ്വിതീയപാദേ മകാരാദൗ ച വർണ്ണചതുഷ്ടയേ യദ്യപി കേവലം അകാരാത്മകസ്യ സ്വരസ്യ സാമ്യം വിദ്യതേ തഥാപി ന തദ് അനുപ്രാസപ്രയോജകം. ‘വിധൂത ചൂതവല്ലീ’ ഇത്യത്ര വ്യഞ്ജനസ്യാപി സാമ്യേ സ്ഫുടോऽനുപ്രാസഃ. ‘കത്രികകൊണ്ടു ചിത്രനീവീ’ ഇത്യത്ര സ്വരസാമ്യം വിനാപി സ്ഫുട ഏവ. പദാദിവർണ്ണവർണ്ണാനുപ്രാസേ തു പദവിച്ഛേദഗതപാഠവിളംബനശക്ത്യാ കേവലസ്വരസാമ്യമപ്യനുപ്രാസം പ്രയോജയതി.

യഥാ—

ആസന്നസന്ധ്യമസിതാഭമനാജ്യസിക്ത-
മഭ്യർണ്ണപങ്കമവലോകിതദീനവർഗ്ഗം
ഉദ്വിഗ്നകർത്തൃകമനുഷ്ണമഗോരസാർദ്ര-
മന്ധോ ഭവത്യരുച(മ)പ്യമൃതോപമാനം. 4

വൃത്ത്യനുപ്രാസോ യഥാ—

കരകലിതകുരംഗം കണ്ണിലത്യന്തപിംഗം
ചികുരഭരിതഗം(ഗം) ചീർത്തകാരുണ്യരംഗം
പരികലിതഭുജംഗം പർവ്വതാപത്യസംഗം
മരുവുക ഹൃദി തുംഗം മാമകേ ശൈവമംഗം 5

അത്ര അനുസ്വാരോത്തരസ്യ ഗകാരസ്യൈകവ്യഞ്ജനസ്യാസകൃത് സാദൃശ്യം. പാദേഷു ച പ്രത്യേകം കകാ(രാ)ദേരേകവ്യഞ്ജനസ്യ സകൃത് സാദൃശ്യം. അസ്യ ച അലങ്കാരത്വേ സ്വഘായസാപേക്ഷത്വനിയമാന്ന പൃഥഗ്ഗണനം കൃതം.

യഥാ വാ—

തെച്ചിപ്പൂവിൽ പതംഗദ്യുതിവിതതിമയേ
ചേർത്തു ശൃംഗാരലക്ഷ്മീ-
മച്ചിപ്പാൻ മാരഭൂപാലനു ജലധിമണി-
ച്ചാണമേലേണനേത്രേ!
വച്ചപ്പാട്ടുണ്ടു പാർത്താലിതു തുഹിനകരൻ
കിങ്കരൻ തൻകരം കൊ-
ണ്ടച്ചച്ചോ! കാണരശ്ശിന്നതു നരനിരയാം
ചന്ദനം ചന്ദ്രലേഖേ! 6

അത്ര 'പതംഗദ്യുതിവിതതിമയേ' ഇത്യത്ര തകാരസ്യൈകവ്യഞ്ജനസ്യ അസകൃത്സാദൃശ്യം. 'മണിച്ചാണമേലേണനേത്രേ' ഇത്യത്ര ണകാരസ്യ ച. 'ചന്ദനം ചന്ദ്രലേഖേ' ഇത്യത്ര അനേകവ്യഞ്ജനസ്യ ഏകധാ സകൃത്സാദൃശ്യം. 'തുഹിനകരൻ കിങ്കരൻ തൻകരംകൊണ്ടു'' ഇത്യത്ര കകാരരേഫാത്മകസ്യ വ്യഞ്ജന(സ)മുദായത്രയസ്യ പരസ്പരസാദൃശ്യമിതി ഭേദത്രയമപി ദ്രഷ്ടവ്യം.

മണ്മേലുന്മേഷി വെണ്മാലതിമലരിൽ നില-
ച്ചമ്പില ച്ചമ്പകൗഘം
തന്മേൽ മേന്മേലുരുമ്മിപ്പ(ര)മുലകിൽ വിത-
ച്ചാമ്പൽതൻ പൂമ്പരാഗാൻ
കമ്രേ നമ്രേ നവാമ്രേ തടവി വടിവിനോ-
ടാഗതാനന്തിനേരം
മമ്മാ! രമ്യാംഗി! സമ്മാനയ മലയസമീ-
രാങ്കുരാൻ § കെങ്കയമ്മേ! 7

ഇത്യാദയോഽനുപ്രാസ-വൃത്ത്യനുപ്രാസഭംഗിവിശേഷാഃ.

* ലാടാനുപ്രാസം

(3)

വിധ്യുദ്ദേശാദിയോഗത്താൽ പ്രവിഭിന്നാസമന്വയം
(ഏ)കാൎത്ഥശബ്ദസാമ്യം യല്ലാടാനുപ്രാസമാമതു.

യഥാ —

രവിവൎമ്മനരേന്ദ്രപാലിതാനാം
അനുകൂലാഃ പരിപന്ഥിനോ ജനാനാം.
രവിവൎമ്മനരേന്ദ്രവൈരഭാജാം
അനുകൂലാഃ പരിപന്ഥിനോ ജനാനാം. 8

അത്ര പൂവ്വാർദ്ധേ 'പരിപന്ഥിന ഉദ്ദിശ്യ അനുകൂലത്വം വിധീയതേ. ഉത്തരാർദ്ധേഽനുകൂലാൻ ഉദ്ദിശ്യ പരിപന്ഥിത്വം വിധീയതേ ഇത്യന്വയഭേദഃ. ജനാനാമിത്യസ്യ തു "പാലിതാനാം, വൈരഭാജാം" ഇതി വിശേഷണഭേദാദ് അന്വയഭേദഃ. തഥൈവ രവിവൎമ്മനരേന്ദ്രശബ്ദസ്യ പാലനവൈരലക്ഷണസംബന്ധിഭേദാദ് അന്വയഭേദഃ.

§ 'സമീപാങ്കുരാൻ' എന്നു ഗ്രന്ഥപാഠം.

ത്രൈലോക്യനാഥനിടിലാനലസംഹൃതാത്മാ
സംകല്പയോനിരളിചൂഷിതബാണസാരഃ
നീലാരവിന്ദനയനേ! നയനേ ത്വദീയേ
ശസ്ത്രം വിധായ വിദധാതി വശേ ജഗന്തി. 9

അത്ര 'നയനേ നയനേ' ഇത്യത്ര പ്രത്യയാംശസ്യ ഭിന്നത്വേഽപി തദപേക്ഷയാ പ്രാതിപദികസാമ്യസ്യാധിക്യപ്രതീതേഃ ലാടാനുപ്രാസത്വമേവ.

* യമകം

(4)

വിഭിന്നാർത്ഥങ്ങളായുള്ള വർണ്ണങ്ങൾക്കു പുനഃ ശ്രുതി
താദൃശീ യമകം പ്രോക്തം ഭിന്നമാവൃത്തികൊണ്ടതു്

യഥാ—

ആകാശം കേവലന്തേ വിഷമഹിതഭുജ-
ങ്ഗങ്ങളംഗേ ദുകിൽച്ചാ-
ത്താകാശം കേവലംതേ വിഷമനയന! കേ-
ളെങ്കിലും തിങ്കൾമൗലേ!
ഏകീഭാവം കണക്കേ പരിചിതസുഖദം
മറവു കണ്ടീലിതിന്നി-
ന്നേകീഭാവം കണക്കേ പരിചിതു (തി)രുവേ-
കപ്പൂരത്തമ്പിരാനേ! 10

കലാമണീ! കേൾ തവ ഫാലമിന്ദോഃ
കലാമണീചാഞ്ചിതവേണി വാണീ
കലാമണീ വാമദൃശാം മനോ നിൻ-
കലാമണീയാ ദ്യുതി വിശ്വയുന്നാം 11

ഇദം ചതുരാവൃത്തിയമകം.

കാന്തേഷു വാസന്തദിനേഷു കാന്തേ!
പൂന്തേന്മണീ! ചമ്പകപാടലേഷു
ഞാന്തേടിനേൻ നിൻ വിരഹേ ദവാഗ്നിം
പൂന്തേന്മണീ ചമ്പകപാടലേഷു. 12

ഇദം പാദാവൃത്തി.

ഇത്യേഷാ യമകഭേദസ്യ ദിഗ് ദ്രഷ്ടവ്യാ.

* പുനരുക്തവദാഭാസം

(5)

പുനരുക്തവദാഭാസമലംകാരമതാമുഖേ
വിഭിന്നാകാരശബ്ദങ്ങളേകാൎത്ഥത്വേന തോന്നുകിൽ.

യഥാ—

അതിനിൎമ്മലധവളയശാ
രവിഭാനുപ്രതി(മ)പൗരുഷാവാസഃ
വിഹിതാഹിതസംഹാരോ
രവി(വ)ൎമ്മായം വിഭാതി നൃപരാജഃ 13

(6)

ചിത്രാണാം നീരസത്വംകൊണ്ടത്ര നൈവ നിരൂപണം
അൎത്ഥാലങ്കാരസംക്ഷേപഃ ക്രിയതേऽതഃ പരം മയാ.

(7)

സമാനമായ ധൎമ്മംകൊണ്ടുപമാനോപമേയയോഃ
കാവ്യേ നിബദ്ധം സംബന്ധമുപമാലംകൃതിൎമ്മതാ.

(8)

ഇന്നാലവയവങ്ങൾക്കും ശബ്ദേനോപാത്തതാ യദി
പൂൎണ്ണയാം ഗമ്യമാനത്വേ കസ്യചില്ലുപ്തയാ(മത്തു്).

തത്ര പൂർണ്ണോപമാ യഥാ-

ശ്രീമത്താമൊൻകടമുൻ(?)പുനരിരവികവി
    പ്രൗഢർ മറവുന്നിരൂഢ-
പ്രേമസ്തോമം കളിച്ചീടിന കളിനിലമി-
    പ്പൂതിവാ ജാതശോഭം
നാമിപ്പോരുന്നതെല്ലാം പരമൊരു പരിഹാ-
    സാസ്വദങ്ങളൊങ്ക ത്തിങ്ങി-
ത്തുമപ്പാടീടമിക്കും ത്തുറയിലൊരു മുറി-
    ത്തോണി കാണായപോലെ. 14

അത്ര വക്ത്രഃ കവേരധ്ഷ്ഠിന്നായാ നാവശ്ച പരിഹാസാസ്വദത്വേന സമാനേന ധർമ്മേണ സാദൃശ്യലക്ഷണഃ സംബന്ധോ വാക്യാർത്ഥഃ.

ലുപ്തോപമാ യഥാ—

സരസിജമുകുളേ മനോഭിരാമേ
ദിനകരബാലമയൂഖരേഖ പോലെ
അയി തവ മുലമേലണിഞ്ഞതാരി-
ന്നഭിനവരത്നശലാക രത്നവേണി! 15

സമാനധർമ്മലോപേ ലുപ്തൈഷാ. അത്ര സ്തനസ്യ സരസിജമുകുളസ്യ ച വൃത്തോന്നതം സ്ഥൂലമൂലഞ്ച സംസ്ഥാനം സമാനധർമ്മഃ. അഭിനവരത്നശലാകാത്വേന അധ്യവസിതായാ നഖരേഖായാഃ ദിനകര-ബാലമയൂഖരേഖായാശ്ച സൂക്ഷ്മദീർഘസംസ്ഥാനം താമ്രവർണ്ണശ്ച സമാനധർമ്മഃ. തദുഭയമപി അർത്ഥസാമർത്ഥ്യാത് ഗമ്യതേ.

യഥാ വാ—

വൃന്ദാരകാനോകഹസോദരസ്തേ
ബാഹുര്യശശ്ചന്ദ്രകരാവദാതഃ
ശൗര്യാംബുരാശേ രവിവർമ്മഭൂപ!
കോ നാമ ലോകേ ഭവതസ്സധർമ്മാ. 16

അത്ര പൂർവ്വവാക്യേ സർവ്വകാമപ്രദത്വസ്യ സമാനധർമ്മസ്യ [illegible] ദ്വിതീയവാക്യേ തു ഉപമാദ്യോതകസ്യ ലോപഃ. തൃതീയവാക്യേ തു ഉപമാനസ്യ സമാനധർമ്മസ്യ ച ലോപഃ. തത്രോപമാനസ്യ കോ നാമേതി ഭംഗ്യാ നിഷിദ്ധസ്യ അവിവക്ഷിതത്വം ലോപഃ. 'ഗമ്യമാനത്വേ കസ്യചിത്'' ഇത്യത്ര ഗമ്യമാനം അവിവക്ഷിതസ്യാപ്യുപലക്ഷണം. സമാനധർമ്മസ്തു നിർദ്ദോഷാണാം ഗുണാനാം പരിപൂർത്തിഃ പ്രസ്താവാൽ ഗമ്യതേ. 'ജലധിമണിച്ചാണമേലേണനേത്രേ' ഇത്യത്ര ഏണനേത്ര ഇതി 'ത്രി'ലോപേ ലുപ്തോപമാ. ഏണസ്യ നേത്രേ ഏണനേത്രേ ഇതി തത്ര പൂർവ്വം സമാസഃ. ഏണനേത്രേ ഇവ നേത്രേ യസ്യാഃ ഇതി പശ്ചാൽ വിഗ്രഹഃ. തത്രോപമാനവാചകസ്യ പൂർവ്വസമാസോത്തരപദസ്യ നേത്രശബ്ദസ്യ സമാസവശാത് ലോപഃ. ഇവശബ്ദസ്യ ച നിവൃത്തിഃ. സംസ്ഥാനവിശേഷരൂപഃ സമാനധർമ്മശ്ചാർത്ഥശക്ത്യാ ഗമ്യതേ ഇതി ത്രിലോപഃ. കസ്യചിത് ഇതി കാരികാഗതമേകവചനം അവിവക്ഷിതം. ഇത്യേഷാ ലുപ്തോപമായാ ദിഗ്ദ്രഷ്ടവ്യാ.

(9)

ഉപലക്ഷണയോർബിംബപ്രതിബിംബത കുത്രചിത്
തുല്യധർമ്മം തഥാ സാമ്യം അർത്ഥശക്ത്യാ വരും ക്വചിത്.

ബിംബപ്രതിബിംബഭാവേന സ്ഥിതസ്സമാനധർമ്മോ യഥാ--

നക്ഷത്രാണാം നികായം ഗഗനമരതക-
ത്തുമലർപ്പാലികായാ-
മൊക്കച്ചിക്കിപ്പുരത്തിപ്പുരിചൊടിത സമാ-
യാതി സന്ധ്യാ ദിനാന്തേ
മയ്യൂണ്ണാർമൗലിമാലയ്ക്കിഫ മരതകമാ-
ലയ്ക്കു മാലയ്ക്കു പൂവും
കയ്യ്കൊണ്ടെൻതോഴീ! ചന്തം തടവിവരുമിള-
ന്തോഴിതാനെന്ന പോലെ.

അത്ര സഖീസന്ധ്യയോഃ സാദൃശ്യഹേതുരുഭയത്രാനുഗതഃ കശ്ചിത് ധർമ്മോ ന വിദ്യതേ. കിന്തു സഖ്യാ ഉപലക്ഷണഭൂതാനി യാനി പുഷ്പാണി തത്സ്ഥാനീയതയാ സന്ധ്യായാഃ നക്ഷത്രാണി വിദ്യന്തേ. തതശ്ച ഉപലക്ഷണഭൂതാനാം പുഷ്പാണാം നക്ഷത്രാണാം ച ഉജ്ജ്വലവർണ്ണത്വാദിജനിതപരസ്പരസാദൃശ്യാപരപര്യ്യായോ ബിംബപ്രതിബിംബഭാവഃ സമാനധർമ്മതയാ സ്ഥിതഃ സഖീസന്ധ്യയോരു(പ)മാം പ്രയോജയതി. അത്ര മരതകോപാദാനം 'ഗഗനമരതകത്തൂമലപ്പാലികായാ'മിതി രൂപകമവ്യത്രോപകുരുതേ. അത്ര മരതകോപാദാനം വർണ്ണതോ ഗഗനസാമ്യാർത്ഥം. നാത്ര ദിനാന്തസമായാനമാത്രം സമാനധർമ്മഃ. 'പൂവും കൈകൊണ്ടി'തി വിശേഷണസ്യ ആധിക്യപ്രസംഗാത്. ദിനാന്തസമായാനസ്യ സഖീധർമ്മത്വേനാനിയതത്വാച്ച.

അർത്ഥസാമർത്ഥ്യാക്ഷിപ്തം സാദൃശ്യം യഥാ—

കാക്കും കാകമ്മിക്കേകും പുരികുഴൽ, കമല-
ത്താരൊടും കാതൊടും ചെ-
ന്നേ(ൽ)ക്കും ചേർക്കൺ, കൊടുക്കും വിന കമല-
ക്ക(?)മ്മുലക്കുന്നു രണ്ടും *f*
തേക്കും ചേക്കും വിഷാദം തിറവിയ ജ്വലന-
പ്രൗഢി, കുംഭീന്ദ്രഗർവം
പോക്കും പോക്കാക്ക വാഴ്ത്താവിതു തവ വപുരു-
ത്തീർണ്ണമുത്താടമാദേ! 18

അത്ര ക്രമാൽ പഞ്ചസു വാക്യേഷു അതിക്രമണ-വിരോധ-ദുഃഖദാന-വിഷാദാപാദന-ഗർവ്വാപനയനരൂപാ അർത്ഥാഃ നായികാവർണ്ണനാത്മകപ്രകരണശക്ത്യാ സാദൃശ്യേ പര്യവസ്യന്തി. ആദ്യേ വാക്യദ്വയേ ശ്ലേഷോ*f*പി സംകീർയ്യതേ.

* അനന്വയം, ഉപമേയോപമ

(10)

ഉപമാനോപമേയങ്ങളൊന്നായാകിലനന്വയം
വാക്യാന്തരേ പകർന്നീടിലുപമേയോപമാ ഭവേത്.

---

*f* 'വിന കനകമലയ്ക്കുമ്മുലക്കുന്നു രണ്ടും' എന്ന് ആയിരിക്കമോ?—പ്ര.

അനന്വയോ യഥാ–

ഗുണൈർല്ലോകോത്തരൈരസ്തൈസ്തൈഃ
കീർത്തിം വിതന്വതേതരാം
രവിവർമ്മമഹീപാല!
ഭവാനിവ ഭവാൻ പ്രഭോ! 19

ഉപര്യുപരി കീർത്തിപ്രസരണനിദാനഭൂതൈഃ ലോകോത്തരൈഃ ഗുണഗണൈർവ്വിശിഷ്ടത്വാത് ഭവതഃ കിമപ്യുപമാനം ന വിദ്യത ഇതി ഭാവഃ. അത്ര ഉപമാനോപമേയയോഃ വസ്തുതഃ ഏകത്വേഽപി ശബ്ദോപാധിദ്വാരാ പ്രമുഖപ്രതീതം ഭേദം അശ്രിത്യ അലങ്കാരനിർവ്വാഹഃ. അഥ വിമർശദശായാം ഏകസ്യൈവ വിരുദ്ധധർമ്മസംസർഗ്ഗോഽനുപപദ്യമാനഃ സദൃശവസ്ത്വന്തരനിഷേധേ പര്യ്യവസ്യതി.

ഉപമേയോപമാ യഥാ—

സഞ്ചിന്തിതേ സകലലോകസമസ്തകാമ–
സംപാദനേ പ്രതിദിനം രവിവർമ്മഭൂപ!
കല്പദ്രുമേണ സദൃശസ്തവ ബാഹുരേഷ
കല്പദ്രുമോഽപി ഭജതേ തവ ബാഹുസാമ്യം. 20

യദ്യത്ര കല്പദ്രുമം പ്രാകരണികഃ കല്പദ്രുമഃ കദാചിദുപമാനം അപേക്ഷേത തർഹി തവ ബാഹുരേവ തദ്ഭരസഹഃ. ഏവഞ്ച തവ ബാഹോഃ കല്പദ്രുമം വിനാ കിമപ്യുപമാനം ന വിദ്യതേ ഇതി ഭാവഃ.

* സ്മരണം

(11)

തുല്യാർത്ഥസംപ്രയോഗംകൊണ്ടുദ്ബുദ്ധം യത്ര ജായതേ
തുല്യാനുഭൂതിജനിതസംസ്കാരം സ്മരണം ഹി തത്.

യഥാ—

പേടിച്ചീടുവനെത്രയും ബത സഖേ,
വേഴാമ്പൽനാഥൻ മുതിർ-
ന്നാടിക്കോടയിലാമ്പൽനാഥനെ മറ-
പ്പാൻ ചെന്നടുക്കും വിധൗ
മൂടിക്കൊണ്ടു മുഖാരവിന്ദമിരിംകേ-
ശംകൊണ്ടിളാമേനക-
പ്പേടക്കോകിലവാണി കോപമൊരുനാം
*f*കയ്യെക്കൊണ്ടു ഞാൻ * * * 21

അത്ര ശങ്കാജനക)ത്വേനാനുഭൂതം നായികായാഃ അമർഷ-സൂചകം കേശപാശേന മുഖസംവരണം പ്രസാദനവ്യാപാരേണ കോപേ ശാന്തേ വിസ്മൃതം, ബീജാങ്കുരവത് വാസനാരൂപേണ ചിത്തേ നിലീനം, പുനഃ കാലാന്തരേ മേഘമണ്ഡലേന ചന്ദ്ര-മണ്ഡലപിധാനസ്യ സദൃശവസ്തുനഃ സന്ദർശനേനോദ്ബോദ്ധ്യതേ. ഭാവാർദ്രേ ചേതസി വിഗളിതവേദ്യാന്തരേ അനുഭവദശാതന്മയതാം ഉപാഗതേ സ്മരണേ*f*നുഭവഭ്രമേണ തസ്യാമപി ദശായാം ശംകാ-നിഷ്പത്തിഃ.

തുല്യാർത്ഥസംപ്രയോഗം വിനാ സ്മരണം നായമലംകാരഃ.

യഥാ—

ഏകാന്തത്തിലിരുന്നുഃശേഷഭുവനാ-
ധാരമ്മനക്കാമ്പുകൊ-
ണ്ടേകദൈവതമിന്ദുപോതകലികാ-
ചൂഡം നിനയ്ക്കും വിധൗ
നീംകണ്ണാളൊടിരത്തിളമ്മട്ടുമലർ
പ്പെണ്ണോടു കണ്ണോല്ലല-
ത്താർകൊണ്ടമ്പിലൊരേറുകൊണ്ടതു സഖേ!
തേന്നീടുമെന്മാനസേ. 22

അത്ര നായികാലംബനേ രത്യാഖ്യേ ഭാവേ വ്യഭിചാരിത്വേന നിലീനസ്മൃതിഃ ചിത്തസ്യ ബാഹ്യവ്യാപാരപരിത്യാഗേന വിവിക്തപ്രദേശശ്രയണേന ച ഉദ്ബുദ്ധ്യതേ.

---

*f* 'കൈക്കൊണ്ടതോൎക്കുന്നു ഞാൻ' എന്നായിരിക്കാം—പ്ര.

* രൂപകം

(12)

സാമാനാധികരണ്യംകൊണ്ടുപമാനോപമേയയോഃ
അഭേദം യത്ര ഫലതി രൂപകം തദുദാഹൃതം.

(13)

സമസ്തവസ്തുവിഷയമേകദേശവിവത്തിയും
കേവലം മാലയും ഭേദാ പരമ്പരിതവും തഥാ.

സമസ്തവസ്തുവിഷയം രൂപകം യഥാ—

ചേണാറീട്ടഞ്ചതുസ്സാഗരസലിലനദം-
പട്ടുടുത്തോരു ബാല-
ക്ഷോണിപ്പെണ്ണിന്നു മാരക്ഷിതിരമണനണി-
ഞ്ഞോരു മാണിക്കമാലേ!
കാണിക്കാലം കടക്കൺ കലയ മയി മുദാ
മന്മനക്കാമ്പശേഷം
കാണിക്കാ വെച്ചിതല്ലാ മലരടി തൊഴുതേൻ
മാരചിന്താമണീ! ഞാൻ. 23

അത്ര 'മാണിക്കമാലേ!' ഇത്യുപമാനവാചകസ്യ ലക്ഷണാവൃത്ത്യാ 'മാരചിന്താമണീ'ത്യുപമേയവാചകേന സാമാനാധികരണ്യം. തച്ച തയോഃ സാദൃശ്യാശേഷതുപമഭേദം പ്രതിപാദയതി. മാണിക്ക-(മാലേയം?മാലായാം) മാണിക്കമാലാശബ്ദപ്രവൃത്തിനിമിത്തസ്യ ധമ്മസ്യ സ്ഫുടോപലംഭാത് വൈധമ്മ്യ കിഞ്ചിന്മാത്രേ സത്യപി അവാന്തരവിശേഷതോപാപത്തേശ്ച തദ്വ്യവഹാര ഏവാസ്യാം യുജ്യതേ. നതു സാദൃശ്യമാത്രകഥനമിതി വിവക്ഷാപ്രതീതേഃ. ഏവഞ്ച നായികായാം മാണിക്യമാലാത്വം ആരോപിതം ഭവതി. തത്ര ശോഭാഹേതുത്വം പ്രസിദ്ധമാണിക്യമാലായാഃ. കിഞ്ചിന്മാത്രേ രൂപസമാനസംബന്ധോ നിമിത്തം. ലോഭനീയത്വാദി ച വ്യംഗ്യം. സാ ച മാണിക്കമാലാ കാഞ്ചിദലങ്കാര്യ്യാം ബാലാം അപേക്ഷതേ. നായികയാ ച ക്ഷോണിരലംകൃതാ. അതോƒലങ്കാര്യ്യത്വസാമ്യേന

ക്ഷോണ്യാം ബാലാത്വം ആരോപിതം. താദൃശീ ച ബാലാ സ്വാനുകൂലദുകൂലപരിധാനേന ശോഭതേ. ക്ഷോണീ ച സാഗരേണ തഥാ വേഷ്ടിതാ. അതഃ സാഗരേ ദുകൂലത്വമാരോപിതം. തത്ര ച വേഷ്ടനപരിധാനേ ബിംബപ്രതിബിംബഭാവേന സ്ഥിതഃ സമാന-ധൎമ്മഃ. തയോശ്ച വൎത്തുളസംസ്ഥാനവിശിഷ്ടം ആവരണം ബിംബ-പ്രതിബിംബതാഹേതുഃ. അനേനാരോപേണ ക്ഷോണ്യാ അഖണ്ഡ-ത്വം ദ്യോതയതാ നായികായാ മൎത്ത്യലോകാതിശായിതാ വ്യജ്യതേ. വേഷ്ടനഞ്ച പരിധാനത്വേന അധ്യവസിതം രൂപകമനുഗൃഹ്ണാതി. താദൃശ്യാ ബാലായാഃ ഭൂഷണം (തദ്ഗപിതര? താദൃഗപിതരണ)-പൎയ്യാപ്തപ്രഭുശക്തിമതാ കാന്തേന ആമുക്തമേവ തഥാത്വം ഭജതേ. നായികാ ച വിലാസാവിഷ്കരണേന ലോഭനീയത്വം ആപാദയതാ മാരേണ ക്ഷോണീഭൂഷണം കൃതാ. അതോ മാരേ ക്ഷിതിരമണത്വം ആരോപിതം. ക്ഷിതിരമണശബ്ദേന പ്രഭുത്വാ ക്ഷിതേഃ കാന്തത്വഞ്ച വിവക്ഷിതം. ഭൂഷണകരണഞ്ച ഭൂഷണാമോചനത്വേനാധ്യവസിതം 'അണിഞ്ഞൊരു മാണിക്കമാലേ' ഇതി. ഏവഞ്ച ഉപമേയാംഗ-ഭൂതേഷു പദാൎത്ഥേഷു പ്രത്യേകമുപമാനാംഗാനാം ആരോപാദ് ഇദം സമസ്തവസ്തുവിഷയം രൂപകം. സമസ്താനി രൂപ്യത്വേന അഭിമതാനി വസ്തൂനി സ്വശബ്ദോപാത്താനി വിഷയോഽസ്യേതി.

ഏകദേശവിവൎത്തിരൂപകം യഥാ—

നേരത്തുരോജകലശങ്ങളുമാടി നൽത്തേ-
ന്നേരൊത്ത വായ്ക്കുരുതി നൽകുവനെന്നിവണ്ണം
മാരജ്വരം കിമപി മാറുമിനി(ക്ക) നീ താ-
ന്മാറത്തു തുട്ടു f മമ നേരുകിൽ മാരലേഖേ! 24

അത്ര ഉരോജയോഃ കലശത്വമാരോപിതം. സംസ്ഥാനവിശേഷഃ സമാനധൎമ്മഃ. 'ആടി' ഇതി ആശ്ലേഷാനുകൂല്യേന സൎപ്പണം സ്നപന-ത്വേന അധ്യവസിതം. അധരേ ച രക്തജലത്വമാരോപിതം. താമ്രോ വൎണ്ണഃ സമാനധൎമ്മഃ. ഏവം ഉപാത്തസ്യ രൂപകദ്വയസ്യ

f 'തൊട്ടു' എന്നായിരിക്കാമോ?—പ്ര.

ശക്ത്യാ മാരേ ബലികാമഗ്രഹത്വാരോപോ നായികായാം ആശ്രി(താ)ത്വാരോപശ്ച അത്ഥാൽ സിധ്യതഃ. ജ്വരോത്പാദനേ ശമനേ ച സമാനധമ്മഃ. പ്രതിക്രിയായാ അകരണേ മാരകത്വം, പ്രതിക്രിയായാ ഈഷത്കരത്വം ച വ്യംഗ്യം. 'നേരുകിലിതി' സത്യവചനം ദേവതാപ്രീതിഹേതുഃ ശപഥത്വേന അധ്യവസിതം. തച്ച ആരോപിതധമ്മത്വാദ് ആത്ഥം രൂപകം അനുഗൃഹ്ണാതി. ഏവമാരോപ്യമാണസ്യ ക്വചിദ് ശാബ്ദത്വം; ക്വചിദ് ആത്ഥത്വം; ഇത്യേകദേശവിവത്തിരൂപകമിദം. ഏകദേശേ സ്വശബ്ദാപാദാദ് വിശേഷേണ വത്തത ഇതി.

കേവലരൂപകം യഥാ—

രവിവമ്മനരേന്ദ്രകീത്തിലക്ഷ്മീ-
മയചന്ദ്രാതപദീപിതേ ദിഗന്തേ
പരമിഷ്ടജനേന (വി)പ്രയുക്താഃ
പരിതാപം പരിപന്ഥിനോ ലഭന്തേ. 25

അത്ര കീത്തിലക്ഷ്മ്യാഃ ചന്ദ്രാതപത്വമാരോപ്യതേ. ധാവള്യം സമാനധമ്മഃ. തച്ച കീത്തേഃ കവിസമയസിദ്ധം. ഇഷ്ടജനേനേതി ശ്ലിഷ്ടം. ഏതത് സമസ്തം ഉപമാനോപമേയയോഃ ഏകപദസ്ഥത്വാത്.

യഥാ വാ—

ചാരുശ്രീമ്മാലി(?)ബാലക്കളർമുല നിഴലി-
ച്ചീലതിന്മുന്നമേ കാൺ
വാരിക്കോരിച്ചൊരിഞ്ഞാരഴകിതു പരിതാ-
പോദയം മാനവാനാം;
മാറിൽച്ചൊൽക്കൊണ്ടു തയ്യല്ലാങ്കകളിനി വളരു-
ന്നാളിലെന്നല്ല മമ്മാ!
മാരക്ഷ്മാപാലനീരേഴലകൊരു പടിമേ
ല്പാവ ലാവണ്യകേളീ! 26

അത്ര ഭുവനേ യന്ത്രപുത്രികാത്വം ആരോപിതം. തച്ച വ്യസ്തം തയോഃ ഭിന്നപദസ്ഥത്വാത്. വശവൎത്തിത്വം സമാനധൎമ്മഃ. 'ഈരേഴുലകിതി' തദ്വാസിനോ ജനാ ലക്ഷ്യന്തേ. സാകല്യപ്രതീതിഃ ഫലം.

മാലാരൂപകം യഥാ—

നിൎമ്മാതുന്നിരവദ്യരത്നരചനാസീമയ്ക്കു മാമന്മഥ-
ബ്രഹ്മാനന്ദസുധാതരംഗിണിതന്നിക്കല്ലാനലീലാനിധേഃ
കന്മാഷം തുടരാത വെണ്മതികലഃയ്ക്കുഴാഴിനീർ ചൂഴുമി-
മ്മണ്മേൽ മാന്തരുമാക്കു് മാരവിരുതിന്നുള്ളോന്നു മന്മാനസം. 27

അത്രൈകസ്മിൻ വിഷയേ ബഹൂനാം ആരോപിതത്വാത് മാലാരൂപകം. 'കന്മാഷം തുടരാത വെണ്മതികലയ്ക്കു്' ഇതി സവിശേഷണം രൂപകം.

പരമ്പരിതരൂപകം യഥാ—

പന്തെ വെന്ന മുല കൈവരും വിധൗ
ഹന്ത! വേണമൊഴി! ബാണനാക ഞാൻ
ഇന്ദ്രനാക വദനാവലോകനേ
ചന്ദ്രികേ! യുവചകോരചന്ദ്രികേ! 28

* സന്ദേഹം

(14)

ആരോപിതാൎത്ഥകോടിസ്ഥവിഷയാരോപിതാന്തരം
സംശയിക്കപ്പെടുന്നാകിൽ സന്ദേഹാലംകൃതിൎഭവേൽ.

ആരോപിതവിഷയകോടിഗതഃ സംശയോ യഥാ—

പൊഴിഞ്ഞിതോ ശാരദചന്ദ്രമണ്ഡലം
പിഴിഞ്ഞു പീയൂഷരസം മദംഗകേ?

ക(ഴി)ഞ്ഞ രാവൻപൊട്ട നീ(?)[1] പൂവിൽ[2] മെയ്
ക(ഴ)ഞ്ഞുഴിഞ്ഞെങ്കൽ മൃദാ കലന്റതോ? 29

അത്ര വിശിഷ്ടപീയൂഷരസോ നായികാതനുശ്ച സംശയസ്യ കോടിദ്വയത്വേനോപാത്തൗ. തയോർവ്വിധേയത്വാദ് അന്യത്ര ശ്രുതോഽപി സന്ദേഹഃ തത്ര പര്യവസ്യതി. സ്പർശമാത്രേണാഹ്ലാദാതിശയജനനരൂപഃ സമാനധർമ്മഃ സംശയസ്യ നിമിത്തം.

ആരോപിതാരോപിതാന്തരഗതഃ സംശയോ യഥാ—

കല്പദ്രുമഃ കിമയമാശ്രിതമർത്ത്യലോകഃ
കിം വാ ഗൃഹീതമധുരാകൃതിരംഗജന്മാ
സാക്ഷാൽ പുരാരിരഥവേതി ഗുണൗഘശാലീ
ഡോളായതേ ഹൃദി നൃണാം രവിവർമ്മഭൂപഃ. 30

അത്ര രാജവിഷയേ പ്രഥമം കല്പദ്രുമ ആരോപിതഃ. തതോഽംഗജന്മാ, തതഃ പുരാരിഃ, തേ പരസ്പരം സംശയകോടിത്വേന നിർദ്ദിഷ്ടാഃ. കല്പദ്രുമാരോപേ വദാന്യതാ സമാനധർമ്മഃ. അംഗജന്മാരോപേ രൂപമാധുര്യ്യം. പരത്ര വിദ്യാശൗര്യ്യാദയഃ. ത ഏവ ഗുണൗഘശബ്ദേന വിവക്ഷിതാഃ. സംശയസ്യ ആരോപമൂലത്വാദ് ആരോപസ്യ ച ബുദ്ധിപൂർവ്വത്വാത് നാത്ര ഭ്രാന്തിഃ. ലോകോത്തരഗുണവിശിഷ്ടത്വാത് സ്ഥൂലദൃഷ്ട്യാ പ്രാകൃതജനസിദ്ധേന രൂപേണ നാസൗ വ്യവഹാരയോഗ്യ ഇതി രൂപാന്തരാണി അപരിതോഷാത് വി(ക)ല്പ്യന്തേ ഇതി വാക്യാർത്ഥഃ.

* ഭ്രാന്തിമാൻ-അപഹ്നുതി.

(15)

വസ്ത്വന്തരതയാ ജ്ഞാതം ഭ്രാന്തിമാൻ സാമ്യഹേതുകം
അപഹ്നുതി പ്രസ്തുതാർത്ഥം നിഷേധിച്ചന്യസാധനം.

---

1 'നീവി' എന്നു് ആയിരിക്കാമോ—പ്ര.
2 'പൂവൽ മെയ്' എന്നായിരിക്കാമോ—പ്ര.

തത്ര ഭ്രാന്തിമാൻ യഥാ—

ആതുംഗമാഞ്ഞൊഞ്ഞട തന്നിലേന്തും
നേർത്തിങ്കൾ തേങ്ങാവളയെന്നു ചൊല്ലി[1]
കാതും പിടിച്ചരനുടേ ചുമലേറി നോക്കും
മാതംഗവക്ത്രനിത കൈതൊഴുന്നേൻ. 31

അത്ര സാധാരണോ വർണ്ണഃ സംസ്ഥാനഞ്ച ചന്ദ്രകലായാം നാളികേരഖണ്ഡഭ്രമം പ്രയോജയതഃ. സ്വാദിഷ്ഠദ്രവ്യലോലുപത്വനിബന്ധനം ബാലചാപലം വ്യംഗ്യം.

അപഹ്നുതിര്യഥാ—

ഏതന്മഹേന്ദ്രമണികാന്തമനംഗബന്ധോ!
താരാപതേർ ഹരിണലക്ഷ്മ ന ലക്ഷ്യമാണം;
അന്തസ്ത്വയാ പ്രിയതമാവിരഹാർത്തിഭാജാം
സന്താപദായി നിഹിതം ഖലു കാളകൂടം. 32

അത്ര പ്രസ്തുതം ഹരിണലക്ഷ്മ നിഷിദ്ധ്യ കാളകൂടം സാദ്ധ്യതേ. തത്ര നിഷേധാക്ഷിപ്തായാഃ പ്രാപ്തേഃ നിഷേധസ്യ ച വിരോധേന പ്രസ്താവേന ബലീയസീ പ്രാപ്തിഃ നിഷേധം ബാധിത്വാ പ്രസ്തുതാതിശയസമർപ്പണേ പര്യവസായയതി.[2] വ്യക്ത്യന്തരാനുപലബ്ധധർമ്മവിശേഷസംബന്ധാൽ സാമാന്യാന്തർഭാവസ്യ നിഷേധവിഷയത്വപ്രതീതേഃ. തതശ്ച സാദ്ധ്യമാനം ആരോപിതം പര്യവസ്യതി. അതോഽത്രാപ്യാരോപമൂലത്വാത് ന ഭ്രാന്തിപ്രസംഗഃ. അത്ര ച ആരോപേ സാധാരണോ വർണ്ണോ ദാഹശക്തിശ്ച നിമിത്തം. ദാഹശ്ച ചന്ദ്രപ്രഭായാം ഉപലബ്ധോഽന്യഥാനുപപത്ത്യാ കാളകൂടത്വാരോപേ തഥോപപത്ത്യാ ച കളങ്കോപാധിത്വേന പരികല്പിതഃ.

---

1 വൃത്തഭേദം.
2 പര്യവസ്യതി എന്നു മതി.

## * ഉത്‌പ്രേക്ഷാ

(16)

കല്പിതാപ്രസ്തുതത്വേന പ്രസ്തുതസ്യ യദൂഹനം
ഉത്‌പ്രേക്ഷാ സാ സ്വരൂപസ്യ ധൎമ്മഹേത്വോഃ ഫലസ്യ വാ.

തത്ര സ്വരൂപോത്‌പ്രേക്ഷാ യഥാ —

സൂക്ഷ്മാവദാതാ നിശിതാഗ്രഭാഗാ
ശംഭോ! കപൎദ്ദേ തവ ചന്ദ്രലേഖാ
മന്ദാകിനീവീചികണാപ്ലുതായാഃ
നിത്യഞ്ജടായാഃ കലികേവ ഭാതി. 33

അത്ര പ്രസ്തുതാ ചന്ദ്രലേഖാ ജടാകലികാലക്ഷണേന അപ്രസ്തു(തത്വേ?തേ)ന സ്വരൂപാന്തരേണോത്‌പ്രേക്ഷ്യതേ. തസ്യ ച കല്പിതത്വം ജടായാം കലികായാ അത്യന്താഭാവാത്. അത ഏവ നേയമുപമാ. ഉപമായാം തു പ്രസിദ്ധേനോപമാനേ(ന) ഭവിതവ്യം. ഉത്‌പ്രേക്ഷായാം തു സംഭാവനാക്രോഡീകൃതമുപമാനം സാദ്ധ്യതയാ പരിഗൃഹ്യതേ. സൂക്ഷ്മത്വം അവദാതത്വം നിശിതാഗ്ര(ത്വ)ഞ്ച അത്ര സമാനധൎമ്മഃ.

യഥാ വാ—

അതിശയരമണീയാ രാമദേവീ! കണ്ണാ നിൻ
വദനശശികളങ്കം കാന്തി മുങ്ങിക്കലങ്ങി ¶
കുളുർമുലയിണമദ്ധ്യേ വീണുദാരശ്രിയാ വീ-
ണൊഴുകിന വഴിപോലെ രാജതേ രോമരാജിഃ. 34

അത്ര രോമരാജിഃ ശശികളങ്കത്വേന ഉത്‌പ്രേക്ഷ്യതേ. തസ്യ കല്പിതത്വം.(ച)ന്ദ്ര(?)കളങ്കസ്യ വദനേ ശശിത്വാരോപസിദ്ധത്വാൽ.

---

¶ 'കാന്തി മുങ്ങി' എന്നതിനു 'കാന്തി നീരിൽ' എന്നും, 'വീണൊഴുകിന' എന്നതിനു 'പോണൊഴുകിന' എന്നും അരുണ ലീലാതിലകപാഠം. ആ പാഠം മെച്ചം.
—പ്ര.

നീലിമാ തത്ര പ്രതീയമാനഃ സമാനധർമ്മഃ. ഉത്പ്രേക്ഷയാ ച വദനസ്യ നിഷ്കളങ്കത്വേന ചന്ദ്രാദ് വ്യതിരേകോ വ്യജ്യതേ.

യഥാ വാ—

സിന്ദൂരന്നീരസം; ചെന്തളിർ നിറമഴിയും;
കിംശുകം ഗന്ധഹീനം;
ബിംബം കയ്ക്കും; കഠോരം പവിഴമണി; ജപാ-
പുഷ്പമോ വാട്ടമല്ലോ;
സന്ധ്യാമേഘം പൊടിച്ചിട്ടതിലമൃതു കുഴ-
ച്ചിട്ടുരുട്ടി ക്രമത്താൽ
നീട്ടിക്കല്പിച്ചിതെന്നോ കരുതുവിനധരം
നാരണീനന്ദനായാഃ. 35

അത്ര അധരം വിശിഷ്ടസന്ധ്യാമേഘത്വേന ഉത്പ്രേക്ഷ്യതേ. തസ്യ കല്പിതത്വം സ്രഷ്ടുഃ ഭൗതികത്വനിയമാത്. തത്ര സിന്ദൂരാദീനാം നീരസത്വാദിനിബന്ധനനികർഷപ്രതിപാ(ദേ? ദനേ)ന ധ്വനിതോഽധരസ്യ സരസത്വാദിഗുണഃ സമാനധർമ്മഃ.

ധർമ്മോത്പ്രേക്ഷാ യഥാ—

നാകാംഗനാമധുരഗീതിഷു നന്ദനേ തേ
ദാനശ്രിയം പ്രകടിതാം രവിവർമ്മഭൂപ!
ശ്രുത്വാ പ്രസൂനഫലഭാ(ര)നതൈഃ ശിരോഭിഃ
പ്രായോ നതിം വിദധതേ തരവഃ സുരാണാം. 36

അത്ര സന്നിധൗ ദാ(ന)ശ്രീപ്രകടനരൂപാത് നിമിത്താത് സുരതരുഗതത്വേന നമസ്കാരവിധാനലക്ഷണോ ധർമ്മ ഉത്പ്രേക്ഷ്യതേ. തസ്യ കല്പിതത്വം സുരതരൂണാം സ്ഥാവരത്വാത്. സചേതനത്വേഽപി കരണശൂന്യത്വേന ശ്രവണപ്രഹ്വീഭാവയോഃ അസംഭവാത്. പ്രസിദ്ധധർമ്മാന്തരത്വാധിദേവതാസഹകൃതമേവ. ഭാരപ്രയുക്തം നമനമുത്പ്രേക്ഷായാ വിഷയഃ. തത്ര ച നമസ്കാ(രേ)ര ച സാധാരണ്യേനാനുഗതഃ പരിസ്പന്ദസന്ദോഹഃ സമാനധർമ്മഃ.

യഥാ വാ—

ആരൂഢപ്രേമഭാരാർദ്രമന്ഥരാലോലലോചനം
ഇദം തവ മുഖം തന്വി! വർഷതീവാമൃതം ദൃശോഃ. 37

അത്ര മുഖഗതത്വേന അമൃതവർഷണം ധർമ്മ ഉത്പ്രേക്ഷ്യതേ. ഭാവവിശേഷപ്രത്യായിതമാനുകൂല്യം പ്രതീയമാനോ വിഷയഃ. ആഹ്ലാദകത്വം ച സംഭവഃ സമാനോ ധർമ്മോ നിമിത്തം ആഹ്ലാദസ്യ അലൗകികത്വപ്രതീതിഃ ഫലം.

ഹേതൂത്പ്രേക്ഷാ യഥാ—

കഥയാപി(ച) ലജ്ജതേ ഭവാൻ
നിജയേതി വ്യഥയേവ ഗാഹതേ
രവിവർമ്മമഹീപതേ! ഭവദ്
ഗുണസാർത്ഥഃ സകലോ ദിഗന്തരം. 38

അത്ര ഗാഹനേന നിമിത്തേന വ്യഥാ തസ്യൈവ ഹേതുത്വേന ഉത്പ്രേക്ഷ്യതേ. തസ്യാഃ കല്പിതത്വം. തത്ര തയോർവ്വാസ്തവസ്യ ഹേതുഹേതുമത്ഭാവസ്യ അസംഭവാത്. വർദ്ധിഷ്ണുത്വാത് സംബാധ പ്രയുക്തമമാനം[1] വിഷയഃ. ഗാഹനം പ്രതി ഹേതുത്വം സമാന ധർമ്മഃ. യദ്യപ്യത്ര ഗുണസാർത്ഥകർത്തൃകദിഗന്തരഗാഹനമന്യത്, അന്യദേവ വ്യഥാഹേതുകം. തഥാപി തയോരഭേദാധ്യവസായാത് നിമിത്തതോപപത്തിഃ.

ഫലോത്പ്രേക്ഷാ യഥാ—

കീർത്തിഃ സമസ്താം ജഗതീം ജവേന
വിഗാഹതേ തേ രവിവർമ്മഭൂപ!
പരേത്യ യുദ്ധേ പരലോകപാന്ഥാൻ
പ്രായസ്സപത്നാൻ പ്രസഭം ഗ്രഹീതും. 39

1 അർത്ഥം വ്യക്തമാകുന്നില്ല.

അത്ര ഗ്രഹണം വിഗാഹനേന നിമിത്തേന[1] തസ്യൈവ ച ഫലത്വേനോത്പ്രേക്ഷ്യതേ. വർദ്ധിഷ്ണുത്വാസംബാധേന അഭീപ്സിതാപരതാപരതോഽവകാശലാഭം ആരോപിതോ വിഷയഃ. വിഗാഹനം പ്രതി സാധ്യഭാവഃ സമാനധർമ്മഃ.

നിർമ്മായം പ്രണയം നിറഞ്ഞു വഴിയുംപോലെ കപോലേ തെളി-
ഞ്ഞുന്മീലത്പുളകാങ്കുരാണി ചൊരിയും ധമ്മില്ലമാലാനതിതേ!
മർമ്മാ! മന്മഥതാണ്ഡവാനി മകളേ! ഞാൻ കണ്ടുതാവൃ മന-
സ്സമ്മോഹേന മയങ്ങി മാഴ്കുമവലോകാന്താനി കാന്താമണീ. 40

അത്ര യ(ദ്യ?ദ്യപ്യ)ത്പ്രേക്ഷാദ്യോതകസ്യ ക്രിയാരൂപേണ ധർമ്മേണാന്വയഃ തഥാപി നാസൗ ധർമ്മോത്പ്രേക്ഷാ. അത്ര പ്രണയഗതസ്യ ധർമ്മാന്തരസ്യ വിഷയത്വേ പുളകാങ്കുരാണാം അനന്വയഃ സ്യാത്. അതഃ പ്രണയശേഷസ്യൈവ വിഷയത്വം— പുളകാങ്കുരാണാം വിഷയത്വം. അത്രാമൂർത്തസ്യ പ്രണ(യ)സ്യ തഥാവിധസംഭാവനാനുപപത്തേഃ മൂർത്തത്വവിശേഷണം കല്പനീയം. തതശ്ചോന്മീലത്പുളകാങ്കുരസമുദായോഽന്തഃപൂർണ്ണത്വേന നിരവകാശതയാ ബഹിഃ നിർഗ്ഗളത് മൂർത്ത(ത)യാ പ്രണയശേഷ ഇവേതി സ്വരൂപോൽപ്രേക്ഷാ അത്ര ദ്രഷ്ടവ്യാ. അതഃ പ്രണയസൂചകത്വം സമാനധർമ്മഃ. തച്ച പുളകാങ്കുരസ്യ സാത്വികവികാരത്വാത്. തദേവോത്പ്രേക്ഷായാ നിമിത്തം.

* അതിശയോക്തി

(17)

അലൗകികം സ്വരൂപം യത് പ്രസ്തുതത്തിന്നു വർണ്ണ്യതേ
അഭേദാധ്യവസായംകൊണ്ടസാവതിശയോക്തിയാം.

പഞ്ചധാ ഭേദസംബന്ധതദ്വ്യത്യയജനിക്രമൈഃ
അന്യഥാ കല്പിതൈഃ സോഽയമഭേദഃ ഫലവാൻ ഭവേത്.

---

1 അർത്ഥം വ്യക്തമാകുന്നില്ല.

തത്ര ഭേദേ അഭേദാധ്യവസായോ യഥാ—

മേഘാനാം നികരാത് കനന്നിപതിതം
നക്ഷത്രജാലം നില-
ത്താകാശത്തിനു മേലിരുന്നു വിവശം
തുള്ളീ സുവർണ്ണാചലം;
രാകാചന്ദ്രനിലിന്ദ്രനീലചലനം
കണ്ടേൻ കനാവുങ്കൽ ഞാൻ
ഏകാന്തേ പറയാവതോ ശിവശിവ!
ശ്രീരാമ താരാമണീ! 41

അത്ര കേശപാശപ്രസൂനാവലഗ്നസ്തനവദനനയനാനാം മേഘാദ്യൈഃ ഭേദേഽപ്യഭേദോഽധ്യവസിതഃ. തഥാപ്യത്ര നായികാം അഭിമുഖീകൃത്യ പ്രവൃത്തേഷു കവിവാക്യേഷു യോഗ്യതാവിരഹാത് ഉന്മത്തവാക്യവത് പദാനാം പരസ്പരാനന്വയേന മുഖ്യാർത്ഥബാധേ സതി മേഘാദിശബ്ദാഃ സാദൃശ്യസംബന്ധപ്രവൃത്തയാ ലക്ഷണയാ കേശപാശാദ്യർത്ഥാൻ പ്രതിപാദയന്തി. സ ചായം ശബ്ദവ്യാപാരഃ തേഷാം ഉഭയേഷാം അപി സർവ്വഥൈവാഭേദപ്രതിപത്തിം പ്രയോജകത്വേന അഭിവ്യനക്തി.

അഭേദേ ഭേദാധ്യവസായോ യഥാ—

അന്യോ വിധാതാ പരമന്യദേവ
നിമിത്തമന്യസ്സമവായിഹേതുഃ
അന്യാദൃശീ സൃഷ്ടിരിയമ്മതാ മേ
ലോകാതിരിക്താ തരുണീമണീ തേ. 42

അത്ര വിധാത്രാദീനാം അഭേദേഽപ്യന്യതയാഭിധാനേന സ്വരൂപഭേദഃ പ്രതിപാദിതഃ.

സംബന്ധേ അസംബന്ധാദ്ധ്യവസായോ യഥാ—

ഉണ്ടെന്നിന്നോരുപരിമൃലമൊട്ടങ്ങു ദൃഷ്ടപ്രമാണം
കണ്ടീലെന്നുണ്ടൊരു (മ)തമതും വാസ്തവന്നാസ്തി വാചാ

രണ്ടുഞ്ചൊല ചാനരുത്തു കരുതുന്നേരമെന്മാരലേഖ-
ത്തങ്ങാർമാതിന്നടുവു *ന്നടവയ്യന്തിരിപ്പാൻ പ്രമാദം. 43

അത്ര മധ്യസ്യ ചക്ഷുരിന്ദ്രിയേണ സംബന്ധേ ƒ പ്യസംബന്ധോ-
ƒ ധ്യവസിതഃ.

യഥാ വാ—

അത്ഥിലോകപരിപൂണ്ണമാശ്രയേത്
ഭൂതലം യദി സുരേന്ദ്രപാദപഃ
പ്രാപ്നുയാത് സ രവിവമ്മഭൂഭുജ-
സ്തുല്യതാം വിതരണേ നിരാകുലഃ. 44

വദാന്യാനാം സുരേന്ദ്രപാദപേന പ്രസിദ്ധഃ സമാനധമ്മസംബന്ധോ-
ƒ ത്ര ഭൂതലാശ്രയണരൂപാ സംഭാവ്യാത്ഥസംഭാവനയാ നിരാകൃതഃ.

അസംബന്ധേ സംബന്ധാധ്യവസായോ യഥാ—

വേണീഭാരം വിരിക്കിൽ തെളിവൊടു പകലു-
ച്ചെക്ക നക്ഷത്രമൊക്കെ
ക്കാണാം, കേളൊന്നുരക്കപ്പുറകിലൊടിവൊളം
കോമളം മധ്യദേശം,
ചാണെല്ലാമല്ല നീളം നളിനമുഖി! മുളം
പോരുമാരോമൽമയ്യ-
ണ്ണാണാവാൻ പെൺ കൊതിപ്പൊന്നുടൽവടിവു കലാ
വല്ലവീ! വല്ലഭേ! തേ. 45

അത്ര നക്ഷത്രദശ്നം പ്രതി കേശപാശപ്രസാരണസ്യ നിമിത്തത്വേന സംബന്ധോ ƒ സംബന്ധേ ƒ പ്യധ്യവസിതഃ. മധ്യ-ദേശഭംഗം പ്രതി വ്യവഹാരസ്യ കരണത്വേന സംബന്ധശ്ച. തഥാ നേത്രസ്യ പ്രതിപാദിതേന പ്രമാണേന സംബന്ധശ്ച.

---

* 'ന' എന്നും 'ള' എന്നും 'ഇ' എന്നും 'ത്ര' എന്നും വായിക്കാം.

ജനിക്രമേƒന്യഥാധ്യവസായോ യഥാ—

ദ്വിഷതാം വിപിനേ ചരതാം പാദതലം ലോഹിതായതേ പ്രഥമം
രോഷവശം തവ നയനം രവിവൎമ്മമഹീപതേ! ചരമം. 46

അത്ര കാരണഭൂതസ്യ നയനലോഹിതീഭാവസ്യ (ച?) പൂൎവ്വാപരീഭാവേന നിയതോ ജനനക്രമോƒന്യഥാധ്യവസിതഃ. സ ച തഥാനുപപദ്യമാനോ ബാധിതസ്വരൂപഃ കാരണസ്യ ശീഘ്രകാരിതാലക്ഷണേƒതിശയേ പൎയ്യവസ്യതി.

ഏഷു പഞ്ചസു ച ഭേദേഷു ലൗകികസ്യ ലോകോത്തരേണാഭേദാധ്യവസായഃ സാധാരണഃ. തഥാഹി 'മേഘാനാം നികരാദ്' ഇത്യാദൗ കേശപാശാദീനാം മേഘാദ്യഭേദപ്രതീതിപ്രയോജകം ലോകോത്തരം കവികല്പിതം യത്സ്വരൂപം, യശ്ച സ്വാഭാവികഃ തയോൎവ്വിഷയിവിഷയയോരഭേദാധ്യവസായോƒത്ര ഭേദേ സത്യപ്യഭേദവചനസ്യ നിമിത്തം. ഏവം 'അന്യോ വിധാതാ' ഇത്യത്ര സൃഷ്ടേഃ, 'ഉണ്ടെന്നിന്നോരു' ഇത്യത്ര മധ്യതനിമ്നഃ, 'അത്ഥിലോക' ഇത്യത്ര വിതരണസ്യ, 'വേണീഭാരം' ഇത്യത്ര വേണീഭാരാദീനാം, 'ദ്വിഷതാം' ഇത്യത്ര കാരണഗതകാൎയ്യോത്പാദനശൈഘ്ര്യസ്യ ച കവികല്പിതേന ലോകോത്തരേണ സ്വരൂപേണ വാസ്തവസ്യ സ്വരൂപസ്യാഭേദാധ്യവസായോƒന്യഥാധ്യവസായേ നിമിത്തം.

## * ദീപകം

(18)

സമാനമായ ധൎമ്മത്തോടന്വയോ യഃ സമുച്ചയാത്
ഉപമാനസ്യ താം പ്രാഹുൎദ്ദീപകാഖ്യാമലങ്കൃതിം.

യഥാ—

ഭാനുനാ ഗഗനമണ്ഡലീ ശചീവല്ലഭേന നഗരീ ദിവൗകസാം
മേദിനീ ച മധുരാകൃതേ ത്വയാ രാജരാജധരണീന്ദ്ര! രാജതേ. 47

അത്ര രാജ്ഞോ ഭാനുശശിവല്ലഭയോശ്ച രാജനഹേതുത്വം സമാനധർമ്മഃ. തസ്യ ശബ്ദശക്ത്യാ പ്രത്യേകമന്വയഃ. തത്രാപ്രസ്തുതയോഃ ഭാനുശശിവല്ലഭയോരുപാദാനം ഉപമാസിദ്ധ്യർത്ഥം പര്യവസ്യതി.

* ദൃഷ്ടാന്തം

(19)

രണ്ടു വാക്യങ്ങളിൽ ബിംബ
പ്രതിബിംബതയാന്വിതേ
സമാനധർമ്മേ തത് പ്രോക്തം
ദൃഷ്ടാന്തം ദ്യോതകം വിനാ.

യഥാ—

അറിയായ്കിലനർത്ഥമൂലമത്രേ
അറിയിൽ കണ്ടതു കണ്ടതർത്ഥമൂലം;
ഉദിയായ്കിലിരിട്ടുദിക്കിൽ വിശ്വം
മദിരാപാംഗി! വെളിച്ചമർക്കബിംബം. 48

അത്ര അർക്കബിംബം ഉപമാനം. ജ്ഞാനം ഉപമേയം. തത്ര ജ്ഞാനസ്യ തിരോഭാവാവിർഭാവാഭ്യാം അനർത്ഥാർത്ഥനിമിത്തത്വം ധർമ്മഃ, തത് പ്രതിബിംബത്വേന വാക്യാന്തരേഽർക്കബിംബസ്യ തമഃപ്രകാശാവുപാത്തൌ. അനർത്ഥതമസോഃ അർത്ഥപ്രകാശയോശ്ച പു(രു)ഷാർത്ഥം പ്രതി വിരോധിത്വം അനുകൂലത്വം ച ബിംബപ്രതിബിംബതാഹേതുഃ. ഏവംവിധാ ച വാക്യദ്വയരചനാ പരസ്പരസംബന്ധാപേക്ഷയാ സാദൃശ്യം ആക്ഷിപതി.

യഥാ വാ—

നിനവിളക്കുകിൽ നീങ്ങുമർത്ഥജാതം
നിനവു നിലെക്കിൽ(നിലയ്ക്കു)നില്ക്കുമല്ലോ;
നിരുപമമുഖി! നീരനക്കമാനാൽ
നിഴൽവഴി കൂലമരം കുലുങ്ങുമല്ലോ. 49

അത്ര നീങ്ങും, കലുങ്ങും ഇതി സമാനധർമ്മസ്യ ബിംബപ്രതിബിംബഭാവേനാവസ്ഥാനം.

യഥാ വാ—

ചെറുതിര നുര കല്ലോലങ്ങളാവർത്തജാലം
*കുവലനിരയിതെല്ലാമംബുരാശേരഭിന്നം
അവനിവനതിതെന്നുള്ളർത്ഥജാലങ്ങളെല്ലാം
അഹമറിവുകഴിച്ചിട്ടൊന്നുമില്ലെന്നു മന്യേ. 50

അത്ര 'അറിവ്' ഇതി ശുദ്ധജ്ഞാനസ്വരൂപഃ പരമാത്മാ ഗൃഹ്യതേ. 'കഴിച്ചിട്ടൊന്നുമില്ലെന്നു മന്യേ' ഇതി വിചാരദശായാം വ്യതിരേകേണ ന ഉപലഭ്യത ഇത്യർത്ഥഃ. 'അവൻ ഇവൻ അതു് (ഇതു്), ഇതി പരോക്ഷപ്രത്യക്ഷവിഷയപ്രമാണഗൃഹീതചരാചരാത്മകം വിശ്വം വിവക്ഷിതം. അത്ര കാര്യസ്യ കാരണാ(ന)തിരേക ഏക ഏവ ധർമ്മോ വാക്യദ്വയേ പൗനരുക്ത്യപരിഹാരാർത്ഥ ശബ്ദഭേദഃ ബിംബപ്രതിബിംബതയാ നിർദ്ദിഷ്ടഃ. ബിംബപ്രതിബിംബഭാവശ്ച സംബന്ധിഭേദോപാധികാത് ഭേദാൽ. ഏഷാ പ്രതിവസ്തൂപമേതി പക്ഷാന്തരേ വൈധർമ്മ്യേണാപ്യ(യ)മലംകാരോ ദൃശ്യതേ.

യഥാ—

വിദ്വാനേവ വിജാനാതി വിദ്വജ്ജനപരിശ്രമം
നഹി വന്ധ്യാ വിജാനാതി ഗുർവ്വീം പ്രസവവേദനാം. 51

അത്ര വന്ധ്യാവിദുഷോരജ്ഞാനജ്ഞാനേ ബിംബപ്രതിബിംബഭാവേന സ്ഥിതഃ സമാനധർമ്മഃ.

ആഢ്യാനാറ്ററുതാത ജാള്യവിഭവാ-
നാശ്രിക്ക വേണ്ടാ; കുറ
ച്ചസ്മാകം വിധിയുള്ള വിത്തമധനാത്
പോരും വരിന്നൊന്നിതു്;

* കമലം.

ദൃഷ്ടാന്തം തവ ചൊല്ലലാമൊരു കുടം
ക്രൂപഃ സമുദ്രേƒപി വാ
താൻ കൊള്ളും ജലമേവ കൊൾവിതധികം
കൊൾവീല്ല സിന്ധോർജ്ജലം. 52

അത്ര 'ദൃഷ്ടാന്തം' ഇത്യുപമാനം ഉച്യതേ. തതശ്ച ഉപമാദ്യോതകസ്യ വിദ്യമാനത്വാദ് ദൃഷ്ടാന്താലംകാരേ ച സാമ്യസ്യ ഗമ്യമാനത്വേ നിയമാദുപമാലംകാരഭേദ ഏവായം. വ്യജ്യമാനസ്യാപി സാമ്യസ്യ ശബ്ദേന പ്രതിപാദനാത്. പൗനരുക്ത്യദോഷോ ദൃഷ്ടാന്താലംകാര ഏവായമിതി വ്യക്തിവിവേകകാരമതം.

* നിദർശനാ

(20)

ആരോപ്യമാണേ വാക്യാർത്ഥേ പ്രസ്തുതപ്രതിബിംബനം
നിദർശനാലംകൃതിയെന്നുദിതം കാവ്യവേദിഭിഃ.

യഥാ—

തുലയതി യസ്തവ ഹൃദയം രവിവർമ്മമഹീപതേ! മനസാ
പ്രമിമീതേ സലിലമസൗ പാരാവാരസ്യ കലശേന. 53

അത്ര സർവ്വനാമശബ്ദാഭ്യാം പ്രതിപാദിതം വാക്യാർത്ഥയോഃ ഏകാശ്രയസമവേതത്വം വാക്യയോഃ സാമാനാധികരണ്യം ആക്ഷിപതി. തച്ച മുഖ്യവൃത്ത്യാ അനുപപദ്യമാനം സാദൃശ്യമൂലം ആരോപം അവഗമയതി. സാദൃശ്യമാത്രാശക്യത്വനിബന്ധനം. അശക്യത്വപ്രതിപത്ത്യർത്ഥം ച തഥാവിധം വസ്തു പ്രതിബിംബത്വേന ഉപാത്തം. തത്ര പാരാവാരസലിലകലശാനി രാജഹൃദയമനസാം പ്രസ്തുതാനാം പ്രതിബിംബത്വേന ഉപാത്താനി.

യഥാ വാ—

ശരീരേ മാമകീനേ യത്തന്വി! തേ വിരഹാതുരേ
ശീതോപചാരകരണമിദമൂഷരവർഷണം. 54

അത്ര സർവ്വനാമശബ്ദാഭ്യാം വാക്യയോഃ സാമാനാധികരണ്യം പ്രതിപാദ്യതേ. തത്ര പ്രയോജനരാഹിത്യലക്ഷണസാദൃശ്യനിബന്ധന ആരോപഃ. തഥാവിധസ്യ വസ്തുനഃ പ്രതിബിംബത്വേന ഉപാത്തത്വാത്.

### * വ്യതിരേകം-സഹോക്തി

(21)

ഉപമേയത്തിനാധിക്യം
വ്യതിരേകം പ്രചക്ഷതേ
സഹാർത്ഥംകൊണ്ടു സാധർമ്മ്യം
ഗമ്യമാമ്പോൾ സഹോക്തിയാം.

വ്യതിരേകോ യഥാ—

പകലേ പരിചുള്ളിതംബുജാനാം
പകലേതും പരിചില്ല പാർവ്വണേന്ദോഃ
ഇരവാകിലിരാവതീവ രമ്യം
പകലാകിൽ പകലാനനം പ്രിയായാഃ 55

അത്ര ഉപമാനോപമേയയോഃ[1] അംബുജപാർവ്വ(ണേ)ന്ദ്വോഃ യഥാക്രമം രാത്രൗ ദിവാ ച ശോഭാഭാവാത് തദപേക്ഷയാ സർവ്വദാ ശോഭനസ്യ പ്രിയാനനസ്യ ആധിക്യം; സാധാരണധർമ്മസ്യോത്കർഷേണ വൃത്തേഃ.

സഹോക്തിഃ യഥാ—

ദരിതൈസ്സഹ സന്ത്യജ്യ പ്രാണാൻ യുധി ഗതാ ദിവം
രവിവർമ്മമഹീപാല! കീർത്ത്യാ തേ സഹ (വി)ദ്വിഷഃ. 56

---

1 ഉപമാനയോഃ എന്നു മതി. പ്ര.

അത്ര വിടപിഷാം ഉപമാനഭൂതായാഃ കീർത്തേഃ ദിവോ ഗമനേന സമാനേന ധർമ്മേണ സംബന്ധഃ സഹാത്ഥൽക്ത്യാ ഗമ്യതേ. തുല്യേ-ഽപ്യത്ര പ്രസ്തുതത്വേ ശാബ്ദം പ്രാധാന്യം ആശ്രിത്യ വിടപിഷാം ഉപമേയകല്പനത്വം.[1] പ്രാണോപമാനഭൂതാനാം ദുരിതാനാം ത്യാഗവിഷയത്വലക്ഷണസമാനധർമ്മസംബന്ധോഽപി തഥൈവ.

* സമാസോക്തി

(22)

സമാസോക്തിയലംകാരം സാദൃശ്യപ്രതിപാദനം
സമാസവ്യവഹാരത്തിൽ സമാരോപാദുദീരിതം.

യഥാ—

എങ്ങും നിർമ്മായ ചെമ്മേ ചില പുളകമയ-
ച്ചുഞ്ചിതം പൂന്തുകിൽ ചാ-
ത്തംഗൈരംഗാനി മേളിച്ചയി തവ ശിഥിലീ-
കൃത്യ നീവീനിബന്ധം
പൊങ്ങുമ്പോൾ കൊങ്കതന്മേലിഴകിന കളഭ-
ച്ചാറഴിക്കിന്നതെങ്കിൽ
ഗംഗാപൂരം പിറന്നോരളവു ബത! പിറ-
ന്നീല പൂങ്കേതകീ! ഞാൻ. 57

അത്ര ഗംഗാപൂരസ്യ നായകസാമ്യം പുളകനിർമ്മാണാദേഃ തദ്വ്യവഹാരസ്യ സമാരോപേണ പ്രതീയതേ. തത്ര 'എങ്ങന്നിർമ്മായ ചെമ്മേ ചില പുളകം' ഇതി പ്രഥമസ്സർജന്യോ വികാര ഉക്തഃ. 'അയച്ചുഞ്ചിതം പൂന്തുകിൽ ചാത്ത്' ഇതി തതോ നീവീവിസ്രംസനം ഉക്തം. 'അംഗൈരംഗാനി മേളിച്ച്' ഇതി ഗാഢാലിംഗനം. 'ശിഥിലീകൃത്യ നീവീനിബന്ധം' ഇതി സുരതോപക്രമഃ. 'ഇഴകിന കളഭച്ചാറഴിക്കിന്ന' ഇതി സുരതവർണ്ണനം.

---

1 ഉപമേയത്വകല്പനം എന്നു് ആയിരിക്കാം, പ്ര.

യഥാ വാ—

പ്രച്ഛന്നാത്മാ കിഴക്കേ മലയരികിലിരു-
ന്നന്തിനേരം വരുമ്പോ-
[1]
ന്നച്ചൈരെങ്ങുന്നടക്കം നഭസി നിജകരാ-
[2]
ഗ്രേണ ജാഗ്രന്നിശായാം
ഇച്ചന്ദ്രൻ ചന്ദ്രികേ! നിൻ വദനരുചി തരം
കിട്ടുകിൽ കട്ടുകൊൾവാ-
[3]
നത്രേ തങ്ങുന്നിതോർത്താൽ; കുടിലത ചില നാൾ
[4]
തത്ര കണ്ടീലയോ നീ? 58

അത്ര ചന്ദ്രസ്യ തസ്കരസാമ്യം തദ്വ്യവഹാരസമാരോപേണ പ്രതീയതേ. തസ്കരോ ഹി ദിവാ പർവ്വതകുഞ്ജേഷു നിലീയ സ്ഥിത്വാ സന്ധ്യായാം ആഗച്ഛതി. ആഗത്യ ച സാവധാനതയാ ജാഗ്രത് തമോമയേഷു പ്രദേശേഷു ചൗര്യവിഷയാൻ പദാർത്ഥാൻ ഹസ്തേന അന്വിച്ഛതി. യദാ തു സമക്ഷം ഇതരജനവത് സംചരതി തദാപി നൈസർഗ്ഗികം അനാർജ്ജവം കദാചിത് ബലാത് പ്രകാശയതി. അത്ര സമാസോക്ത്യാ വദനസ്യ ചന്ദ്രാവ്യതിരേകസ്യ [5] ഉത്ഥാപകത്വേന ആക്ഷിപ്യതേ. അന്യഥാ വദനരുചേശ്ചൗര്യവിഷയത്വാകല്പനാനുപപത്തേഃ. പൂർവ്വോദാഹരണേ ശുദ്ധോ വ്യവഹാരസമാരോപഃ. അത്ര തു ശ്ലേഷമൂല ഇതി ഭേദഃ.

## * അപ്രസ്തുതപ്രശംസാ

(23)

അപ്രസ്തുതപ്രശംസാ സ്യാദുപമാനസ്യ വർണ്ണനം
അന്യപ്രതീതയേ തദ്വത് സാമാന്യസ്യാപി സാ ഭവേത്.

---

1 'രഹസി' — പദ്യരത്നം. P. 2. പദ്യം 5.
2 'ജാഗ്രദ്ദശായാം' ,, ,, ,,
3 'തങ്ങിന്റതോ' പദ്യരത്നം P. 2. പദ്യം 5.
4 'കാണ്മീലയോ' ,, ,, ,,
5 പാഠം ശരിയെന്നു തോന്നുന്നില്ല, പ്രം

ഉപമേയപ്രതീത്യർത്ഥം ഉപമാനസ്യ വർണ്ണനം യഥാ—

നക്തം തൻ കാന്ത വേറിട്ടധിതടമുഴലി-
ക്കാലവും പങ്കജിന്യാ
മധ്യേ ക്രൂട്ടം ദശായാമുഷസി പഴുതിലെ-
ക്കാലവും പാർത്തുകണ്ടാൽ
അത്യന്താഭാവമെന്നീടിലുമഗതി പൊറാ-
യിന്നതിച്ചക്രവാകം
മുഗ്ദ്ധേ! പിന്നേതു മുന്നേതധികമപി പൊ-
രുപ്പോന്നു കർപ്പൂരവല്ലീ! 59

അത്ര നായികയാ ദത്തസംകേതഃ കശ്ചിത് കാമുകഃ സങ്കേത കാലാവധിം പ്രതീക്ഷിതുമശക്നുവൻ നിജോത്കണ്ഠാം ചക്രവാക വൃത്താന്തവർണ്ണനമുഖേന പ്രകാശയതി. തത്ര നക്തമിതി നായികാ-ഗുണശ്രവണാദിഭിഃ ഉത്കണ്ഠോദയാദ് ആരഭ്യ സംകേതദാനാവധിഃ കാലോഽഭിപ്രേതഃ. ഗുരൂണാമപി കാര്യാണാം കാലേന സിദ്ധേഃ തദാനീം കാലസ്യാപി സാധനേഷ്വന്യതമത്വം അഭിമന്യതേ. മനസ്സങ്കേതലാഭാത് പരന്തു നിർണ്ണീതേ സമാഗമേ കാലയാപന-മാത്രശേഷേ യത്നേ കാലം വിരോധിത്വേനാഭിമന്യത ഇത്യർത്ഥഃ.

വിശേഷപ്രതീത്യർത്ഥം സാമാന്യസ്യ വർണ്ണനം യഥാ—

ഉചിതമറിക മുന്നം നല്ലത്; അല്ലായ്കിലെല്ലാ-
മറിയുമവർകൾ ചൊന്നാൽ കേൾക്കിലും നന്നു പിന്നെ;
നവരമിവയിരണ്ടാലൊന്നുമില്ലായ്കിലെല്ലാം
നവകുവലയനേത്രേ! നന്മ വാരാ വധൂനാം. 60

അത്ര അനയോഃ പക്ഷയോരേകത(മ?ര) ഏവ തേ ശ്രേയസ്സാധനം ഇതി സംബോധ്യാം വധൂം പ്രത്യുപദേ(ശ)ശാ വധൂനാമിതി സാ(മാ)ന്യോക്ത്യാ പ്രത്യായ്യതേ. അയം വിശേഷ(ഭേദ?)ഃ സാമാന്യവിശേഷഭാവമൂലഃ. ഇതഃ പൂർവ്വേഽർത്ഥാലങ്കാരാഃ സാദൃശ്യമൂലാഃ.

* അൎത്ഥാന്തരന്യാസം

(24)

സാമാന്യം വാ വിശേഷോ വാ തദന്യേന സമൎത്ഥ്യതേ
യത്ര സോ(ൎത്ഥാനം? ƒൎത്ഥാന്തരന്യാസഃ)·········

യഥാ—

വല്ലോരിലുമ്മതിയിലോരുമുറത്ത സംഗം
നന്നല്ല പോൽ നളിനസുന്ദരി! നമ്മളാക്ക്;
കേൾപ്പീലയോ തദിഹ ശൂൎപ്പണയ്ക്കു പെണ്ണേ!
നാശം തുടങ്ങിയതു രാമനിൽ വാഞ്ഛകൊണ്ടേ? 61

അത്ര സ്ത്രീണാം അതിപ്രസക്തസ്യ സംഗസ്യാനൎത്ഥമൂലത്വം സാമാന്യം തദന്തൎഭൂതേന ശൂൎപ്പണഖാവൃത്താന്തേന സമൎത്ഥ്യതേ. അത ഏവ നായം ദൃഷ്ടാന്തഃ. തത്ര വാക്യയോരുപമാനോപമേയ-ഭാവേനാവസ്ഥിതത്വാത്.

ശബ്ദശ്ലേഷോ രൂപകാനുഗ്രാഹകഃ.

ആബദ്ധപ്രചുരപരാൎദ്ധകിങ്കിണീകോ
രാമാണാമനവരതോദഗാഢഭാജാം
ആരാവംവ്യധിത ന മേഖലാകലാപഃ
കസ്മിൻ വാ സജലഗുണേ ഗിരാം പടുത്വം? 62

അത്ര ശ്ലിഷ്ടശബ്ദഹേതുകോ ƒൎത്ഥാന്തരന്യാസഃ. ഇത്യേഷാത്ര ദിക് ദ്രഷ്ടവ്യാ.

* വക്രോക്തി +

വക്രോക്തിൎയ്യഥാ—

അഹോ കേനേദൃശീ ബുദ്ധിൎദ്ദാരുണാ തവ നിൎമ്മിതാ?
ത്രിഗുണാ ശ്രൂയതേ ബുദ്ധിൎന്നതു ദാരുമയീ ക്വചിത്. 63

+ ലക്ഷണം കാണുന്നില്ല

അത്ര ദാരുണേതി ദാരുണശബ്ദാത് സ്ത്രീലിംഗേ പ്രഥമാന്തതേന (വിവക്ഷുതുഃ പരം? വിവക്ഷിതം പദം) ദാരശബ്ദാത് തൃതീയാന്തതേന ശബ്ദശ്ലേഷവശാദ് അന്യഥാ യോജ്യതേ. ഏതേഽലംകാരാഃ അനേകാൎത്ഥശബ്ദമൂലാഃ.

### * വിരോധം, അസംഗതി

(25)

വിരോധമാമലങ്കാരം വിരോധാഭാസലക്ഷണം
കാൎയ്യകാരണയോൎദ്ദേശഭേദമാവതസംഗതി.

വിരോധോ യഥാ—

അരുചിം പ്രഥയതി മധുരാ-
പ്യവദാതാ മലിനമാനനം തനുതേ
ത്വത്കീൎത്തിൎവിദ്വിഷതാം
രവിവൎമ്മമഹീപതേ! നിയതം. 64

അത്ര കീൎത്തേഃ അരുചിപ്രഥനാത്മികാ ക്രിയാ മധുരത്വലക്ഷണോ ഗുണശ്ച പരസ്പരം വിരുധ്യേതേ. തഥൈവ മലിനീകരണാവദാതത്വേ. സ ച വിരോധോ വിദ്വിഷതാം ഇതിഷഷ്ഠ്യാ സമാധീയതേ. അത ഏവ അസ്യ ആഭാസത്വം. സമാധാനം വിനാ പ്രരൂഢോ വിരോധോ ദോഷ ഏവ, നാലംകാരഃ.

അസംഗതിൎയ്യഥാ—

ആശ്ചൎയ്യം രിപുസുദൃശാം
സ്തനതടപതിതാഭിരശ്രുധാരാഭിഃ
നിൎവ്വാതി ജ്വലിതമിദം
രവിവൎമ്മനരേന്ദ്ര! തേ ഹൃദയം. 65

അത്ര നിൎവ്വാണസ്യ കാൎയ്യസ്യ നായകഹൃദയഗതത്വേന ധാരാ-പാതസ്യ കാരണസ്യ രിപുസ്ത്രീജനഹൃദയഗതത്വേന ച ഉപ-നിബദ്ധത്വാദ് ദേശഭേദഃ. സ ച വിരോധോ രിപുസ്ത്രീണാം അശ്രുപാതാക്ഷിപ്തതദ്ഭർത്തൃവധരൂപയാ വൈരപ്രതിക്രിയയാ സമാധീയതേ.

* വിഭാവനാ—വിശേഷോക്തി.

(26)

കാരണത്തിന്നഭാവേഽപി കാൎയ്യോത്പത്തിൎവ്വിഭാവനാ
കാരണങ്ങൾക്കു സാമഗ്ര്യാത് വിശേഷോക്തിരകാൎയ്യതാ.

വിഭാവനാ യഥാ—

തീക്ഷ്ണസ്വഭാവധൃതദണ്ഡഭയേന രാജ്ഞോ
വശ്യോ ജനോ ഭവതു, ചിത്രമിദന്തു മന്യേ;
യത്തേ പദാംബുരുഹയോ രവിവൎമ്മഭൂപ!
ദണ്ഡം വിനാ സഭയമേവ നമന്ത്യസന്തഃ. 66

അത്ര ദണ്ഡരൂപസ്യ കാരണസ്യ അഭാവേഽപി സഭയനമനം കാൎയ്യം ഉപനിബദ്ധം. രാജ്ഞോഽനുഭാവവിശേഷോഽത്ര സമാധായകഃ.

വിശേഷോക്തിൎയ്യഥാ—

നാലിലേറുമിഹ പാദമൊന്നിനൊ-
ന്നായതം ശിഥിലമേവ ബന്ധനം;
കോവിലേ! തവ ചുലോകമെങ്കിലും
വീട്ടു വിട്ടൊരു പദം ന ഗച്ഛതി. 67

അത്ര ഗമനസ്യ കാരണസാമഗ്ര്യാം സത്യാം അപി അഭാവഃ ഉപനിബദ്ധഃ. അത്ര ശ്ലേഷമൂലാ അതിശയോക്തിഃ വിരോധബീജം. ഏഷാ ച പ്രായശഃ സൎവ്വാലംകാരവ്യാപിനീ. ഏതേഽലംകാരാ വിരോധമൂലാഃ.

## * വ്യാജസ്തുതി, പരിസംഖ്യ

(27)

വ്യാജസ്തുതിർവൈപരീത്യം തോന്നുകിൽ സ്തുതിനിന്ദയോഃ
പരിസംഖ്യാ നിയമനം പ്രാപ്തേ തത്ര പരത്ര ച.

വ്യാജസ്തുതിര്യഥാ—

ശ്രീകീർത്ത്യാസ്തവ രാമവർമ്മനൃപതേ!
ദേവ്യാരസാധ്വീ ശ്രുതാ
വാർത്തൈകാ കില ഹി ത്വയേവ രമതേ
സാർധം ത്വദീയൈർജ്ജനൈഃ
വീരാണാം വിദുഷാം ദ്വിഷാഞ്ച നിവഹേ
കിഞ്ച ദ്വയോസ്സംഗമോ
യത്ര ക്വാപി ജഗത്പതേ! യദി പരാ
തത്രാപി സന്ദൃശ്യതേ. 68

അത്ര നിന്ദയാ സ്തുതിഃ പ്രതീയതേ.

യഥാ വാ—

കാരയിതാധാനാനാം
തേവന്മാർക്കും തഥൈവ കലശാനാം
ഇളമരമിരുമുടി വെപ്പാ-
നയിത്രർ നടുവത്തു രായിരസ്സുകൃതീ. 69

അത്ര സ്തുതിരപി നിന്ദാ പ്രതീയതേ.

പരിസംഖ്യാ യഥാ—

രക്ഷായൈ പൌരുഷം, വിത്തം
ത്യാഗായ, ജ്ഞാനസംപദേ
വൈദുഷ്യം, കീർത്തയേ യതോ
രവിവർമ്മമഹീപതേ! 70

അത്ര ദുർബ്ബലാനാം ഹിംസായാം രക്ഷായാം സാധനത്വേന പ്രാപ്തം പൌരുഷം രക്ഷായാം നിയമ്യതേ. തേന ഹിംസാ വ്യാവർത്ത്യതേ. ഏവം അന്യേഷ്വ അപി വാക്യേഷ്വ ഭോഗോ മാത്സര്യം ദേഹയാത്രാ ച ക്രമാദ് വ്യാവർത്ത്യതേ.

യഥാ വാ—

ശ്രീരാമവമ്മനൃപതൌ പരിപാതി മഹീതലം
വിഷാദീ മദനാരാതിർഗ്രഹാഃ സത്പഥലംഘിനഃ. 71

അത്ര വിഷമത്തീതി വിഷാദീ, വിഷാദോ$f$സ്യാസ്തീതി ച വിഷാദീ. അനയോർധമ്മയോഃ ശ്ലേഷമൂലേന അഭേദാദ്ധ്യവസായേന ഏകത്വം ആശ്രയണീയം. തതശ്ച രാജോപചാരേണ പ്രജാസു യുഗപത് പ്രാപ്തസ്യ വിഷാദിത്വസ്യ മദനാരാതൌ നിയമനേന പ്രജാനാം വിഷാദസംബന്ധോ$f$ത്ര വ്യാവർത്ത്യതേ. വിഷാദിത്വം നാമ യോ ധമ്മഃ സ മദനാരാതാവേവ ഉപലഭ്യതേ, നാന്യത്ര ഇതി പ്രതീതേഃ. ഏവം അന്യത്ര സത്പഥം ആകാശം ലംഘയന്തി, സാകല്യേന ഗച്ഛന്തി ഇതി സത്പഥലംഘിനഃ. സത്പഥം സദ്ഭിഃ അംഗീകൃതാം പന്ഥാനം ആചാരം ലംഘയന്തി അതിക്രാമന്തി ഇതി സത്പഥലംഘിനഃ.

സൂക്ഷ്മം, വ്യാജോക്തി

(28)

സൂക്ഷ്മം സൂക്ഷ്മാർത്ഥമുൾക്കൊണ്ടു വൈദഗ്ദ്ധ്യേന പ്രകാശനം
വ്യാജോക്തിയാം സമുൽഭിന്നവസ്തുവിൻെറ നിഗ്രഹനം.

സൂക്ഷ്മം യഥാ—

വക്ത്രസ്യന്ദിസ്വേദബിന്ദുപ്രബന്ധൈർ-
ദൃഷ്ട്വാ ഭിന്നം കുങ്കുമം കാപി കണ്ഠേ
പുംസ്ത്വം തന്വ്യാ വ്യഞ്ജയന്തീ വയസ്യാ
സ്മിത്വാ പാണൌ ഖഡ്ഗലേഖാം ലിലേഖ. 72

അത്ര തന്വ്യാഃ പുരുഷായിതരൂപഃ സൂക്ഷ്മോऽർത്ഥോ വയസ്യയാ വിദിത്വാ പുരുഷോചിതായാഃ ഖഡ്ഗലേഖായാഃ പാണൗ വിലേഖനേന താം പ്രതി സ്വയം വിദിതത്വേന പ്രകാശിതഃ.

യഥാ വാ—

സംകേതകാലമനസം വിടം ജ്ഞാത്വാ വിദഗ്ദ്ധയാ
ഹസന്നേത്രാർപ്പിതാകൂതം ലീലാപദ്മം നിമീലിതം. 73

അത്ര ജിജ്ഞാസിതഃ സംകേതകാലോ നായികയാ വിദിത്വാ നിശാസമയശംസിനാ ക(മ)ല നിമീലനേന പ്രകാശ്യതേ. അത്ര സംകേതകാലഃ സൂക്ഷ്മോऽർത്ഥോ ജിജ്ഞാസാവിശിഷ്ടതയാ ഗൃഹീതഃ ഉപലക്ഷണസ്വരൂപവിശിഷ്ടതയാ പ്രകാശിതഃ.

വ്യാജോക്തിര്യഥാ—

ത്വദ്വൈരിണോ ഗിരിഗുഹാഃ സഹ മാനിനീഭിഃ
പ്രാപ്താ വിഹായ വിഷയം രവിവർമ്മഭൂപ!
കംപം ഭയോത്ഥിതമപഹ്നുവതേ പ്രവൃദ്ധം
ഹാ! ശൈത്യമത്ര മഹദിത്യഭിഭാഷമാണാഃ 74

അത്ര പ്രസ്താവബലാത് ഉത്ഭിന്നം കംപസ്യ ഭയഹേതുകത്വം ശൈത്യഹേതുകത്വേന അപഹ്നൂയതേ. ഏതേऽലംകാരാഃ ഗമ്യമാനാർത്ഥമൂലാഃ.

### ശ്ലേഷം, വക്രോക്തി

(29)

അനേകാർത്ഥം വാച്യമാമ്പോൾ ശ്ലേഷം ശബ്ദാർത്ഥസംശ്രയം
വക്രോക്തിയന്യഥാന്യോക്തം വാക്യം ചേർത്തെന്ന യോജ്യതേ.

തത്ര ശ്ലേഷോ യഥാ—

സര്വ്വേഷാമധിമസ്തകം ക്ഷിതിഭൃതാം
വിന്യസ്തപാദസ്തമോ
നിഷ്പന്നാശ്രിതകൈടഭാന്തകപദഃ
സമ്യക് പ്രതാപോദയഃ
നാളീകസ്ഫുരണം തനോതി നിതരാം
ജായാനപായിതോ യോ ഽനഘം
സോ ഽയം സംപ്രതി മാനവിക്രമ! ഭവാൻ
ഭാസ്വാനിവ ഭ്രാജതേ. 75

അത്ര ക്ഷിതിഭൃദാദിശബ്ദാഃ രാജപര്വ്വതാദ്യര്ത്ഥദ്വയവാചകാഃ. ന അളീകസ്ഫുരണം ഇതി ഏകത്ര ച്ഛേദഃ. അന്യത്ര നാളീകസ്ഫുരണം ഇതി ഏകം പദം അയം ശബ്ദശ്ലേഷഃ. ഭിന്നസ്വരൂപയോഃ ശബ്ദയോഃ ജതുകാഷ്ഠന്യായേന സംശ്ലേഷാത്. അന്യത്ര അര്ത്ഥശ്ലേഷഃ. ക്ഷിതിഭൃദാദിശബ്ദേഷു ഏകവൃന്തഗതഫലദ്വയന്യായേന അര്ത്ഥദ്വയസ്യ സംശ്ലേഷാത്. അത്ര ഉപമാനഗ്രാഹകഃ ശ്ലേഷഃ.

യഥാ വാ—

വാരാളും കല്പവൃക്ഷങ്ങളുമഹിതചകോ-
രീദൃശാം കണ്ണുനീരും
മാരാഭാവേ രതിപ്പെൺകൊടിതടവിന താ-
പത്തിനും ചാരുകീര്ത്തേ!
ആരായീ വീരവിശ്രാണനനിപുണതയും
കെല്പുമക്കാന്തിവായ്പും
വേറാകാതേ പിറന്നോരളവു ഭുവി വിഭോ!
വിക്രമക്ഷ്മാപതേ! നീ. 76

അത്ര ആരായീത്യയം ശബ്ദോ ഽര്ത്ഥത്രയവാചകഃ. അയം അലങ്കാരാന്തരാസംകീര്ണ്ണശ്ലേഷഃ. നാ അത്ര ദീപകം. ഉപമാനോപമേയ

ഭാവാവിവക്ഷണാത് അവിവക്ഷാ ച ധർമ്മിണാം വിഭക്തിഭേദാത് സ്ഫുടാ.

യഥാ വാ—

*f* ചരിതമുരുവാക്കമിന്നിനെക്കും ധരണീവല്ലഭ! തുല്യമെന്നു മന്യേ
കരിസംകുലമില്ലമില്ല മാനന്നിറയിന്നോരരി വീരരാമവർമ്മാ. 77

അയം അപി അസംകീർണ്ണശ്ലേഷഃ.

അത്ര തുല്യശബ്ദസദ്ഭാവേ*f*പി ഉപമാനോപമേയഭാവസ്യ നിയാമകാഭാവാത് നോ(പ)മാ. നാത്ര പ്രസ്തുതാപ്രസ്തുതഭാവഃ. രാജചാടുഷു ശത്രുവൃത്താന്തസ്യാപി പ്രസ്തുതത്വാത്. നാപി സാധാരണധർമ്മസംബന്ധമാത്രേണ ഉപമാ കല്പയിതും ശക്യാ പടുരുപസ്ഥിതിഷു ഇത്യാദിഷ്വപി പ്രസംഗാത്. തതശ്ച ശ്ലേഷമൂലാഭേദാധ്യവസായാദ് ഐക(ത്രീ?)രൂ(പാ?)പ്യമാപന്നേന ധർമ്മേണ ദ്വയസ്യ നിർവ്വിശേഷഃ സംബന്ധഃ തുല്യശബ്ദേന പ്രതിപാദ്യതേ. സ ച ശ്ലേഷമുത്ഥാപയതി. ന കസ്യചിദുത്കർഷ-മ(വ)ഗമയതി. /

യഥാ വാ—

സ്തോകേനോന്നതിമായാതി
സ്തോകേനായാത്യധോഗതിം.
അഹോ സുസദൃശീ വൃത്തി-
സ്തുലാകോടേഃ ഖലസ്യ ച. 78

---

*f* ചരിതമുരുവാക്കം എന്നു തന്നെ ഗ്രന്ഥത്തിൽ കാണുന്നു. അർത്ഥം സ്പഷ്ടമല്ല. ഉത്തരാർത്ഥം കരിസങ്കുലം ഇല്ല; ഇല്ലമാനം നിറയുന്നോരരി, വീരരാമവർമ്മ എന്ന് ആയിരിക്കും പദച്ഛേദം. ശ്ലേഷംകൊണ്ട് തന്നിക്കും രാജാവിനും തമ്മിൽ ഭേദം ഇല്ലെന്നു കല്പനം. — പ്ര.

അത്ര അന്വയഭേദനിബന്ധനാത് താത്പര്യഭേദാത് ഐകാത്മ്യസ്യാപി ശബ്ദസ്യ അർത്ഥദ്വയപ്രതിപാദകത്വം.

യഥാ വാ—

പൊൽപ്പൂമാലകരാളകാളഭുജഗേ
ചെമ്മേ തലം മാരവ-
ഞ്ചൊല്ലൊങ്ങുന്നളിനീനിലാവൃതനിയേ
കെല്പാന്റ കാലാനലൻ
ഇപ്പൂമൈയണയാത നാളുമണയു- 79
ന്നാ * ——————

ശുഭം.

* (ഗ്രന്ഥം ഇങ്ങനെയാണു നില്ക്കുന്നതു്. അപൂർണ്ണമാണു്.)

# അനുബന്ധം 1

## പാഠഭേദം

ഗ്രന്ഥപാഠവും, മഹാകവി ഉള്ളൂരിന്റെ പാഠവും (കേരളസാഹിത്യചരിത്രം ഒന്നാം ഭാഗം വഴി പ്രകാശിപ്പിച്ചിരിക്കുന്നതു്) ചേർത്തു പരിശോധിച്ചതിൽ അവിടവിടെ ഉദാഹരണശ്ലോകങ്ങളിൽ അല്പാല്പമായ വ്യത്യാസങ്ങൾ കാണ്മാനുണ്ടു്.

| ഗ്രന്ഥപാഠം. | ഉള്ളൂർ പാഠം. |
|---|---|
| 1. ശ്ലോകം—17 | ശ്ലോകം—17 |
| ഒക്കെച്ചിക്കിപ്പരത്തി | ഒക്കെക്കിഞ്ചിൽപ്പരത്തി |
| 2. ശ്ലോകം—30 | ശ്ലോകം—30 |
| കിം വാ ഗൃഹീത — | ക്രീഡാഗൃഹീത- |
| 3. ശ്ലോകം—35 | ശ്ലോകം—35 |
| പൊടിച്ചിട്ടതിലമൃതു കഴച്ചിട്ടു | പൊടിച്ചിട്ടമൃതിലതു കഴച്ചിട്ടു |
| 4. ശ്ലോകം—38 | ശ്ലോകം—38 |
| കഥയാപി (പ) ലജ്ജതേ | കഥയാപി വിലജ്ജതേ |
| 5. ശ്ലോകം—40 | ശ്ലോകം—40 |
| നിർമ്മായം പ്രണയം……… | നിർമ്മായപ്രണയം……… |
| ധമ്മില്ല മാലാനപിതേ. | ധമ്മില്ല മാലാനിതേ |
| 6. ശ്ലോകം—57 | ശ്ലോകം—57 |
| പൊങ്ങുംമ്പോരം കൊങ്ക……… | പൊങ്ങും പോർകൊങ്ക……… |
| അഴിക്കിന്ന തെങ്കിൽ | അഴിക്കിന്ന തെക്കൻ |
| 7. ശ്ലോകം—58 | ശ്ലോകം—58 |
| തങ്ങുന്നിതോർത്താൽ | തന്ദുന്നതോർത്താൽ |
| 8. ശ്ലോകം—61 | ശ്ലോകം—61 |
| മതിയിലോരു……… | മതിയില്ലുള്ള……… |
| നമ്മുളാക്കു് | നമ്മളാക്കു് |
| 9. ശ്ലോകം—76 | ശ്ലോകം—76 |
| വാരാളം | പാരാളം |

## അനുബന്ധം 2

## അലങ്കാരവിവരണം

### അലങ്കാരസംക്ഷേപം

#### ശബ്ദാലങ്കാരങ്ങൾ

കാരിക നമ്പർ

1. ഛേകാനുപ്രാസം.
അനേക വ്യഞ്ജനങ്ങൾക്ക
സകൃത് സാമ്യമനേകധാ
ഛേകാനുപ്രാസമെന്നാഹുഃ 1

2. വൃത്ത്യനുപ്രാസം.
വൃത്ത്യനുപ്രാസമന്യഥാ. 1

3. ലാടാനുപ്രാസം.
വിധ്യുദ്ദേശാദിയോഗത്താൽ
പ്രവിഭിന്നസമന്വയം
ഏകാർത്ഥശബ്ദസാമ്യം യ-
ല്ലാടാനുപ്രാസമാമതു. 3

4. യമകം
വിഭിന്നാർത്ഥങ്ങളായുള്ള
വർണ്ണങ്ങൾക്ക പുനഃശ്രുതി
താദൃശീ യമകം പ്രോക്തം
ഭിന്നമാവൃത്തികൊണ്ടതു്. 4

5. പുനരുക്തവദാഭാസം.
പുനരുക്തവദാഭാസ-
മലങ്കാരമതാമുഖേ
വിഭിന്നാകാരശബ്ദങ്ങ-
ളേകാർത്ഥത്വേന തോന്നുകിൽ. 5

#### അർത്ഥാലങ്കാരം.

1. ഉപമ.
സമാനമായ ധർമ്മംകൊ-
ണ്ടുപമാനോപമേയയോഃ
കാവ്യേ നിബദ്ധം സംബന്ധം
ഉപമാലംകൃതിർമതാ. 7

2. അനന്വയം.
ഉപമാനോപമേയങ്ങ-
ളൊന്നേയാകിലനന്വയം. 10

3. ഉപമേയോപമ.
വാക്യാന്തരേ പകന്നീടി-
ലുപമേയോപമാ ഭവേൽ. 10

4. സ്മരണം.
തുല്യാർത്ഥസംപ്രയോഗംകൊണ്ടു-
ദ്ബുദ്ധം യത്ര ജായതേ
തുല്യാനുഭൂതിജനിത-
സംസ്കാരം സ്മരണം ഹി തത്. 11

### ലീലാതിലകം.

#### ശബ്ദാലങ്കാരങ്ങൾ.

സൂത്ര നമ്പർ.

1. അനുപ്രാസം.
തത്ര സദൃശാക്ഷരവിന്യാസോ
ഽനുപ്രാസഃ 99

2. മുഖാനുപ്രാസം
പദാദൌ വർണ്ണസാമ്യം മുഖാ-
നുപ്രാസഃ 100
പാദാദൌ ച

3. പാദാനുപ്രാസം. 101
ദ്വിതീയസാമ്യേ പാദാനുപ്രാസം 102
(ദ്വിതീയാക്ഷരപ്രാസം)

4. വർണ്ണാനുപ്രാസം
വർണ്ണാവൃത്തൌ വർണ്ണാനു
പ്രാസഃ. 103

5. ലാടാനുപ്രാസം.
അർത്ഥഭേദേ പദാവൃത്തിർ
ലാടാനുപ്രാസഃ. 104

6. യമകം.
അർത്ഥഭേദേ സ്വരവ്യഞ്ജന-
സാദൃശ്യം യമകം. 105

7. ശ്ലേഷം.
സകൃദുക്തൌ നാനാർത്ഥത്വം
ശ്ലേഷഃ. 106

#### അർത്ഥാലങ്കാരങ്ങൾ.

1. ഉപമ.
സാദൃശ്യമുപമാ. 107

2. ഉപമേയോപമാ.
ഉപമാനസ്യേതരത്വേ
ചോപമേയോപമാ. 108

3. സ്മരണം.
സദൃശദർശനാദന്യചിന്താ
സ്മരണം. 109

4. രൂപകം.
ഉപമേയേ ഉപമാനസ്യാരോപോ
രൂപകം. 110

കാരിക നമ്പർ.

5. രൂപകം.
സാമാനാധികരണ്യം കൊ-
ണ്ടുപമാനോപമേയയോഃ
അഭേദം യത്ര ഫലതി
രൂപകം തദുദാഹൃതം. 12

6. സന്ദേഹം.
ആരോപിതാർത്ഥ കോടിസ്ഥ
വിഷയാരോപിതാന്തരം
സംശയിക്കപ്പെട്ടന്നാകിൽ
സന്ദേഹാലംകൃതിർഭവേത്. 14

7. ഭ്രാന്തിമാൻ.
വസ്ത്വന്തരതയാ ജ്ഞാതം
ഭ്രാന്തിമാൻ സാമ്യഹേതുകഃ. 15

8. അപഹ്നുതി.
അപഹ്നുതിഃ പ്രസ്തുതാർത്ഥം
നിഷേധിച്ചന്യസാധനം 15

9. ഉത്പ്രേക്ഷ.
കല്പിതാപ്രസ്തുതതേന
പ്രസ്തുതസ്യ യദ്ദർശനം
ഉത്പ്രേക്ഷാ സാ സരൂപസ്യ
ധർമ്മഹേതോഃ ഫലസ്യ വാ. 16

10. അതിശയോക്തി.
അലൗകികം സരൂപം യത്
പ്രസ്തുതത്തിന്നു വർണ്ണ്യതേ
അഭേദാദ്ധ്യവസായം കൊ-
ണ്ടസാവതിശയോക്തിയാം. 17

11. ദീപകം.
സമാനമായ ധർമ്മത്തോ-
ടനയോ യഃ സമുച്ചയാത്
ഉപമാനസ്യ തം പ്രാഹുർ
ദീപകാഖ്യാമലംകൃതിം. 18

12. ദൃഷ്ടാന്തം.
രണ്ടു വാക്യങ്ങളിൽ ബിംബ-
പ്രതിബിംബതയാനപിതേ
സമാനധർമ്മേ തത് പ്രോക്തം
ദൃഷ്ടാന്തം ദ്യോതകം വിനാ. 19

13. നിദർശനം.
ആരോപ്യമാണ വാക്യാർത്ഥേ
പ്രസ്തുത പ്രതിബിംബനം
നിദർശനാലംകൃതിയെന്നാദിതം.
20

14. വ്യതിരേകം.
ഉപമേയത്തിന്നാധിക്യം
വ്യതിരേകം പ്രചക്ഷതേ. 21

സൂത്ര നമ്പർ.

5. സംശയം.
ഉപമാനേനോപമേയസന്ദേഹ-
സ്സംശയഃ. 111

6. ഭ്രാന്തി.
സാദൃശ്യാദവസ്ത്വന്തരപ്രതീതിർ-
ഭ്രാന്തിഃ 112

7. അപഹ്നുതി.
സമേന വസ്തുനാന്യാപലാപോ
fപഹ്നുതിഃ. 113

8. വ്യതിരേകം.
ഉപമാനാദുപമേയസ്യാധിക്യം
വ്യതിരേകഃ. 114

9. ദീപകം.
ദ്യോതകവിധുരമുപമാനോ-
പമേയയോസ്സാധാരണധർമ്മസ്യ
സകൃദുക്തിർ ദീപകം. 115

10. പ്രതിവസ്തൂപമാ.
സാമാന്യസ്യ ശബ്ദമാത്രഭേദേ
പ്രതിവസ്തൂപമാ. 116

11. ദൃഷ്ടാന്തം.
പ്രകൃതാർത്ഥാനാം പ്രതിബിംബനം
ദൃഷ്ടാന്തഃ. 117

12. ഉത്പ്രേക്ഷ.
വിഷയനിഗരണേനാഭേദ-
പ്രതിപത്തൗ വിഷയിണോ
fസത്യതയാ പ്രതീതിരുത്പ്രേക്ഷാ.
118

13. അതിശയോക്തി.
സത്യതയാ പ്രതീതിരതിശയോക്തിഃ
119

14. അന്യാപദേശം.
ഉപമേയസ്യാനുക്താ-
വന്യാപദേശഃ. 120

15. ക്രമം.
ഉപമാനാനാം ക്രമസംബന്ധഃ
ക്രമഃ. 124

16. ആക്ഷേപം.
ഉപമാനാക്ഷേപ ആക്ഷേപഃ. 122

17. പരിവൃത്തി.
അർത്ഥാനാം വിനിമയഃ പരിവൃത്തിഃ.
123

18. ശ്ലേഷം.
ഏകവാക്യേ അനേകാർത്ഥതാ
ശ്ലേഷഃ. 124

കാരിക നമ്പർ.

15. സഹോക്തി.
സഹാർത്ഥം കൊണ്ടു സാധർമ്മ്യം
ഗമ്യമാമ്പോൾ സഹോക്തിയാം. 21

16. സമാസോക്തി.
സമാസോക്തിയലങ്കാരം
സാദൃശ്യപ്രതിപാദനം. 22

17. അപ്രസ്തുത പ്രശംസാ.
അപ്രസ്തുതപ്രശംസാ സ്യാ-
ദുപമാനസ്യ വർണ്ണനം. 23

18. അർത്ഥാന്തരന്യാസം.
സാമാന്യം വാ വിശേഷം വാ
തദന്യേന സമർത്ഥ്യതേ
യത്ര സോ(ത്ഥാനം?) *f*ർത്ഥാ-
ന്തരന്യാസഃ 24

19. വിരോധം.
വിരോധമാമലങ്കാരം
വിരോധാഭാസലക്ഷണം. 25

20. അസംഗതി.
കാര്യകാരണയോർദേശ-
ഭേദമാവതസംഗതി 25

21. വിഭാവനാ.
കാരണത്തിന്നഭാവേ *f*പി
കാര്യോത്പത്തിർവിഭാവനാ. 26

22. വിശേഷോക്തി.
കാരണങ്ങൾക്ക സാമഗ്ര്യാൽ
വിശേഷോക്തിരകാര്യതാ. 26

23. വ്യാജസ്തുതി.
വ്യാജസ്തുതിർവൈപരീത്യം
തോന്നുകിൽ സ്തുതിനിന്ദയോഃ 27

24. പരിസംഖ്യ.
പരിസംഖ്യാ നിയമനം
പ്രാപ്തേ തത്ര പാത്ര ച. 27

25. സൂക്ഷ്മം.
സൂക്ഷ്മം സൂക്ഷ്മാർത്ഥമൂഹം കൊണ്ടു്
വൈദഗ്ദ്ധ്യേന പ്രകാശനം. 28

26. വ്യാജോക്തി.
വ്യാജോക്തിയാം സമുദ്ഭിന്ന-
വസ്തുവിന്റെ നിഗ്രഹനം. 28

27. ശ്ലേഷം.
അനേകാർത്ഥം വാച്യമാമ്പോൾ
ശ്ലേഷം ശബ്ദാർത്ഥസംശ്രയം. 29

28. വക്രോക്തി.
വക്രോക്തിയന്യഥാന്യോക്തം
വാക്യം ചേത്തേന യോജ്യതേ. 29

സൂത്ര നമ്പർ.

19. സ്വഭാവോക്തി
സൂക്ഷ്മവസ്തുസ്വരൂപകഥനം.
സ്വഭാവോക്തിഃ. 125

20. ഹേതു.
കാരണം ഹേതുഃ. 126

21. അത്ഥാന്തരന്യാസം.
പ്രകൃതസമത്ഥനം അർത്ഥാ
ന്തരന്യാസഃ. 127

22. വിരോധം.
അവിരോധേ വിരോധാവഭാസോ
വിരോധഃ. 128

23. വിഭാവനാ.
കാരണാഭാവേ കാര്യനിഷ്പത്തിർ
വിഭാവനാ. 129

24. വിശേഷോക്തി.
തദവ്യത്യാസോ വിശേഷോ-
ക്തിഃ. 130

25. അസംഗതി.
തയോരയോഗ്യതായാം
അസംഗതിഃ. 131

26. ഉദാത്തം.
വിഭൂത്യാശയമഹത്വം
ഉദാത്തം. 132

27. പരിസംഖ്യ.
(പരിസംഖ്യാദയശ്ച.) 133

28. അർത്ഥാപത്തി.
ദണ്ഡാപൂപികയാത്ഥാന്തരാ
പത്തിരർത്ഥാപത്തിഃ. 134

29. സമാധി. 135

30. സങ്കരം.
(സർവ്വേഷാം ച സങ്കരഃ.) 136

## അനുബന്ധം 3

| നമ്പർ | ശ്ലോകസൂചി | പുറം | ശ്ലോകം | നമ്പർ | ശ്ലോകസൂചി | പുറം | ശ്ലോകം |
|---|---|---|---|---|---|---|---|
| 1 | അതിനിർമ്മല | 6 | 13 | 41 | ദരിദ്രതെസ്സഹ | 28 | 56 |
| 2 | അതിശയരമണീയാ | 18 | 34 | ɏ2 | ദ്വിഷതാം | 24 | 46 |
| 3 | അർത്ഥിലോക | 23 | 44 | 43 | നക്തം തൻ കാന്ത | 31 | 59 |
| 4 | അന്യോ വിധാതാ | 22 | 42 | 44 | നക്ഷത്രാണാം | 8 | 17 |
| 5 | അരുചിം | 33 | 64 | 45 | നാകാംഗനാ | 19 | 36 |
| 6 | അഹോ കേനേദൃശീ | 32 | 63 | 46 | നാലിലേറുമിഹ | 34 | 67 |
| 7 | അറിയായ്കിൽ | 25 | 48 | 47 | നിനവിളക്കിൽ | 25 | 49 |
| 8 | ആകാശം | 5 | 10 | 48 | നിർമ്മാത്രം | 15 | 27 |
| 9 | ആദ്ധ്യാനാറ്റന്താത | 26 | 52 | 49 | നിർമ്മായം പ്രണയം | 21 | 40 |
| 10 | ആത്തുംഗമാം | 17 | 32 | 50 | നേരത്തുരോജകലശങ്ങളും | 13 | 24 |
| 11 | ആബദ്ധപ്രചുര | 32 | 62 | 51 | പകലേ | 28 | 55 |
| 12 | ആരൂഢപ്രേമ | 20 | 37 | 52 | പന്തെ വെന്ന | 15 | 28 |
| 13 | ആലോലബാലമുകുളേ | 2 | 2 | 53 | പേടിച്ചീടുവൻ | 11 | 21 |
| 14 | ആശ്ചര്യം | 33 | 65 | 54 | പൊൽപ്പൂമാല | 40 | 79 |
| 15 | ആസന്നസന്ധ്യാം | 2 | 4 | 55 | പൊഴിഞ്ഞിതോ | 15 | 29 |
| 16 | ഇതരദലയതി | 2 | 3 | 56 | പ്രച്ഛന്നാത്മാ | 30 | 58 |
| 17 | ഉചിതമറിക | 31 | 60 | 57 | ഭാനുനാ ഗഗന | 24 | 47 |
| 18 | ഉണ്ടെന്നിന്ന് | 22 | 43 | 53 | മന്ദേമല്യന്മേഷി | 4 | 7 |
| 19 | എങ്ങുന്നിർമ്മായ | 29 | 57 | 59 | മേഘാനാം നികരാൽ | 22 | 41 |
| 20 | ഏകാന്തത്തിൽ | 11 | 22 | 60 | രവിവർമ്മനരേന്ദ്ര | 14 | 25 |
| 21 | ഏണാങ്കചൂഡ | 1 | 1 | 61 | രവിവർമ്മ | 4 | 8 |
| 22 | ഏതന്മഹേന്ദ്ര | 17 | 32 | 62 | രക്ഷായൈയ | 35 | 70 |
| 23 | കഥയാപി | 20 | 38 | 63 | വക്ത്രസ്യന്ദി | 36 | 72 |
| 24 | കരകലിത | 3 | 5 | 64 | വല്ലോരില്യം | 32 | 61 |
| 25 | കലാമണീ | 5 | 11 | 65 | വാരാളും | 38 | 76 |
| 26 | കല്പദ്രുമ | 16 | 30 | 66 | വിദ്വാനേവ | 26 | 51 |
| 27 | കാക്കം കാക്കം | 9 | 18 | 67 | വൃന്ദാരകാ | 7 | 16 |
| 28 | കാന്തേഷു | 6 | 12 | 68 | വേണീഭാരം | 23 | 45 |
| 29 | കാരയിതാ | 35 | 69 | 69 | ശരീരേ | 27 | 54 |
| 30 | കീർത്തിഃ സമസ്താം | 20 | 39 | 70 | ശ്രീകീർത്ത്യാസ്തവ | 35 | 68 |
| 31 | ഗുണൈർല്ലോകോത്തരൈഃ | 10 | 19 | 71 | ശ്രീമത്താം | 7 | 14 |
| 32 | ചരിതമൃത | 39 | 77 | 72 | ശ്രീരാമവർമ്മ | 36 | 71 |
| 33 | ചാരുശ്രീർമ്മാലി | 14 | 26 | 73 | സരസിജമുകുളേ | 7 | 15 |
| 34 | ചെറുതിര നുര | 26 | 50 | 74 | സർവ്വേഷാമധി | 38 | 75 |
| 35 | ചേണുററീടും | 12 | 23 | 75 | സഞ്ചിന്തിതേ | 10 | 20 |
| 36 | തീക്ഷ്ണസ്വഭാവ | 34 | 66 | 76 | സിന്ദൂരംനീരസം | 19 | 35 |
| 37 | തുലയതി | 27 | 53 | 77 | സൂക്ഷ്മാവദാതാ | 18 | 33 |
| 38 | തെച്ചിപ്പൂവിൽ | 3 | 6 | 78 | സംകേതകാലാ | 37 | 73 |
| 39 | ത്വദ്വൈരിണോ | 37 | 74 | 79 | സ്തോകേനോന്നതി | 39 | 78 |
| 40 | ത്രൈലോക്യ | 5 | 9 | | | | |

| കാരികാസൂചി | പുറം | കാരിക |
|---|---|---|
| അനേകവ്യഞ്ജനങ്ങൾക്ക് | 1 | 1 |
| അനേകാർത്ഥം വാച്യം | 37 | 29 |
| അപ്രസ്തുതപ്രശംസ | 30 | 23 |
| അലൗകികം | 21 | 77 |
| ആരോപിതാർത്ഥ | 15 | 14 |
| ആരോപ്യമാണേ | 27 | 20 |
| ഇന്നാലവയവങ്ങൾക്കും | 6 | 8 |
| ഉപമാനോപമേയങ്ങൾ | 9 | 10 |
| ഉപമേയത്തിന്നാധിക്യം | 28 | 21 |
| ഉപലക്ഷണയോഃ | 8 | 9 |
| ഏകവ്യഞ്ജനസാദൃശ്യം | 1 | 2 |
| കല്പിതാ പ്രസ്തുതതേ-ന | 18 | 16 |
| കാരണത്തിന്ന ഭാവേഽപി | 34 | 26 |
| ചിത്രാണ്ണാം | 6 | 6 |
| തുല്യാർത്ഥസംപ്രയോഗം | 10 | 11 |
| പഞ്ചധാഭേദസംബന്ധഃ | 21 | 17 |
| പുനരുക്തവദാഭാസം | 6 | 5 |
| രണ്ടുവാക്യങ്ങളിൽ | 25 | 19 |
| വസ്തു-ന്തരതയാ | 16 | 15 |
| വിദ്ധ്യുദ്ദേശാദിയോഗത്താൽ | 4 | 3 |
| വിഭിന്നാർത്ഥങ്ങളായുള്ള | 5 | 4 |
| വിരോധമാമലങ്കാരം | 33 | 25 |
| വ്യാജസ്തുതിവൈപരീത്യം | 35 | 27 |
| സമസ്തവസ്തുവിഷയം | 12 | 13 |
| സമാനമായ ധർമ്മത്തോട് | 24 | 18 |
| സമാനമായ ധർമ്മം | 6 | 7 |
| സമാസോക്തിയലങ്കാരം | 29 | 22 |
| സമാനാധികരണ്യം | 12 | 12 |
| സാമാന്യം വാ വിശേഷോ | 32 | 24 |
| സൂക്ഷ്മം സൂക്ഷ്മാർത്ഥം | 36 | 28 |

# സംഗീതശാസ്ത്രം

(തിരുവിതാംകൂർ സർവ്വകലാശാലാഹസ്തലിഖിതഗ്രന്ഥശാലയിലെ M. C. 140–ാം നമ്പർ ഗ്രന്ഥമാണ് മുഖ്യമായ് ഈ പ്രസിദ്ധീകരണത്തിനു് ആലംബം.)

അമ്പത്തൊന്നക്ഷരവും പാഞ്ചഭൗതികമായിരിക്കുന്ന ഈ പ്രപഞ്ചവും ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും പരാശക്തിയും നാദരൂപികൾ *(ആകയാൽ നാദസ്വരൂപത്തിന്നു നമസ്കാരം. ഇതു വസ്തുനിർദ്ദേശം. നാദമുണ്ടായ പ്രകാരത്തെ ചൊല്ലിന്റതു. അതിന്നു ശരീരം മൂലമാകിൻറതു. ശരീരത്തിങ്കൽ നാഡികൾ) ആനന്ത്യമായി ഇരിപ്പിതു. എന്നാൽ പ്രധാന നാഡികളെ ചൊല്ലുന്നിതു. ഇഡ എന്നും പിംഗല എന്നും സുഷുമ്ന എന്നും ഹസ്തി എന്നും ജിഹ്വിക എന്നും അലംബുസ എന്നും പൂഷാ എന്നും ഗാന്ധാരി എന്നും ശംഖിനി എന്നും കുഹൂ എന്നും ദേഹമദ്ധ്യഗതങ്ങളായിരിക്കുന്ന നാഡികൾ. ഇവററിൽ ഇഡയും പിംഗലയും സുഷുമ്നയും പ്രധാനങ്ങൾ.

ഇനി ദശവായുക്കളെ ചൊല്ലുന്നിതു. പ്രാണനെന്നും അപാനനെന്നും വ്യാനനെന്നും ഉദാനനെന്നും സമാനനെന്നും ധനഞ്ജയനെന്നും കൃകരനെന്നും ദേവദത്തനെന്നും നാഗനെന്നും കൂർമ്മനെന്നും ഇവ ദശവായുക്കളാകുന്നതു. ഇവ ഒക്കവേ നാഡികളെ പ്രാപിച്ചു നാഡികളിൽ സ്ഥിതമായിരിക്കുന്ന അഗ്നികളെ ജ്വലിപ്പിച്ചു സഞ്ചരിക്കുന്നേടത്തു നാദമുണ്ടാകുന്നിതു. അതിൽ മദ്ധ്യഗതമായിരിക്കുന്ന സുഷുമ്നാനാഡിയെ പ്രാണവായു പ്രാപിച്ചു അഗ്നിയെ ജ്വലിപ്പിക്കുമ്പോൾ നാദം ഉത്ഭവിക്കും. അന്നാദത്തെ പരയെന്നും കുണ്ഡലിനിയെന്നും ചൊല്ലുന്നിതു. അതു തന്നാലേ അറിയപ്പെട്ടുന്നിതു. മററാരുവക്കും അറിയരുതു. നാകാരമെന്നും ചൊല്ലി വായുവിനെ. ദകാരമെന്നു ചൊല്ലി അഗ്നിയെ. അഗ്നിമാരുത സംയോഗത്തിങ്കൽ നാദമുണ്ടാകുന്നിതു. ഇങ്ങനെയിരിക്കുന്ന നാദം അഞ്ചു ജാതിയുള്ളു. അതിസൂക്ഷ്മമെന്നും സൂക്ഷ്മമെന്നും പുഷ്ടമെന്നും അപുഷ്ടമെന്നും കൃത്രിമമെന്നും ഇങ്ങനെ അഞ്ചു വിധം. അതി–

---

* വലയത്തിൽ ചേർത്തിരിക്കുന്ന ഭാഗം 117–ാം നമ്പർ മാതൃകയിൽ നിന്നു് എടുത്തിട്ടുള്ളതാണു്.

സൂക്ഷ്മമാകുന്ന നാദം നാഭിയിങ്കലിരിപ്പൂ. സൂക്ഷ്മമാകുന്ന നാദം ഹൃദയത്തിങ്കലിരിപ്പൂ. പുഷ്ടമാകുന്ന നാദം കണ്ഠത്തിങ്കലിരിപ്പൂ. അപുഷ്ടമാകുന്ന നാദം ശിരസ്സിങ്കലിരിപ്പൂ. കൃത്രിമമെന്ന നാദം മുഖത്തിങ്കലിരിപ്പൂ. ഇങ്ങനെ പഞ്ചവിധമായിരിക്കുന്നു നാദത്തിന്റെ സ്ഥിതി. ഇതു നാദോൽപത്തി.

ശ്രവണേന്ദ്രിയഗ്രാഹ്യമായിരിക്കുന്ന നാദം ശ്രുതിയാകുന്നതു. അങ്ങനെയിരിക്കുന്ന ശ്രുതികൾ ഇരുപത്തിരണ്ടെന്നും അറുപത്താറെന്നും ആനന്ത്യമെന്നും മഹത്തുക്കളായിരിക്കുന്ന മഹർഷികളുടെ പക്ഷം. നരന്മാരുടെ മുഖം യാതൊരുജാതി കണ്ണാടിയിൽ പ്രതിബിംബിച്ചു കാണപ്പെട്ടു, അപ്രകാരം സ്വരങ്ങളും ശ്രുതികളിൽനിന്നു കാണപ്പെടുന്നു. യാതൊരു ജാതി പാൽ തൈരായി പരിണമിക്കുന്നു; അപ്രകാരമേ സ്വരങ്ങളും ശ്രുതികളിൽനിന്നു പരിണമിക്കുന്നു. ഇതു ശ്രുത്യുല്പത്തി.

അനന്തരം സ്വരങ്ങളുണ്ടായ പ്രകാരത്തെ ചൊല്ലുന്നിതു. സ്വരങ്ങൾ വർഗ്ഗാഷ്ടകങ്ങളിൽനിന്നുണ്ടാകുന്നു. വർഗ്ഗാഷ്ടകങ്ങളാകുന്നതു അ ക ച ട ത പ യ ശ എന്നിവ. അവർഗമാകുന്നതു അം അഃ എന്നതു. കവർഗമാകുന്നതു ക ഖ ഗ ഘ ങ എന്നതു. ചവർഗമാകുന്നതു ച ഛ ജ ഝ ഞ എന്നതു. ടവർഗമാകുന്നതു ട ഠ ഡ ഢ ണ എന്നതു. തവർഗമാകുന്നതു ത ഥ ദ ധ ന എന്നതു. പവർഗമാകുന്നതു പ ഫ ബ ഭ മ എന്നതു. യവർഗമാകുന്നതു യ ര ല വ എന്നതു. ശവർഗമാകുന്നതു ശ ഷ സ ഹ എന്നതു. ഇവ അഷ്ടവർഗങ്ങളാകുന്നതു. ഇവററക്കൊണ്ടു സപ്തസ്വരങ്ങളെ ഉദ്ധരിക്കാം. എട്ടാം വർഗത്തിൻെറ മൂന്നാമക്ഷരത്തെ കൊൾക. ഹരിബീജത്തോടും കൂട്ടുക. ആദിസ്വരമെന്നറിക. ഏഴാം വർഗത്തിൻെറ രണ്ടാമക്ഷരത്തെ കൊൾക. കാമബീജത്തോടും കൂട്ടുക. രണ്ടാം സ്വരമെന്നറിക. രണ്ടാം വർഗത്തിൻെറ മൂന്നാമക്ഷരത്തെ കൊൾക. വിഷ്ണുബീജത്തോടും കൂട്ടുക. മൂന്നാം സ്വരമെന്നറിക. ആറാം വർഗത്തിൻെറ ഒടുക്കത്തെ അക്ഷരത്തെ കൊൾക. അകാരത്തോടു കൂട്ടുക. നാലാം സ്വരമെന്നറിക. ആറാം വർഗത്തിൻെറ ആദിയിലെ അക്ഷരത്തെ കൊൾക. അകാരത്തോടു കൂട്ടുക. അഞ്ചാം സ്വരമെന്നറിക. അഞ്ചാം വർഗത്തിന്റെ നാലാമക്ഷരത്തെക്കൊൾക.

അകാരത്തോടു കൂട്ടുക. രണ്ടു വില്ലുവെച്ചപോലെ അതു് ഇരിക്കുന്നു. ആറാം സ്വരമെന്നറിക. അഞ്ചാം വർഗത്തിന്റെ ഒടുക്കത്തെ അക്ഷരത്തെക്കൊൾക. കാമബീജത്തോടു കൂട്ടുക. ഏഴാം സ്വരമെന്നറിക. സ രി ഗ മ പ ധ നി ഇവറ്റിന്നു പേർ. സ എന്നു ഷഡ്ജം. രി എന്നു ഋഷഭം. ഗ എന്നു ഗാന്ധാരം. മ എന്നു മധ്യമം. പ എന്നു പഞ്ചമം. ധ എന്നു ധൈവതം. നി എന്നു നിഷാദം.

ഷഡ്ജവും ഗാന്ധാരവും മധ്യമവും ദേവകുലത്തിങ്കൽ ജാതമായതു. പഞ്ചമം പിതൃവംശത്തിങ്കൽ ജാതമായതു. ഋഷഭവും ധൈവതവും ഋഷിവംശത്തിങ്കൽ ജാതമായതു. നിഷാദം അസുരകുലത്തിങ്കൽ ജാതമായതു. പഞ്ചമവും മധ്യമവും ഷഡ്ജവും ബ്രാഹ്മണവംശം. ഋഷഭവും ധൈവതവും ക്ഷത്രിയവംശം. ഗാന്ധാരവും നിഷാദവും വൈശ്യവംശം. കാകളീസ്വരം ശൂദ്രവംശം.

ഷഡ്ജത്തിന്നു താമരപ്പൂപോലെ നിറം. ഋഷഭം കിളിപോലെ നിറം. ഗാന്ധാരം പൊൻപോലെ നിറം. മധ്യമം കുരുന്നിൻപൂ പോലെ നിറം. പഞ്ചമം കൃഷ്ണനിറം. ധൈവതം പീതനിറം. നിഷാദം ഇവയെല്ലാംകൂടിയ നിറം എന്നറിക.

ഷഡ്ജത്തിന്നു ദേവത ബ്രഹ്മൻ. ഋഷഭത്തിന്നു ദേവത അഗ്നി. ഗാന്ധാരത്തിന്നു ദേവത സരസ്വതി. മധ്യമത്തിന്നു ദേവത ശ്രീഭഗവതി. പഞ്ചമത്തിന്നു ദേവത ഇന്ദ്രൻ. ധൈവതത്തിന്നു ദേവത ഗണപതി. നിഷാദത്തിന്നു ദേവത ആദിത്യൻ.

ഷഡ്ജസ്വരത്തെ അഗ്നി ഗാനം ചെയ്വൂ. (ഋഷഭത്തെ ബ്രഹ്മാവു് ഗാനം ചെയ്വൂ.) ഗാന്ധാരത്തെ ചന്ദ്രൻ ഗാനം ചെയ്വൂ. മധ്യമത്തെ വിഷ്ണു ഗാനം ചെയ്വൂ. പഞ്ചമത്തെ നാരദൻ ഗാനം ചെയ്വൂ. ധൈവതവും നിഷാദവും തുംബുരു ഗാനം ചെയ്വൂ.

ഇനി സ്വരനിയമത്തെ ചൊല്ലുന്നിതു. സപ്തധാതുക്കളാകുന്നതു ത്വക്കു്, രുധിരം, മേദസ്സു്, അസ്ഥി, മജ്ജ, ശുക്ലം, മാംസം എന്നറിക. ശുക്ലധാതുവിങ്കൽ ഷഡ്ജത്തിന്റെ സ്ഥിതി. മജ്ജാധാതുവിങ്കൽ ഋഷഭത്തിന്റെ സ്ഥിതി. അസ്ഥിധാതുവിങ്കൽ ഗാന്ധാരത്തിന്റെ സ്ഥിതി. മേദസ്സുധാതുവിങ്കൽ മധ്യമത്തിന്റെ സ്ഥിതി. മാംസധാതുവിങ്കൽ പഞ്ചമത്തിന്റെ സ്ഥിതി. രുധിരധാതുവിങ്കൽ ധൈവതത്തിന്റെ സ്ഥിതി. ത്വക്കിങ്കൽ നിഷാദത്തിന്റെ സ്ഥിതി എന്നു്

അറിക. ശുക്ലം ആധാരത്തിങ്കലിരിപ്പൂ. മജ്ജ നാഭിയിങ്കലിരിപ്പൂ. അസ്ഥി ഹൃദയത്തിങ്കലിരിപ്പൂ. മേദസ്സ കണ്ഠത്തിങ്കലിരിപ്പൂ. മാംസം താലുമൂലത്തിങ്കലിരിപ്പൂ. രക്തം മൂൎദ്ധാവിങ്കലിരിപ്പൂ. ത്വക്ക് ഭ്രൂമദ്ധ്യത്തിങ്കലിരിപ്പൂ. ഇവ ധാതുക്കളുടെ സ്ഥാനങ്ങളാകുന്നിതു. ഇങ്ങനെ ധാതുക്കളെ ആശ്രയിക്കകൊണ്ടു് ഏഴെന്നു നിയമം.

പിന്നെ സകളമായിരിക്കുന്ന ഈശ്വരന്റെ പക്ഷത്തെ ചൊല്ലുന്നിതു. ഏഴു ദ്വീപിനെ ആശ്രയിക്കകൊണ്ടു് ഏഴെന്നുള്ള നിയമം. ദ്വീപുകളാകുന്നതു ജംബൂദ്വീപ്, ശാകദ്വീപ്, കുശദ്വീപ്, പ്ലക്ഷദ്വീപ്, ശാല്മലിദ്വീപ്, ശ്വേതദ്വീപ്, പുഷ്കരദ്വീപ്. ഇവ ഏഴു ദ്വീപങ്ങളാകുന്നതു. ജംബുദ്വീപത്തിങ്കൽ ഷഡ്ജത്തിന്റെ സ്ഥിതി. ശാകദ്വീപിങ്കൽ ഋഷഭത്തിന്റെ സ്ഥിതി. കുശദ്വീപിങ്കൽ ഗാന്ധാരത്തിന്റെ സ്ഥിതി. പ്ലക്ഷദ്വീപിങ്കൽ മദ്ധ്യമത്തിന്റെ സ്ഥിതി. ശാല്മലിദ്വീപിങ്കൽ പഞ്ചമത്തിന്റെ സ്ഥിതി. ശ്വേതദ്വീപിങ്കൽ ധൈവതത്തിന്റെ സ്ഥിതി. പുഷ്കരദ്വീപിങ്കൽ നിഷാദത്തിന്റെ സ്ഥിതി. ഇതു സകളനായിരിക്കുന്ന മഹേശ്വരന്റെ പക്ഷം എന്നു് അറിക. ഇതുകൊണ്ടു് ഏഴേ ആവൂ എന്നു സാധിച്ചിതു. സകളമായിട്ടും നിഷ്കളമായിട്ടും സപ്തസ്വരത്തിന്റെ വ്യാപ്തിയെ ചൊല്ലിയതു.

ഇതു സ്വരോല്പത്തിയും സ്വരനിയമവും.

"യത്ര നാദസ്യ ചോത്പത്തിസ്തത്ര താളോഽപി ജൃംഭതേ."

യാതൊരിടത്തു നിന്നു നാദം ഉത്ഭവിച്ചു അവിടെ നിന്നു താളവും ഉത്ഭവിച്ചു എന്നറിക. എന്നിട്ടു്

"ഭകാരേണോച്യതേ ഭാവോ രേഫേണ രസ ഉച്യതേ
തകാരേണോച്യതേ താളഃ തത്ത്രയം ഭരതം വിദുഃ"

എന്നിട്ടു്, 'ഭ' എന്നതു കൊണ്ടു ഭാവവിശേഷങ്ങളെ ചൊല്ലു. 'ര' എന്നതു കൊണ്ടു രസവിശേഷങ്ങളെ ചൊല്ലു. 'ത' എന്നതു കൊണ്ടു താളങ്ങളെ ചൊല്ലൂ. താളത്തിന്നു മൂലമാകുന്നതു അഞ്ചു്. മിശ്രമെന്നും ചതുരശ്രമെന്നും ത്ര്യശ്രമെന്നും ഖണ്ഡമെന്നും സങ്കരമെന്നും. ഇവ മൂലങ്ങളായിട്ടേ താളങ്ങളുള്ളൂ എന്നറിക. ഗീതങ്ങൾക്കും പ്രബന്ധങ്ങൾക്കും വാദ്യങ്ങൾക്കും നൃത്തങ്ങൾക്കും മറ്റും പലവറ്റിന്നും താളം കൂട്ടി വേണ്ടുവയിററിന്നു ഇവ അഞ്ചു മൂലമാകുന്നതറിക.

ഇവ അഞ്ചിങ്കൽ നിന്നുണ്ടായ താളങ്ങളെ ചൊല്ലുന്നിതു. ചച്ചത്പുടം ൧. ചാചപുടം ൨. ഷട്പിതാപുത്രകം ൩. സംപക്വേഷ്ടം ൪. ഉദ്ഘട്ടം ൫. ആദിതാളം ൬. ദർപ്പണം ൭. ചർച്ചരി ൮. സിംഹലീല ൯. കന്ദർപ്പം ൧൦. സിംഹവിക്രമം ൧൧. ശ്രീരംഗം ൧൨. രതിലീല ൧൩. രംഗതാളം ൧൪. പരിക്രമം ൧൫. പ്രത്യംഗം ൧൬. ഗജലീല ൧൭. ത്രിഭിന്നം ൧൮. വീരവിക്രമം ൧൯. ഹംസലീല ൨൦. വർണ്ണഭിന്ന ൨൧. രാജചൂഡാമണി ൨൨. രംഗോദ്യോതം ൨൩. വർണ്ണതാളം ൨൪. രാജതാളം ൨൫. സിംഹവിക്രീഡിതം ൨൬. വനമാലി ൨൭. രംഗപ്രദീപകം ൨൮. ഹംസനാദം ൨൯. സിംഹനാദം ൩൦. മല്ലികാമോദം ൩൧. ശരഭലീല ൩൨. രംഗാഭരണം ൩൩. തുരംഗലീല ൩൪. സിംഹനന്ദനം ൩൫. ജയശ്രീ ൩൬. വിജയാനന്ദം ൩൭. പ്രതിതാളം ൩൮. ദ്വിതീയകം ൩൯. മകരന്ദം ൪൦. കീർത്തിതാളം ൪൧. വിജയം ൪൨. ജയമംഗല ൪൩. രാജവിദ്യാധരം ൪൪. മട്ടം ൪൫. ജയതാളം ൪൬. കുഡുക്കം ൪൭. നിസ്സാരുകം ൪൮. ക്രീഡാതാളം ൪൯. ത്രിഭംഗി ൫൦. കോകിലപ്രിയം ൫൧. ശ്രീകീർത്തി ൫൨. വിന്ദുമാലി ൫൩. സമതാളം ൫൪. നന്ദനം ൫൫. ഉദീക്ഷണം ൫൬. മട്ടിക ൫൭. ഢേങ്കിക ൫൮. വർണ്ണമട്ടിക ൫൯. അഭിനന്ദനം ൬൦. അന്തരക്രീഡ ൬൧. മല്ലതാളം ൬൨. ദീപകം ൬൩. അനംഗം ൬൪. വിഷമം ൬൫. ശ്രന്ദിതാളം ൬൬. കുമുദം ൬൭. കന്ദുകം ൬൮. ഏകതാളം ൬൯. കങ്കാളം ൭൦. ചതുസ്താളം ൭൧. ഢോംബിക ൭൨. അഭംഗം ൭൩. രാജവങ്കാളം ൭൪. ലഘുശേഖരം ൭൫. പ്രതാപശേഖരം ൭൬. ജഗൽഝംഭം ൭൭. ചതുർമ്മുഖം ൭൮. ഝമ്പാകം ൭൯. പ്രതിമട്ടം ൮൦. തൃതീയകം ൮൧. വസന്തം ൮൨. ലളിതം ൮൩. രതിതാളം ൮൪. കരണയതിതാളം ൮൫. ഷട്താളം ൮൬. വർദ്ധനം ൮൭. വർണ്ണയതി ൮൮. രാജനാരായണം ൮൯. മദനം ൯൦. പാർവ്വതീലോചനം ൯൧. ഗാരുകി ൯൨. ശ്രീനന്ദനം ൯൩. ജയം ൯൪. ലീലാതാളം ൯൫. വിലോകിതം ൯൬. ലളിതപ്രിയം ൯൭. ജനകം ൯൮. ലക്ഷ്മീശം ൯൯. രാഗവർദ്ധനം ൧൦൦. ബദ്ധാപണം ൧൦൧. ഇവ താളങ്ങളുടെ ഭേദം.

ഇനി രൂപകതാളങ്ങളെ ചൊല്ലുന്നിതു. ധ്രുവ എന്നും മട്ട എന്നും പ്രതിമട്ട എന്നും അട്ടതാളം എന്നും രാസകം എന്നും ലംഭകം എന്നും

ഏകതാളമെന്നും ഇവ ഏഴ് സൂഡാദി എന്നു ചൊല്ലപ്പെട്ടതു്. 'ത'കാരമെന്നു ചൊല്ലി പരമേശ്വരൻെറ നൃത്തത്തെ. 'ള'കാരമെന്നു ചൊല്ലി പരമേശ്വരിയുടെ ലാസ്യത്തെ. ശിവശക്ത്യാത്മകമായിരുപ്പു താളമെന്നറിക. ശക്തിതാളം ഇടത്തെ കൈയിൽ പിടിക്ക. ശിവതാളം വലത്തെ കൈയിൽ പിടിക്ക. ഇങ്ങിനെ താളങ്ങളുടെ ഭേദം.

ഇനി ഗ്രഹങ്ങൾ ചൊല്ലപ്പെടുന്നിതു. സമം എന്നും അതീതം എന്നും അനാഗതം എന്നും ഇവ മൂന്നും ഗ്രഹങ്ങളായതു്. ഗീതത്തോടും വാദ്യത്തോടും നൃത്തത്തോടും ഒക്കെ എടുക്കുന്നതു സമമാകുന്നതു. സ്വല്പം ഗീതം താൻ വാദ്യം താൻ നൃത്തം താൻ മുന്നിൽ എടുത്തു രണ്ടാമതു താളമെടുക്കുന്നതു അതീതമാകുന്നതു്. ഗീതത്തിങ്കൽത്താൻ വാദ്യത്തിങ്കൽത്താൻ നൃത്തത്തിങ്കൽത്താൻ തത്തകാരത്തോടുകൂടി എടുക്കുന്നതു അനാഗതമാകുന്നതു. ഇവ ഗ്രഹങ്ങൾ ആകുന്നതു.

ഇനി ലയങ്ങളെ ചൊല്ലുന്നിതു. ദ്രുതമെന്നും മധ്യമമെന്നും, വിളംബിതമെന്നും ഇവ മൂന്നു ലയങ്ങളാകുന്നിതു. ദ്രുതഗതിയാകുന്നിതു ഉഴറി പ്രയോഗിക്കുന്നിതു. മധ്യഗതിയാകുന്നതു നടുത്തരം പ്രയോഗിക്കുന്നിതു. വിളംബിതമാകുന്നതു ഉഴറാതെ പ്രയോഗിക്കുന്നതു. ഒരു വട്ടം കൊട്ടി മറ്റേ വട്ടം കൊട്ടുന്നതിൻെറ ഇടയിലെക്കാലത്തെ ലയമെന്നു ചൊല്ലപ്പെട്ടതു. ഇവ ലയങ്ങളാകുന്നതു.

(ഇനി രാഗങ്ങളുടെ ലക്ഷണത്തെ ചൊല്ലിന്റതു: രാഗങ്ങൾ മൂൻറു പ്രകാരം ഉണ്ടു. ഷാഡവം എൻറും, ഔഡവം എൻറും, സംപൂർണ്ണം എൻറും ഇങ്ങനെ മൂൻറു പ്രകാരം. ഷാഡവം ആകിന്റതു ആറു ശ്രുതികൊണ്ടു പ്രയോഗിക്കിൻറതു. ഔഡവമാകിൻറതു അഞ്ചു ശ്രുതികൊണ്ടു പ്രയോഗിക്കിൻറതു. സമ്പൂർണ്ണമാകിൻറതു ഏഴു കൊണ്ടും പ്രയോഗിക്കിൻറതു എൻറ് അറിക.)

ഇനി രാഗങ്ങളുടെ പേരു ചൊല്ലുന്നിതു. മധ്യമാദി, ശങ്കരാഭരണം, തോഡി, ഭൈരവം, മാർഗഹിന്ദോളം, ദേശിഹിന്ദോളം, ശുദ്ധവങ്കാളം, കോണ്ടക്രീ, ശ്രീരാഗം, ഗൌഡം, ആന്ധ്രപഞ്ചമം, ദീപരാഗം, ഘണ്ടാരവം, ഗുജ്ജരി, സോമരാഗം, ധനാശി, ദേലി, ദേശാഗ്രി, മാളവശ്രീ, വരാടി, കൈശിക, വേളാവൃളി, ശുദ്ധവരാടി, ആദികാമോദരി, നാട്ട, വങ്കാളം, സാവേരി, ആഡംബരി, ലളിത,

അന്താളി, ഗൌഡി, ദ്രാവണി, സൈന്ധവി, നാഗദ്ധ്വനി, ആഹരി, ശുദ്ധ, ആഭീരി(പൂൎണ്ണാഭീരി), കാംബോജി, ശ്രീകണ്ഠി, ബൃഹദ്ദക്ഷിണാ, ലഘ്വി, ഡോംബക്രീ, സൌരാഷ്ട്രി, അന്യസൈന്ധവി (സ്വരസൈന്ധവി) പൌരാളി, ഭിന്നപൌരാളി, ഭമ്മാളി,മധുകരി, കാളിന്ദി (പുളിന്ദീ, രഞ്ജന്തീ) മേഘരഞ്ജി, സാലവാഹിനി, പ്രഥമമഞ്ജരി, നട്ടനാരായണി, നീലോല്പലി, കല്ലോല്ലി, ചോഹരി, ഉല്പലി, ഖസിത, ഛായ, ഗോരഞ്ജി, തരംഗിണി, ഗാന്ധാരഗതി, ഗോല്ലി, ധ്വനി, നാദാന്തരി, സൈന്ധവവരാടി, കുന്തളവരാടി, അവസ്ഥാനവരാടി, ദ്രാവിഡവരാടി, പ്രതാപവരാടി, അതസ്വരവരാടി, ഛായാതോഡി, തുരുഷ്കതോഡി, മഹാരാഷ്ട്രഗുഞ്ജരി, സൌരാഷ്ട്രഗുഞ്ജരി,ദ്രാവിഡഗുഞ്ജരി,കന്നടഗൌഡം,ദേശപാലഗൌഡം, ദ്രാവിഡഗൌഡം, തുരുഷ്കഗൌഡം, ഛായാവേളാവുളി, പ്രതാപവേളാവുളി,ഖംപാതി, പുഞ്ജി, ഭൈരവി, സിംഹളകാമോദി, ദേവാള, മൽഹാരി, മൽഹരി, മഹരി, പൂൎണ്ണനാട്ട, ഛായാനാട്ട, ഭല്ലാതി, കുരിഞ്ജി, രാമക്രീ, സ്വഭാവക്രീ, ദേവക്രീ, ത്രിനേത്രക്രീ, ഇതി ഏകോത്തരശതം.

*[ഓജക്രീ, വിപായക്രീ, ഇന്ദ്രക്രീ. നെറിസൂത്രം, നേരംഗം, ദൃഷ്ടി, മുഷ്ടി, ഭാവം, പാദനൃത്തം എന്നു നൃത്തം. ആംഗികനൃത്തം, നേത്രാംഗനൃത്തം, ഭാവനൃത്തം, പഞ്ചാംഗരസപ്രമാണം, ബഹുരൂപം. അതിൽ, അകവൽ, പുറവൽ, അകശാരി, പുറശാരി, അംഗശാരി. ആരിച്ചി, പാരിച്ചി, കന്നടിച്ചി, തെലുങ്കച്ചി, പാണ്ടിച്ചി, ചോഴിച്ചി ഈ വൎഗ്ഗങ്ങളെക്കൊണ്ടും മുന്നൂററുപത്തു കോലങ്ങൾ, അറുപത്തുനാലു നാടകങ്ങൾ, എന്നിവററിന്നു ശൃംഗാരാദിരസങ്ങൾ എട്ട്. അഭിനയം നാല്. ഒന്നൊഴിഞ്ഞമ്പതേ ഭാവം. വൃത്തികളും പ്രവൃത്തികളും നന്നാല്. സപ്ത സ്വരാഃ. രണ്ടേ ഹമ്മി. രണ്ടു സിദ്ധികൾ. തഥാ ഗാനങ്ങൾ പഞ്ചൈവ. നാലാതോദ്യങ്ങൾ.]

മൂന്നു രംഗം. ഇതിനെ നാൽക്രത്തെൻറു കൈക്കൊള്ളിൻറിതു. എൻറതുകൊണ്ടു പല പ്രകാരങ്ങൾ ചൊല്ലുന്നിതു. നാലു വാദ്യം. മൂന്നു രംഗം. ഇന്ദ്രാലയം രാജാലയം ദേവാലയം.

---

* വലയാന്തൎഗ്ഗതമായ ഭാഗം അസ്ഫുടവും അനന്വിതവുമായി കാണുന്നു.

ഇനി കോലങ്ങളുടെ പേരെ ചൊല്ലുന്നിതു. പൂവട, മരവട, കരിവട, ശാരംഗം, കരംവാരം, ഉറ്റെടവു്, മൊളി, മൂഖനി, ശിഖിരി, ചോച്ചി, കരിവാണിച്ചി, കവശി, ഒഡ്ഡിയം, തുലുക്ക, മാറാട്ട, ലാടം, ഗുജ്ജരം, ധരുവേശി, പപ്പരം, വില്ലാർച്ചു, (വല്ലാമ) കവശി- പെണ്ണെ, ദേശപ്പരി, പോയ്യത്തി, മടയപ്പണ്ണ, യോഗിനിച്ചി, മാതംഗി, കുണ്ഡവിച്ചി, കത്തിലിച്ചി, *

'ദ്വാവിംശതിം കേചിദുദാഹരന്തി
ശ്രുതിം ശ്രുതിജ്ഞാനവിചാരദക്ഷാഃ
ഷട്ഷഷ്ടിഭിന്നാം ഖലു കേചിദാസാ-
മാനന്ത്യമേവ പ്രതിപാദയന്തി.'

ശ്രുതിജ്ഞാനവിചാരദക്ഷരായിരിക്കുന്ന ചില മഹർഷികൾക്കു ഇരുപത്തിരണ്ടു ശ്രുതി ഉള്ളെന്നും. അറുപത്താറ് എന്നും ചിലക്കു പക്ഷം. ആനന്ത്യമെന്നു ചിലക്കു പക്ഷം. ദ്വാവിംശതി ആയ പ്രകാരത്തെയും അറുപത്താറായ പ്രകാരത്തെയും ആനന്ത്യമായ പ്രകാരത്തെയും ചൊല്ലുന്നിതു.

"ഷഡ്ജശ്ചതുശ്രുതിർജ്ഞേയ ഋഷഭസ്ത്രിശ്രുതിഃ സ്മൃതഃ
ദ്വിശ്രുതിശ്ചാപി ഗാന്ധാരോ മദ്ധ്യമസ്തു ചതുശ്ശ്രുതിഃ
ചതുശ്ശ്രുതിഃ പഞ്ചമഃ സ്യാത് ധൈവതസ്ത്രിശ്രുതിഃ സ്മൃതഃ
നിഷാദോ ദ്വിശ്രുതിശ്ചൈവ ഇത്യേതേ സ്വരമൂർച്ഛനാഃ"

ഷഡ്ജം നാലുശ്രുതി, ഋഷഭം മൂന്നുശ്രുതി, ഗാന്ധാരം രണ്ടുശ്രുതി, മദ്ധ്യമം നാലുശ്രുതി, പഞ്ചമം നാലുശ്രുതി, ധൈവതം മൂന്നുശ്രുതി, നിഷാദം രണ്ടുശ്രുതി, ഇങ്ങനെ ഇരുപത്തിരണ്ടുശ്രുതി.

ശുക്ലത്തെ വർദ്ധിപ്പിക്കുന്ന നാഡികൾ നാലു്. അവ നാലിങ്കൽ നിന്നും ധ്വനി പുറപ്പെടുകയാൽ ഷഡ്ജം നാലായതെന്നറിക. മജ്ജാധാതുവിനെ വർദ്ധിപ്പിക്കുന്ന നാഡികൾ മൂന്നു്. അവ മൂന്നിങ്കൽ നിന്നും ധ്വനി പുറപ്പെടുകകൊണ്ടു ഋഷഭം മൂന്നായതെന്ന റിക. അസ്ഥിധാതുവിനെ വർദ്ധിപ്പിക്കുന്ന നാഡികൾ രണ്ടു്. രണ്ടി ങ്കൽനിന്നും ധ്വനി പുറപ്പെടുകകൊണ്ടു ഗാന്ധാരം രണ്ടായതെന്നറിക.

---

* ഇവിടെ കുറെ ഭാഗം വിട്ടുപോയതായിട്ടു കാണുന്നു. 117-ാംനമ്പർ ഗ്രന്ഥത്തിൽ കോലങ്ങളുടെ പേരു കഴിഞ്ഞു നൃത്തത്തിൻെറ ഭാവങ്ങളും, ഹസ്തങ്ങളും മുതലായവകൂടി വിവരിച്ചിരിക്കുന്നു.

മേദസ്സിനെ വൎദ്ധിപ്പിക്കുന്ന നാഡികൾ നാലു്. അവ നാലിങ്കൽ നിന്നും ധ്വനി പുറപ്പെടുകകൊണ്ടു മദ്ധ്യമം നാലായതെന്നറിക. മാംസധാതുവിനെ വൎദ്ധിപ്പിക്കുന്ന നാഡികൾ നാലു്. അവ നാലിങ്കൽ നിന്നും ധ്വനി പുറപ്പെടുകകൊണ്ടു പഞ്ചമം നാലായതെന്നറിക. രക്തധാതുവിനെ വൎദ്ധിപ്പിക്കുന്ന നാഡികൾ മൂന്നു്. അവ മൂന്നിങ്കൽനിന്നും ധ്വനി പുറപ്പെടുകകൊണ്ടു ധൈവതം മൂന്നായതെന്നറിക. ത്വക്ധാതുവിനെ വൎദ്ധിപ്പിക്കുന്ന നാഡികൾ രണ്ടു്. അവ രണ്ടിങ്കൽനിന്നും ധ്വനി പുറപ്പെടുകകൊണ്ടു നിഷാദം രണ്ടായതെന്നറിക. ഇങ്ങനെ ഇരുപത്തിരണ്ടു ശ്രുതികളായ പ്രകാരം.

സ്ഥാനം മൂന്നു്. മന്ദ്രമെന്നും മദ്ധ്യമമെന്നും താരമെന്നും. ഇങ്ങനെ മൂന്നു സ്ഥാനം. മന്ദ്രത്തിങ്കൽ ഏഴു സ്ഥാനം. മദ്ധ്യമത്തിങ്കൽ ഏഴു സ്ഥാനം. താരത്തിങ്കൽ ഏഴു സ്ഥാനം. ആകെ ഇരുപത്തിയൊന്നു സ്ഥാനം. മന്ദ്രസപ്തകത്തിങ്കൽ ഇരുപത്തിരണ്ടു ശ്രുതി. മദ്ധ്യമ-സപ്തകത്തിങ്കൽ ഇരുപത്തിരണ്ടു ശ്രുതി. താരസപ്തകത്തിങ്കൽ ഇരുപത്തിരണ്ടു ശ്രുതി. ആകെ അറുപത്താറു ശ്രുതിയായ പ്രകാരം ഇതു്. നാഡികൾക്കു അവസാനമില്ലായ്കകൊണ്ടു ശ്രുതികൾക്കും അവസാനമില്ലെന്നറിക. ഇതു ശ്രുതികളുടെ ആനന്ത്യമെന്നറിക.

ആറു പ്രകാരം ലയങ്ങൾ. ദ്രുതമെന്നും മദ്ധ്യമമെന്നും വിളംബിതമെന്നും, ദ്രുതവിളംബിതമെന്നും ദ്രുതമദ്ധ്യമമെന്നും മദ്ധ്യമവിളംബിതമെന്നും. ഇവ അറിച്ചുമേ എല്ലാ പ്രയോഗവും നടക്കാവൂ. അതിൽ ദ്രുതവും മദ്ധ്യമവും വിളംബിതവും സാമാന്യമുള്ളൂ. താളത്തിന്റെ ഇടയിലേ കാലത്തെ ലയമെന്നു ചൊല്ലിയിതു. എന്നാൽ പ്രയോഗങ്ങൾക്കെല്ലാം താളം ആശ്രയമെന്നറിക.

"താളമൂലാനി ഗേയാനി താളേ സൎവ്വം പ്രതിഷ്ഠിതം
താളഹീനാനി ഗേയാനി മന്ത്രഹീനാ യഥാഹുതിഃ".

ഗേയങ്ങളെന്നു ചൊല്ലുന്നതു നൃത്തഗീതവാദ്യത്തെ എന്നറിക. മൂന്നു യതി; ഗോപുച്ഛയെന്നും സ്രോതോഗയെന്നും സമയെന്നും. ഇവ മൂന്നും യതി. ദ്രുതലയത്തിങ്കൽ സമയതി. വിളംബിതലയത്തിങ്കൽ ഗോപുച്ഛയതി. മദ്ധ്യമലയത്തിങ്കൽ സ്രോതോഗയാകുന്ന യതി.

അനിബദ്ധമെന്നും നിബദ്ധമെന്നും രണ്ടു ജാതി ഗീതം. അനിബദ്ധം 'ആ'യെന്നു തുടങ്ങിയുള്ളതു. നിബദ്ധം ധാതുവും അംഗവും കൂടിയതു. ധാതുവാകുന്നതു വിസ്താരമെന്നും കരണമെന്നും ആവിദ്ധമെന്നും വ്യഞ്ജനമെന്നും. ഇങ്ങനെ നാലു ധാതു. തെന്ന തെന്നനയും വിരുദവും പാടവും വാടേലും താളവും സ്വരവും ഇവ അംഗങ്ങൾ. നാലു് ധാതുക്കളോടും ആറു അംഗങ്ങളോടും കൂടെ സംസ്കൃതം കൊണ്ടു താൻ പ്രാകൃതംകൊണ്ടു താൻ ചിത്രഭാഷകൊണ്ടു താൻ ചമയ്ക്കുന്നതു നിബദ്ധഗീതമാകുന്നതുമെന്നറിക. മംഗല-ദ്യോതകം തെന്നശബ്ദം എന്നതുകൊണ്ടു നേത്രവത് പ്രതിപാദിത-മായി. വിരുദമാകുന്നതു് ശത്രുക്കൾക്കു ഭയത്തെ ദാനം ചെയ്യുന്നു എന്നിട്ടു വിരുദമായതു. പാടമാകുന്നതു വാദ്യത്തിലെ ശബ്ദത്തെ ചൊല്ലി. തെന്ന രണ്ടും കണ്ണും, വിരുദവും പാടവും കൈരണ്ടും, താളവും സ്വരവും കാലു രണ്ടും, ഇങ്ങനെ അംഗിയായിരിപ്പൂ നിബദ്ധഗീതമെന്നറിക.

നാലു ലയം ഒരു പാദമാകുന്നതു. അങ്ങനെത്തു പാദം ഒന്നു താൻ, രണ്ടു താൻ, നാലു താൻ, എട്ടു താൻ, പതിനാറു താൻ, മുപ്പത്തിരണ്ടു താൻ, അറുപത്തിനാലു താൻ, കൂട്ടീട്ടേ ഗീതമാവൂ. അതു് അല്ലാത്തതു് അവലക്ഷണമെന്നറിക.

"സർവ്വേഷാം ഗീതവസ്തൂനാമാദാവാലപ്തിരിഷ്യതേ."

നൃത്തത്തിനും ഗീതത്തിനും വാദ്യത്തിനും നടേ മുഖചാലം വേണ്ടുവതു എന്നതുകൊണ്ടു ചൊല്ലിയതു.

തതം, അവനദ്ധം, ഘനം, സുഷിരം ഇവ നാലുവിധമായിരിപ്പൂ വാദ്യങ്ങൾ. തതമെന്നു ചൊല്ലി തന്ത്രിയിട്ട വാദ്യത്തെ. അവനദ്ധ-മെന്നു ചൊല്ലി തോൽ കൊണ്ടു പുതച്ച വാദ്യത്തെ. ഘനമെന്നു ചൊല്ലി ഓട്ടുകൊണ്ടുള്ള താളമാദിയായുള്ള വാദ്യത്തെ. സുഷിര-മെന്നു ചൊല്ലി ശംഖകാഹളമാദിയായുള്ളവയെ.

ഇങ്ങനെ നാലു വിധമായിരിക്കിൻറ വാദ്യങ്ങൾ എൻററിക.

ഇതു സ്വരോത്പത്തിയും താളോത്പത്തിയും.

ശുഭമസ്തു

മൃഗസമമായിരിക്കയും മോക്ഷത്തിന്മേൽ ശരണമില്ലാതെയാക്കുകയും മോക്ഷം കൈവിട്ടുപോകയും ഈ ദോഷമത്രേ ലോകമെല്ലാം നിമ്മൂല മാക്കിക്കെടുത്തുന്നതും. അതെന്തന്നാൽ ബുദ്ധിമാന്മാർ വെറിയരാകയും കിളവൎക്കു പിച്ചും ബാലൎക്കു ക്രമമല്ലാത്ത മദത്തെയും വൎദ്ധിപ്പിച്ചു നല്ല രൂപത്തെ വിരൂപമാക്കുകയും പ്രായം കടന്ന പ്രകാരമായി മരണത്തെ വേഗേന വരുത്തിവയ്ക്കയും ചെയ്യും. ഇത്ര വലിയ ദോഷങ്ങൾക്കു വിപരീതമായിരിക്കുന്ന ശുദ്ധമുള്ള കന്യാവ്രതമാകുന്ന പുണ്യം നന്മപ്രവൃത്തികൾക്കു ബുദ്ധിക്കു പ്രകാശം കൊടുത്തു തന്റെ തിരുപ്രമാണങ്ങളെയും ഈശോമിശിഹാ അരുളിച്ചെയ്ത ദിവ്യവചനങ്ങളെയും ദൈവരഹസ്യങ്ങളെയും നല്ലവണ്ണം അറിവാൻ പഠിക്കയും ചെയ്യും.

ഇരുപത്തഞ്ചാം മുത്തുക്കുടി.

## ഇരുപത്താറാം മുത്താകുന്നതു്

ഇനിയും ഏറിയ ദുൎഗ്ഗന്ധങ്ങൾ അശുദ്ധമായിരിക്കുന്ന മോഹത്തോടു ചേൎന്നിരിക്കും. അതെന്തന്നാൽ ഇങ്ങിനെയുള്ള ദോഷമാകുന്നതു് ബുദ്ധിയെ ഇല്ലാതെയാക്കി ആത്മകാൎയ്യങ്ങളിൽ കുരുടനെപ്പോലെ അറിയാതെ തങ്ങളുടെ സംബന്ധമായിരിക്കുന്ന പരലോക കാൎയ്യങ്ങളെ അറിവാനും വിചാരിപ്പാനുമുള്ള വെളിവു കെടുത്തുന്നതുമെന്നിയേ പുണ്യകാൎയ്യങ്ങളിൽ നിപുണതയില്ലാതെയാക്കുകയും ചെയ്യും. ഇതിനെക്കൊണ്ടു മഹാശാസ്ത്രിയായിരിക്കുന്ന ഒരു പുണ്യവാളൻ അരുളിച്ചെയ്യുന്നു.

മോഹമെന്ന സ്ത്രീക്കു ആത്മത്തിന്നുടെ കൂടെന്നു പേർ പറക്കും. അതെന്തന്നാൽ ചില ദോഷങ്ങൾ ആത്മത്തെ മാത്രം നശിപ്പിക്കും. അശുദ്ധമായ മോഹമെന്ന ദോഷം ആത്മത്തെയും ശരീരത്തെയും നശിപ്പിച്ചു എന്നെന്നേയ്ക്കുമുള്ള നരകത്തിലാക്കുകയും ചെയ്യും. എന്നതിനെക്കൊണ്ടു് എന്നെന്നേയ്ക്കും മരിക്കാതെയിരിപ്പാൻ തക്കവണ്ണം എത്രയും ഭയത്തോടും നാണത്തോടും എളിമയോടും കൂടെ അളവില്ലാത്ത ശക്തിയും ദയവും ഉള്ള തമ്പുരാൻ തന്നോടു മനഗുണം

ചെയ്യണമെന്നു ഇടവിടാതെ മുട്ടിപ്പാലെ അപേക്ഷിക്കയും വേണം. അതെന്തെ ഇത്ര നെഷ്ഠൂരമുള്ള ശത്രുവാകുന്ന മോഹം ഇടവിടാതെ യുദ്ധംചെയ്യുന്നതുകൊണ്ടും ഏറിയ ശക്തിയുള്ള ശത്രുവാകുന്നതിനെക്കൊണ്ടും അതിന്നുള്ള അശുദ്ധത്തിൽ അകപ്പെട്ടു മുറിവേൾക്കാതെ പോകുന്നതു് മഹാ അരിമയായിരിക്കും. ഇതിനെക്കൊണ്ടു ഈ ശത്രുവോടു യുദ്ധംചെയ്യാതെ ഓടിപ്പോകുന്നതു് നല്ല ബുദ്ധിയായിരിക്കുന്നുവെന്നു · അരുളിച്ചെയ്ത ആയത്തു്. ഇതിന്റെ അൎത്ഥമെന്തന്നാൽ പുരുഷന്മാർ സ്ത്രീജനങ്ങളോടും സ്ത്രീകൾ പുരുഷന്മാരോടും ഉപകാരമില്ലാത്ത സ്നേഹവും നേരംപോക്കുള്ള വൎത്തമാനങ്ങളും ഉണ്ടാകാതിരിക്കണം. വൎത്തമാനങ്ങൾ പറയുന്നതിനാൽ ദോഷമില്ലെന്നും ആകാത്ത നിരുവനകൾ വന്നാൽ തള്ളിക്കളയാമെന്നും വിചാരിച്ചു മേൽപ്പറഞ്ഞ സ്നേഹത്തിന്നും സംസാരങ്ങൾക്കും ഇടകൊടുക്കുകയും വേണ്ടാ. അതെന്തെന്നാൽ ഇങ്ങിനെയുള്ള വൎത്തമാനങ്ങൾ പറയുന്നതിനാൽ നിന്നെക്കാൾ പുണ്യങ്ങളിൽ ശക്തിയുള്ളവർ വീണുപോകയും ചെയ്തു. ഇതിനെക്കൊണ്ടു് നിനക്കു വരാതിരിക്കുമോ. പ്രവൃത്തിയാൽ ദോഷം വന്നില്ലെങ്കിലും വചനംകൊണ്ടെങ്കിലും നിരുവനയാലെ എങ്കിലും അതിൻവണ്ണമുള്ള സമയങ്ങളിൽ ദോഷം തട്ടുന്നതിന്നു സംശയമില്ല. എന്നതിനെക്കൊണ്ടു തന്റെ ആത്മത്തെ രക്ഷിപ്പാൻ മനസ്സുള്ളവൻ മോഹമെന്ന ദോഷത്തെ ഉപേക്ഷിക്കുന്നതും എന്നിയേ ആകാത്ത സ്നേഹങ്ങളേയും ദോഷത്തിന്റെ അവകാശങ്ങളും അതിന്നുള്ള സംഗതികളും വെറുത്തു് വേഗേന ഭയപ്പെട്ടു ഉപേക്ഷിക്കയും അങ്ങിനെയുള്ള വിചാരങ്ങൾ വന്നാൽ താമസം കൂടാതെയും വേഗേന തമ്പുരാനെ ഓൎത്തു തന്റെ അനുഗ്രഹത്തെ മഹാ ആഗ്രഹത്തോടുകൂടെ നിന്റെമേൽ ശരണപ്പെടാതെയും അപേക്ഷിച്ചതിനെ തള്ളിക്കളകയും വേണം. ഇക്കാൎയ്യത്തിൽ ദോഷക്കാരനാകുന്നവൻ ബുദ്ധിഹീനാകൊണ്ടു് എത്ര പഴകിയോ അത്ര ആ ദോഷമെന്ന വിലങ്ങയെ വിടുവാൻ പരാധീനമായിരിക്കും. ഇതിൻവണ്ണമുള്ള ദോഷക്കാരർ ഉടയതമ്പുരാനെയും ന്യായത്തെയും നീതിയേയും വിചാരിക്കാതെ മൃഗംപോലെ ആശപ്പെടുന്ന സ്ഥലങ്ങൾക്കു് ഓടുകയും ഇങ്ങനെയുള്ളവരുടെ ആത്മം ശരീരത്തിന്നു തലവനായി വരാതെ അടിമപോലെയിരുന്നു തിന്നുന്നെങ്കിലും

കടിക്കന്നെങ്കിലും ഉറക്കംകൂടാതെയും വേറൊരു കാൎയ്യം വിചാരിക്കാതെ ആകാത്ത ഇഷ്ടത്തെ വിചാരിച്ചു നടക്കേയുള്ളൂ. ഇങ്ങനെയുള്ള ദോഷത്തിലകപ്പെട്ട് അമന്നിരിക്കുന്നവൎക്ക് മരണത്തിന്റെ വിചാരവും ഒടുക്കമില്ലാത്ത നരകത്തിന്റെ വേദനയും ഭയവും ഉണ്ടാകയും ഇല്ല. ഇതുമെന്നിയേ ചില സമയം അവമാനം വരുമെന്നും മരണം അകപ്പെടുമെന്നും കണ്ടാലും ഇങ്ങനെയുള്ള ദോഷങ്ങളിൽ പററിപ്പോകുന്നവൻ ഭയപ്പെടുകയുമില്ല. ഒരു അല്പസന്തോഷങ്ങളാൽ ഒടുക്കമില്ലാത്ത മോക്ഷത്തിന്നുടെ അറുതിയില്ലാത്ത നന്മകൾ ഒടുങ്ങിപ്പോകുന്നതും കണ്ണില്ലാത്തവനു കൂടയും അറിയപ്പെടുകയുമാം. ഇത്ര നാശങ്ങൾക്കെല്ലാം കാരണമായിരിക്കുന്ന ഈ ദോഷത്തെ ഉപേക്ഷിപ്പാൻ ഉപായം എന്തെന്നാൽ വലിയ ആഗ്രഹത്തോടും എളിമയോടും കൂടെ തമ്പുരാൻ അനുഗ്രഹിക്കണമെന്നു പരിശുദ്ധ കന്യാസ്ത്രീയുടെ പുത്രനാകുന്ന ഈശോമിശിഹായോടു അപേക്ഷിച്ചാൽ തന്റെ അനുഗ്രഹമെന്ന മഴയാൽ മോഹമെന്ന അഗ്നി കെട്ടുപോകയും ചെയ്യും. എന്നാൽ ഈ ദോഷത്തിന്നു പ്രധാന കാരണം ശരീരം തന്നെ ആകുന്നതിനെക്കൊണ്ടു ഭോജനത്തെക്കുറക്കയും ശരീരത്തെ അമൎത്തുകയും കീഴിൽ പിച്ചദോഷങ്ങളെക്കുറിച്ചും ഇപ്പോൾ യോഗ്യത്തിലിരിക്കുന്നതിനെക്കൊണ്ടും അററമില്ലാത്തവണ്ണം ദുഃഖിച്ച് കരഞ്ഞു രാത്രിയിൽ ഉണൎന്നു സാവധാനത്തോടുകൂടെ ശത്രുക്കളുടെ പരീക്ഷകളെ ജയിപ്പാൻ ആശയുള്ളവനായിരുന്ന ഈശോമിശിഹാ പാടുപെട്ടതും കുരിശുമ്മേൽ കഠിന സാകടത്താൽ മരിച്ചതും നീ മരിക്കും എന്നുള്ളതും മരിച്ചതിന്റെ ശേഷം നിന്റെ ശരീരമിരിക്കുന്ന പ്രകാരവും കൂടെക്കൂടെ ഉറവു വിചാരിച്ച് ഇതിൻവണ്ണമുള്ള ശരീരത്തിന്നു ഊഷ്യം ചെയ്താൽ നിനക്കു ഉപകാരമില്ലെന്നു തമ്പുരാന്റെ തിരുമനസ്സിന്നൊത്തവണ്ണം നടന്നാൽ നിനക്ക് ഇളക്കമില്ലാത്ത ഭാഗ്യം തന്നാൽ വരുമെന്നും വിചാരിച്ച് മോഹമെന്ന ദോഷത്തെ കീഴ്പ്പെടുത്തുകയും വേണം.

ഇരുപത്താറാം മുത്തുകൂടി.

# ഇരുപത്തേഴാം മുത്താകുന്നത്

മഹാപ്രകാശമുള്ളതുമായി മാലാകമാർക്ക് ശരിയായിരിക്കുന്നതും ആയിരിക്കുന്ന കന്യാവ്രതത്തിന്റെ പ്രകാശം സ്വഭാവത്താലെ അറിഞ്ഞു വിചാരിക്കണം. അതായതു് ദോഷമില്ലാത്ത വിവാഹം നിമിത്തമായി വരുന്ന ഭോഗത്തെ ദോഷത്താൽ വരുന്ന ഭോഗത്തെയും ഉപേക്ഷിക്കുന്നതു് പൂർണ്ണതപ്പെട്ട കന്യാവ്രതമെന്നു വിളിക്കപ്പെടുന്നു. അതെന്തെന്നാൽ മാലാകമാരുടെ സ്വഭാവമായി ശരീരഭോഗം കൂടാതെ ഇരിക്കുന്നതുകൊണ്ടു് അതു് മാലാകമാർക്കു് ശരിയായിരിക്കുന്നുവെന്നു ഈശോമിശിഹായും ശുദ്ധമാന പള്ളിയുടെ മല്പാന്മാരും ചൊല്ലിയിരിക്കുന്നു. രണ്ടാം കന്യാവ്രതമാകുന്നതു് വിവാഹനിമിത്തമാകെ ദോഷമില്ലാത്ത ഭോഗത്തെ അനുഭവിച്ചിരുന്നാലും ദോഷത്താൽ വരുന്ന ഭോഗത്തെ ഉപേക്ഷിക്കുന്നതു് സംസർഗ്ഗത്തിന്നടുത്ത കന്യാവ്രതമെന്നു വിളിക്കപ്പെടുന്നു. ഇതിൻവണ്ണം കന്യാവ്രതം കാക്കുന്ന പുരുഷന്മാർ തങ്ങളുടെ സ്ത്രീകളെയല്ലാതെ വേറേ സ്ത്രീകളെ ആഗ്രഹിക്കയുമരുതു്. അതിൻവണ്ണം തന്നെ സ്ത്രീകളും തങ്ങളുടെ പുരുഷന്മാരെയല്ലാതെ വേറേ പുരുഷന്മാരെ ആഗ്രഹിക്കയും അരുതു്. നാം ഇപ്പോൾ പൂർണ്ണതപ്പെട്ട കന്യാവ്രതത്തിന്മേൽ ഏറിയ സ്തുതികൾ പറഞ്ഞാലും സംസർഗ്ഗമുള്ള കന്യാവ്രതത്തിന്നു ഇതിനോടു കൂടുന്ന പങ്കുണ്ടു്, എന്നതിന്നു സന്ദേഹമില്ല. ഉത്തമവുമായി ദൈവപ്രസാദമുള്ളതുമായി ജ്ഞാനപരിമളത്തോടു കൂടുന്ന കന്യാവ്രതമെന്ന പുണ്യമാകുന്നതു് കന്യകയായിരിക്കുന്ന മാതാവിന്നും തന്റെ പുത്രനാകുന്ന ഈശോമിശിഹായ്ക്കും അററമില്ലാത്ത പ്രിയമായിരിക്കുന്നതു്. ഇതിനെക്കൊണ്ടു് ശുദ്ധമനസ്സുള്ളവർ ഭാഗ്യകാരർ. അതെന്തെന്നാൽ തമ്പുരാന്റെ ദർശനമാകുന്ന മോക്ഷത്തെ അവർ അനുഭവിക്കുമെന്നു താൻ അരുളിച്ചെയ്തിരിക്കുന്നു. കന്യാവ്രതം ഹേതുവാൽ ശുദ്ധ ഹൃദയവും ശുദ്ധശരീരവും ഉള്ളവർ മോക്ഷമെന്ന തമ്പുരാന്റെ പ്രത്യക്ഷദർശനത്തെ അനുഭവിക്കുന്നതിന്നു സന്ദേഹമില്ല. മോഹമാകുന്നതു് എങ്ങിനെ ബുദ്ധിയെ മയക്കം വരുത്തുന്നു എന്നവണ്ണം തന്നെ കന്യാവ്രതമാകുന്നതു് ബുദ്ധിക്കു പ്രകാശവും തെളിവും

വരുത്തിവയ്ക്കുന്നു. ഇങ്ങിനെയുള്ള ദൈവപ്രസാദത്തിനാൽ കന്യാവ്രതം കാക്കുന്നവർ ഇഹലോകത്തിൽ തന്നെ തമ്പുരാന്റെ മഹിമ തെളിവോടുകൂടെ അറിഞ്ഞു തന്റെമേൽ ഭക്തിയായിരുന്ന തമ്പുരാന്റെ പ്രത്യക്ഷദർശനത്തെ പരലോകത്തിലനുഭവിക്കയും ചെയ്യും. കന്യാവ്രതമെന്ന പുണ്യങ്ങളാകുന്നതു് മാനുഷരെ മാലാകമാരോടുകൂടെ ചേർച്ച വരുത്തുന്നു. ഈശോമിശിഹാ ആലസ്യം പോക്കുന്ന അമ്പലത്തിന്നു് ഈ കന്യാവ്രതമെന്ന പുണ്യം വിശേഷമാകുന്ന അലങ്കാരമായിരിക്കും. ഈ പുണ്യമാകുന്നതു് മാനുഷരുടെ സ്വഭാവത്തെക്കടന്നു് മോക്ഷവാസികളെപ്പോലെ കന്യാവ്രതക്കാരരെ ആക്കുന്നു. യാതൊരു വിശ്വാസക്കാരൻ തമ്പുരാന്റെ പ്രസാദം കൈക്കൊള്ളണമെങ്കിൽ അററമില്ലാത്ത പ്രകാശമാകുന്ന ഈശോ പുണ്യങ്ങളാൽത്തന്നെ അലങ്കരിക്കയും വേണം. ശരീരമുള്ളവനായി ശരീരത്തിന്റെ ഇഷ്ടങ്ങളെ അനുസരിക്കാതെ മാലാകമാക്കോത്ത പ്രകാരമായിരുന്ന ശരീരമില്ലാത്തവനെപ്പോലെ മാലാകമാരുടെ പിന്നാലെ നടക്കുന്നവനായിരിക്കും. കന്യാവ്രതത്തോടുകൂടെ വ്യാപരിക്കുന്നവർ ഇഹലോകത്തിൽ ശരീരഭോഗങ്ങളെ ഉപേക്ഷിച്ചു നടക്കുമ്പോഴുംതന്നെ വിവാഹമില്ലാത്ത സ്ഥലമാകുന്ന പരലോകത്തിൽ കുടിയിരിക്കുന്നവനെപ്പോലെ ഇരിക്കുന്നതും എന്നിയേ ഇനിമേൽ സത്യമായി മോക്ഷരാജ്യം ഒടുക്കമില്ലാത്ത കാലം അനുഭവിപ്പാൻ പോകുന്നു എന്നതിന്നു് ഇതു് നല്ല അടയാളമായിരിക്കുന്നു. കന്യാവ്രതം കാക്കുന്നവർ മോക്ഷമെന്ന ഭാഗ്യത്തെ അനുഭവിക്കണം എന്നുള്ള ആശകൊണ്ടു് ഇഹലോകത്തിലെ ഇഷ്ടങ്ങളെ ഉപേക്ഷിച്ചു് ഇഹലോകത്തിലുള്ള ജനങ്ങളുടെ നല്ല രൂപങ്ങളെക്കണ്ടാലും അവന്റെ മനസ്സ് കലങ്ങുകയും ഇല്ല. അതെന്തെന്നാൽ അളവില്ലാത്ത തമ്പുരാന്റെ പ്രകാശങ്ങളെ ജ്ഞാനദൃഷ്ടിയാൽ അപ്പോഴും ദർശിക്കുന്നതിനാൽ കന്യാവ്രതമുള്ള ആത്മാവും ശരീരവും ഉടയതമ്പുരാനെത്രേ പ്രസാദമായിരിക്കും. അതിൻവണ്ണമുള്ള ശുദ്ധഹൃദയത്തിൽ ശുദ്ധമാന റൂഹാദക്കുദാശ എഴുന്നള്ളിയിരിപ്പാൻ സന്തോഷമായിരിക്കുന്നു. അശുദ്ധമാകുന്ന മോഹം ഹേതുവാൽ ആത്മങ്ങളെ അറച്ചു് അതിൽ എഴുന്നള്ളുകയുമില്ല. തമ്പുരാന്റെ പുത്രനാകുന്ന

ഈശോമിശിഹാ പരിശുദ്ധകന്ന്യാസ്ത്രീയുടെ വയററിൽ ശുദ്ധമാന റൂഹാദക്കദാശയാലെ ജനിക്കപ്പെട്ട കന്നിമുദ്രിക കെടാതെ കന്ന്യാസ്ത്രീ തൻെറ മാതാവായിരിക്കുന്നതു് പ്രത്യക്ഷങ്ങളൊക്കെക്കാൾ അത്ഭുതമായതും മുഖപ്പെട്ടതുമായി ഒന്നാമത്തെ പ്രത്യക്ഷം ഈ പൂൎണ്ണതപ്പെട്ട കന്ന്യാവ്രതമെന്നു കാട്ടുകയും ചെയ്തു.

ഈ അററമില്ലാത്ത പ്രകാശമായിരിക്കുന്ന കന്ന്യാവ്രതത്തിൻെറ മഹിമയെ നന്നായി വിചാരിക്കാതെ അതിനെ കളഞ്ഞുപോയെന്നു വരികിലും ഇനിമേലുള്ള കന്ന്യാവ്രതമെന്ന പുണ്ണ്യങ്ങളെ കളഞ്ഞുപോകാതെയെത്രയും സൂക്ഷ്മത്തോടുകൂടെ നടക്കയും വേണം. കുറവില്ലാത്ത കന്ന്യാവ്രതത്തിൻെറ ഫലം കളഞ്ഞുപോയവണ്ണം വന്നുപോകാതെ കുറവുള്ള കന്ന്യാവ്രതത്തിന്റെ ഫലങ്ങളെ അനുഭവിപ്പാൻ വേണ്ടുന്ന വട്ടംകൂട്ടി നടക്കയും വേണം. എന്നാലും അതിൻവണ്ണമുള്ള ദോഷത്തിൽ വീണുപോയെങ്കിൽ ഉടനെ നീക്കുകയും തെററത്താൽ തമ്പുരാൻെറ കോപം അമൎത്തി തൻെറ തിരുവുള്ളക്കേടു പോക്കുകയും മേലിലേയ്ക്കു് ഉത്സാഹത്തോടും ചുറുക്കോടും നന്മപ്രവൃത്തികൾകൊണ്ടും നമസ്കാരങ്ങൾകൊണ്ടും കന്ന്യാവ്രതത്തോടുകൂടെ വ്യാപരിപ്പാൻ തമ്പുരാൻെറ പ്രസാദം നിന്റെമേൽ വരത്തക്കവണ്ണം പാത്രമായിരിപ്പാൻ പ്രയത്നം ചെയ്കയും വേണം. അതെന്തന്നാൽ ഒരു ശുദ്ധമാന മാർപ്പാപ്പാ ഈവണ്ണം അരുളിച്ചെയ്തു. "ദോഷം ചെയ്യുന്നതിനുമുമ്പേ മടിയോടുകൂടെ മന്ദമായി നടക്കുന്ന വിശ്വാസക്കാരർ ദോഷത്തിലകപ്പെട്ടതിൻെറ ശേഷം വലിയ ദുഃഖത്തോടുകൂടെ തേറിയതിനെക്കൊണ്ടും എളിമയോടുകൂടെ നടന്നതിനാലെയും മഹാ ചുറുക്കോടും തിവിരത്തോടും പുണ്ണ്യവഴിയിൽ നടന്ന വലിയ ഭക്തിയൊള്ളവരായെന്നു അരുളിച്ചെയ്കയും ചെയ്തു." ഇതിൻവണ്ണംതന്നെ നീ അറിയാത്ത ബുദ്ധിയാൽ ഏറിയ ദോഷങ്ങൾ ചെയ്തതിനെക്കൊണ്ടും മനഗുണക്കാരൻ തമ്പുരാൻ ആ ദോഷങ്ങളെ ഇത്രനാൾ പൊറുത്തതിനേയും ഓൎത്തു പുത്തനായി വേറേ ദോഷങ്ങളെ കൂട്ടിക്കൊള്ളാതെ ശങ്കിച്ചു നടക്കയും വേണം. ഇതെന്നിയേ പുത്തനായി വേറേ ദോഷങ്ങളെ ചെയ്താൽ ആ ഹേതുവാൽ

തമ്പുരാൻെറ തിരുവുള്ളക്കേട്ട് വർദ്ധിക്കയും മുമ്പിലത്തെ ദോഷ-ങ്ങൾക്കും പുത്തനായ ദോഷങ്ങൾക്കുംകൂടി പ്രാച്ഛിത്തം എത്തിപ്പാൻ തക്കവണ്ണം ശിക്ഷിക്കപ്പെട്ടുകയും ചെയ്യും.

ഇരുപത്തേഴാം മുത്തുകൂടി.

## ഇരുപത്തിഎട്ടാം മുത്താകുന്നതു്

കന്യാവ്രതത്തെ അപേക്ഷിക്കുന്ന നമസ്കാരമാകുന്നതു്:

നിർമ്മലശുദ്ധമുള്ള കന്യാസ്ത്രീക്ക് പുത്രനമായി പരിശുദ്ധവു-മായിരിക്കുന്ന താൻ കന്യാവ്രതത്തെ പഠിപ്പിക്കുന്ന പട്ടാംഗയായ മല്പാനും ആയിരിക്കുന്ന ഈശോമിശിഹായെ ഇതിൻവണ്ണമുള്ള മാണിക്യമാകുന്ന കന്യാവ്രതത്തിൻെറ വിലമതിയാത്ത നന്മകളെ ഞാൻ നല്ലവണ്ണം അറിഞ്ഞു് ആ മാണിക്കത്തെ ഏറിയ പ്രിയത്താ-ലയും ആഗ്രഹത്താലയും തേടുവാൻ ഇനിക്കു് അനുഗ്രഹം ചെയ്യേണമേ. ഇതിൻവണ്ണമുള്ള പുണ്യത്തെ തേടേണ്ടതിന്നു താൻ ബുദ്ധിചൊല്ലി അതിനാലെ വരുന്ന നന്മകളുടെ ധനത്തെ അരുളി-ച്ചെയ്തതിനെയും ഈ ദൈവികപുണ്യങ്ങളെ തൻെറ വിശേഷമായ അനുഗ്രഹം കൂടാതെ കിട്ടുകയില്ലെന്നറിഞ്ഞതിനെക്കൊണ്ടു് ഇനിക്കു ബുദ്ധി തന്ന ഈ മഹിമപ്പെട്ട പുണ്യത്തിന്മേൽ ഇനിക്കു ആഗ്രഹ-മുണ്ടായി. ആ ആഗ്രഹത്തിന്റെ ഫലം അനുഭവിപ്പാൻ എന്റെമേൽ കൃപാകടാക്ഷമായിരുന്നു് പ്രസാദം തരണമേ. ഈ കാര്യത്തിൽ എന്റെ ശക്തിയാൽ ബലമില്ലാതിരിക്കുന്നതിനെക്കൊണ്ടു് എന്നോടു മനഗുണം ചെയ്യേണമേ. ഈ കാര്യത്തിൽ ഞാൻ ശക്തിയില്ലാ-തിരിക്കുന്നതുമെന്നിയേ ശത്രുവായിരിക്കുന്ന ശരീരത്തിന്നുടെ ഇച്ഛയാകുന്നതു് മഹാശക്തിയുള്ളതാകുന്നതിനാലും ഇടവിടാതെ യുദ്ധം ചെയ്യുന്നതുകൊണ്ടും ഇത്ര വലിയ ശത്രുവിനെ ജയിപ്പാൻ തന്റെ സഹായം എന്നിയേ എങ്ങിനെ ജയിക്കും? ഈ ശരീരത്തിൻെറ പരീക്ഷകൾ പെരുങ്കാററുപോലെ എപ്പോഴും അതിനെ കൂടെക്കൂടെ എരിയുന്നതിനാൽ അതിൻവണ്ണമുള്ള മഹാ ശക്തിപ്പെട്ട തീയിൽ ഞാൻ വേകാതെ ഈ ശരീരമെന്ന ശത്രുവേ കീഴ്പ്പെട്ടുത്തി

നടപ്പാൻ ബലമില്ലെന്നറിഞ്ഞിരിക്കുന്നു. തന്റെ അററമില്ലാത്ത ദ്യാവിനാലെ എന്റെമേൽ അനുഗ്രഹമായിരുന്ന കൈ പിടിച്ചു അതിൻവണ്ണമുള്ള ദോഷത്തിൽ വീഴാതിരിപ്പാൻ കരേററണമെന്നു തന്റെമേൽ ശരണപ്പെട്ടിരിക്കുന്നേൻ. പട്ടാംഗയായ തമ്പുരാനെ ഈ മോഹസംബന്ധമായിരിക്കുന്ന ഇഷ്ടങ്ങളുടെ അശുദ്ധങ്ങളുയും അവലക്ഷണത്തയും തന്റെ ദൈയ്‌വസഹായങ്ങളാൽ കണ്ടു-പിടിച്ചു് ഞാനതിമന വെറുക്കയും പരിശുദ്ധവുമായി അലംകാ-രവുമായി തനിക്കു മഹാപ്രസാദമുള്ളതുമായി ബഹുഫലങ്ങൾ കൊടുക്കുന്നതുമായി ലോകത്തിൽ ബഹുമാനമുള്ളതുമായിരിക്കുന്ന കന്യാവ്രതത്തെ ഞാൻ മുഴവനായി സ്നേഹിച്ചു് പ്രയത്നത്താ-ലതിനെ കിട്ടുവാൻ തക്കവണ്ണം എന്നോടു അനുഗ്രഹം ചെയ്യേണമേ. കന്യാവ്രതമെന്ന ദൈവികപുണ്യത്തെ അനുഭവിപ്പാൻ മനസ്സുള്ളവൻ ഈവണ്ണം തമ്പുരാനോടു പ്രാൎത്ഥിച്ചുംകൊണ്ടു് ഒടുക്കം നന്മ നിറഞ്ഞ മറിയവും ആകാശങ്ങളിലിരിക്കുന്നതും നമസ്കരിക്കയും വേണം.

ഇരുപത്തെട്ടാം മുത്തുക്രുടി.

## ഇരുപത്തൊമ്പതാം മുത്താകുന്നതു്

താമസംക്രൂടാതെ പരീക്ഷകളെ തള്ളി ജയിക്കയും വേണം. വിശ്വാസക്കാരരെ! ആത്മശത്രുക്കളാൽ വളഞ്ഞിരിക്കയിൽ നേരം-പോക്കായ വിചാരങ്ങളാൽ കാലം കഴിക്കാതെ ഉത്സാഹത്തോടുക്രൂടെ സാവധാനവ്യാധി തുടങ്ങുമ്പോൾതന്നെ അതു വരാതിരിപ്പാൻ ബുദ്ധി-മാന്മാർ എങ്ങിനെ ഉത്സാഹത്താൽ ചികിത്സിക്കും എന്നവണ്ണംതന്നെ നിനക്കു് ആകാത്ത ഇഷ്ടത്തിന്മേൽ വിചാരം വന്ന ഉടനെതന്നെ അതിനെ നീക്കുകയും വേണം. അതെന്തെന്നാൽ നീ താമസംകൊണ്ടാൽ ആ ഹേതുവാൽ ചൈത്താന്റെ പത്രുക്ഷ ശക്തിപ്പെട്ടാൽ ആ പരീക്ഷയിൽനിന്നു് ഞാനജീവനാകുന്ന തമ്പുരാന്റെ ദൈവപ്രസാ-ദത്തോടും ചേരുകയുമില്ല. കോപം വരുമ്പോൾ എത്രയും സാവധാ-നമായിരുന്നു തമ്പുരാനോടു പ്രാൎത്ഥിക്കയും ആ കോപം ആകാത്ത

ശത്രുവാകുന്നതുകൊണ്ടു് ഉടൻതന്നെ അതിനെക്കളവാൻ ശ്രമിക്കയും വേണം. ആയതല്ലാഞ്ഞാൽ ആത്മത്തിൻെറ ആഭരണമാകുന്ന പുണ്യങ്ങളെയും ദൈവതിരുവുള്ളത്തെയും ശത്രുക്കളാലെ കെട്ടതിയില്ലാതെയാക്കുകയും ചെയ്യും. അതിൻവണ്ണമുള്ള ശത്രുക്കളോടു നീ എതിൎത്തു യുദ്ധം ചെയ്യുമ്പോൾ ഭയം കൂടാതെയിരിക്കേണ്ടതിന്നു രണ്ടു കാൎയ്യം നിനയ്ക്കയും വേണം. അതായതു് ആത്മശത്രുക്കൾ എത്രയും ശക്തിയുള്ളതായിരുന്നാലും എന്തൊരു വിഘ്നങ്ങൾ ചെയ്താലും നിൻെറ മനസ്സ അനുസരിക്കാതിരുന്നാൽ നിന്നെ ജയിക്കയില്ലെന്നു നിശ്ചയിച്ചുകൊൾക.

രണ്ടാമതു്, എളിമയോടുകൂടെ തമ്പുരാനോടു പ്രാൎത്ഥിക്കുന്നവനു പരീക്ഷയുടെ സമയങ്ങളിൽ തമ്പുരാൻെറ സഹായമെന്ന നിശ്ചയമായ ശരണമുണ്ടായിരിക്കണം. ശത്രുക്കളുടെ പരീക്ഷകൾ വരുന്ന സമയങ്ങളിൽ അതിനെ വിട്ടു പോവാൻകൂടാതെ യുദ്ധം ചെയ്യേണ്ടിവന്നാൽ തമ്പുരാൻെറ തിരുസഹായത്തെ ശരണപ്പെട്ടുകൊണ്ടു് ധൈൎയ്യമായിരുന്നു് ശത്രുക്കളുടെ പരീക്ഷകൾ ജയിക്കയും വേണം. ഈവണ്ണം ധൈൎയ്യത്തോടുകൂടെ യുദ്ധം ചെയ്തു ശത്രുക്കളെ ജയിച്ചാൽ പുണ്യങ്ങളിൽ വൎദ്ധിച്ചു് അധികമാകുന്ന ഫലങ്ങൾ കിട്ടുകയും ചെയ്യും. ശക്തിയോടുകൂടെ യുദ്ധം ചെയ്യുന്നവൎക്ക ചൈത്താൻെറ പരീക്ഷയാൽ അധിക പുണ്യങ്ങൾ വൎദ്ധിക്കുന്നതെന്നിയെ അവനൊരു ചേതവും വരാ. നരകത്തിൻെറ അഗ്നിപ്പൊരികളാകുന്ന ആകാത്ത വചനങ്ങളാലെ എങ്കിലും കൺനോട്ടത്താലെങ്കിലും വരുന്ന ആകാത്ത ഇഷ്ടങ്ങളാകുന്ന അഗ്നി ഹൃദയത്തിൽ പററിക്കൊള്ളാതിരിപ്പാൻ ഉടനെ തന്നെ ആ അഗ്നിപ്പൊരികളെ സാവധാനമായിരുന്നു് കെടുത്തുകയും വേണം. കെടുത്തേണ്ടുന്ന പ്രകാരമെങ്ങിനെയെന്നാൽ എത്രയും സങ്കടത്തോടുകൂടെ ഈശോമിശിഹാ ആണികളാൽ കുരിശുമ്മേൽ തൂങ്ങിയിരിക്കുന്ന പ്രകാരം ഹൃദയത്തിൻെറ ധ്യാനത്തോടുകൂടെ തൻെറ മേൽ ഉററുസൂക്ഷിച്ചു നോക്കുകയും ഈ തമ്പുരാൻ നീതിസ്വരൂപമായി എല്ലാവരെയും രക്ഷിക്കുന്ന കൎത്താവായിരിക്കുന്ന താൻ നമ്മുടെ ദോഷത്തെ തീൎക്കേണ്ടതിന്നു എത്ര പാടുപെട്ടെന്നും വിചാരിച്ചു ആത്മത്തിൻെറ

കണ്ണാലെ തൻെറ ശുദ്ധമാന തിരുമുറിവുകളെ നോക്കി കണ്ണാലെ കാണുംവണ്ണം കണ്ടുംകൊണ്ട് മുഴുവൻ മനദസ്സോടുകൂടെ ആത്മശത്രുക്കളുടെ യുദ്ധത്തിൽ നിനക്കു സഹായമായിരിക്കണമെന്ന ഹൃദയമൊക്കെയോടുകൂടെ തൻെറ അനുഗ്രഹത്തെ അപേക്ഷിക്കയും അങ്ങിനെ നിങ്ങളിൽ ഒരുത്തരും അറിയാതെ നെഞ്ഞത്തു് കുരിശുവരയ്ക്കുന്നതു് ബഹുസഹായമായിരിക്കും. ഇതെന്നിയേ ഈശോമിശിഹായും എന്ന തിരുനാമത്തെ ഭക്തിയോടുകൂടെ ചൊല്ലികൊണ്ടു് നന്മനിറഞ്ഞ മറിയവും കാക്കുന്ന മാലാകയുടെ നമസ്കാരവും നമസ്കരിക്കയും വേണം.

ഇരുപത്തിഒമ്പതാം മുത്തുകൂടി.

## മുപ്പതാം മുത്താകുന്നതു്

പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ തമ്പുരാനോടു പ്രാർത്ഥിക്കേണ്ടുംപ്രകാരം.

സർവ്വത്തിന്നും വല്ലഭമുള്ള തമ്പുരാനെ! എത്രയും എളിമയോടും ശരണത്തോടും തൻെറ സംഗേതത്തിൽ വരുന്നേൻ. ആത്മശത്രുക്കൾക്കു ഉറക്കമില്ല. എപ്പോഴും എന്നെ ചുഴന്നുകൊണ്ടു് പതുക്ഷിക്കുന്നു. ഞാൻ മന്ദബുദ്ധിയാൽ പല പല വിചാരങ്ങളായി നടക്കുന്നതല്ലാതെ ശക്തിയില്ലാത്തവനായിരിക്കുന്നേൻ. എന്നാലും തമ്പുരാനെ! താൻ അററമില്ലാത്ത ദ്ര്യാവിന്നുടെ കടലായിരിക്കുന്നതിനാൽ എൻെറ മേൽ അനുഗ്രഹമായിരുന്നു രക്ഷിക്കുമെന്നു വിചാരിച്ചു് എന്നെ രക്ഷിക്കേണമെ. തമ്പുരാനെ! താൻ സകല നന്മസ്വരൂപിയായിരിക്കുന്നതിനെക്കൊണ്ടു് ഇനിക്കു ഒരു യോഗ്യം വരാതിരിപ്പാൻ മനഗുണം ചെയ്യേണമേ. ഇതിനെക്കൊണ്ടു് ബാവാതമ്പുരാൻെറ ജ്ഞാനസ്വരൂപമായിരിക്കുന്ന ഈശോ എൻെറ ആത്മത്തിൽ നിന്നു് അവിശ്വാസമെല്ലാം നീക്കി അളവില്ലാത്ത ശക്തിയുള്ള തമ്പുരാനെ എൻെറ ശത്രുക്കളാൽ ഇനിക്കു തോൽവി വരാതിരിപ്പാൻ ശക്തി തരണമേ. അതിൻവണ്ണമുള്ള ശത്രുക്കളുടെവശത്തിൽ ഞാനൊരിക്കലും അകപ്പെടാതിരിപ്പാൻ തമ്പുരാനെ എന്നെ എപ്പോഴും തൻെറ

വശത്താക്കണമേ. എന്റെ ശക്തിക്ഷയം കൊണ്ടെങ്കിലും അവിശ്വാസത്താൽ എങ്കിലും ഞാൻ ചെയ്ത ദോഷങ്ങളൊക്കയും പൊറുത്തുചെയ്താന്റെ അടിമയിൽ നിന്നു് എന്നെ വീണ്ടുകൊണ്ടു് ഇനിമേൽ ഞാൻ തന്റെ അനുഗ്രഹത്താലെ അവന്റെ കയ്യിൽ അകപ്പെടാതിരിപ്പാനും അവനെ ആട്ടിക്കളവാനും എന്റെ ആത്മത്തിന്നു ശക്തി തരണമേ. എന്റെ തമ്പുരാനെ! തന്നാലെ ഞാൻ സൃഷ്ടിക്കപ്പെട്ടവനുമായി തന്റെ ശുദ്ധമാന ചോരയാലെ വീണ്ടുകൊണ്ടവനുമായിരിക്കുന്ന എന്റെ ആത്മശത്രുക്കളുടെ പരീക്ഷകൾ വരുന്ന സമയത്തു് ഇനിക്കു ശക്തി തന്ന തന്റെ ശുദ്ധമാന ചോരയുടെ യോഗ്യതകൾകൊണ്ടു് ഒടുക്കമില്ലാത്ത കാലം മോക്ഷരാജ്യം അനുഭവിപ്പാൻ തന്റെ ദൈവ നന്മ തരണമേ.

മുപ്പതാം മുത്തുക്കുടി.

## മുപ്പത്തൊന്നാം മുത്താകുന്നതു്

മോഹത്തെ വിശേഷമായി ജയിക്കേണ്ടതിന്നു ഉത്തമ ഉപായം. അതെന്തെന്നാൽ ഇങ്ങിനെയുള്ള ദോഷങ്ങൾക്കു് കാരണമായിരിക്കുന്നതിനെയും ഹേതുവായിരിക്കുന്നതിനെയും കൂട്ടാക്കാതെ ഉടനെ തള്ളിക്കളയുന്നതു് ഉത്തമഉപായമായിരിക്കുന്നു. മോഹമെന്ന ദോഷത്തിന്നു കാരണവും അവകാശവും ആയിരിക്കുന്നതെന്തെന്നാൽ മോഹത്തിന്നടുത്ത വചനങ്ങളും മോഹത്തിന്നടുത്ത കാര്യ്യങ്ങളിൽ പററിക്കൊള്ളുന്ന കൺനോട്ടങ്ങളെ തിരിക്കാതെയിരിക്കുന്നതും സ്ത്രീകൾ പുരുഷന്മാരോടും പുരുഷന്മാർ സ്ത്രീകളോടും നേരം-പോക്കായി സംസാരിക്കുന്നതുമെത്രേ മോഹത്തിന്നടുത്ത ദോഷങ്ങൾക്കു് കാരണവും അവകാശമാകുന്നതു്. ഇതിൻവണ്ണമുള്ള കാരണങ്ങളെ വിവേകികളുമായി തമ്പുരാനെ ഭയമുള്ളവരുമായിരിക്കുന്ന വിശ്വാസക്കാരൻ തള്ളി നീക്കാതിരുന്നാൽ ദോഷത്തിലകപ്പെടുന്നതിന്നു മുമ്പേ ദോഷത്തിൽ വീണെന്ന നിശ്ചയം. അപ്പഴേ ചാപദോഷത്താലെ തന്റെ ദോഷം ആത്മം ചത്തുപോയെന്നും ആത്മജീവനാകുന്ന തമ്പുരാന്റെ ദൈവപ്രസാദം പോയെന്നും

വിചാരിച്ചു് ഇത്ര വലിയ ഭാരത്തിന്നു് ബഹുദുഃഖത്തോടുകൂടെ കരകയും നിന്റെ ശക്തിയാൽ ഇന്നുവരയ്ക്കും കന്യാവ്രതത്തോടുകൂടെ വ്യാപരിച്ചെന്നും അതിൻവണ്ണമുള്ള ദോഷങ്ങൾക്കു സംഗതി കൊടുത്തില്ലെന്നും നിന്റെ മേൽ ശരണപ്പെടേണ്ട. അതെന്തെന്നാൽ ഇരുമ്പുപോലെ കഠിനമായിരുന്ന മനസ്സിനെ മോഹഇച്ഛയാകുന്നതു് ഇഴക്കി പിഴച്ചെന്ന ശുദ്ധമാന 'ഈറാനിമ്മോസ' എന്ന മല്പാൻ ചൊല്ലിയിരിക്കുന്നു. ഇതിനെക്കൊണ്ടു് കന്യാവ്രതത്തോടുകൂടെ വ്യാപരിപ്പാൻ മനസ്സുള്ളവൻ തന്റെ കരുത്തിനേയും ശക്തിയേയും ശരണപ്പെടേണ്ട. അതെന്തെന്നാൽ സാവധാനമെന്നിയേ വിവേകം കൂടാതെയും മേൽപ്പറഞ്ഞ മോഹകാരണങ്ങളെ ഉപേക്ഷിക്കാതിരുന്നാൽ അതിലകപ്പെടാതെ പോകുന്നതു് വലിയ അരിമയായിരിക്കും. എന്നതിനെക്കൊണ്ടു് വിവേകികളായിരുന്ന തന്റെ ശരീരത്തിന്റെ കഷ്ടതയെ വിചാരിക്കയും വേണം. അതെന്തെന്നാൽ ശരീരമാകുന്നതു് ദുസ്സ്വഭാവമുള്ള (ദുഃസ്വഭാവ) കുതിരയ്ക്കു ശരിയായിരിക്കും. അതായതു്. ഈവണ്ണമുള്ള കുതിരയെ അടിച്ചാലും തീൻ കുറച്ചാലും ചില സമയങ്ങളിൽ ഉടയവനെ ഉരുട്ടിയും വീഴിച്ചും കടിച്ചുമിരുക്കുന്നതല്ലാതെ വരാ. എന്നവണ്ണം തന്നെ ശരീരത്തെ ഒരു നേരമായ നോമ്പുകൊണ്ടും വേറെ പ്രാച്ഛിത്തങ്ങളെക്കൊണ്ടും അമത്തിയാലും മോഹകാരണങ്ങളെ നീക്കാതിരുന്നാൽ ശരീരം അവന്റെ മദത്തെക്കാട്ടി ആകാത്ത ഇഷ്ടങ്ങളാൽ ആത്മത്തെ ദോഷത്തിലകപ്പെടുകയും ചെയ്യും. നീ ഈ കാര്യത്തെ നല്ലവണ്ണം വിചാരിച്ചു് കന്യാവ്രതത്തെ കാത്തു് നിന്റെ ആത്മത്തിൽ ശുദ്ധമാന റൂഹാദക്കുദാശാ തമ്പുരാന്റെ ശുദ്ധമുള്ള ഇരിപ്പിടമാകുന്ന സ്ഥലമായിരിക്കണമെങ്കിൽ മോഹത്തിന്നടുത്ത ദോഷങ്ങൾ വരുന്ന വഴിയേ അടക്കയും വേണം. ചൈത്താന്റെ പരീക്ഷകൾ ഇല്ലാതിരിക്കയാൽ എണ്ണമില്ലാത്തപേർ കന്യാവ്രതക്കാരരായിരിക്കുന്നു. പരുക്ഷ ഉണ്ടായാൽ ദോഷത്തിലകപ്പെടുന്ന നിന്റെ മനസ്സിൽ നിശ്ചയമായിരിക്കട്ടെ. ഈ നിശ്ചയത്തെ നീ വേണ്ടുംവണ്ണം വിചാരിച്ചു് ദോഷങ്ങൾക്കു കാരണമായിരിക്കുന്ന അവകാശങ്ങളെ അന്വേഷിക്കയും വേണ്ട. മേൽപ്പറഞ്ഞ മോഹഹേതുവും കാരണങ്ങളും ചൈത്താന്റെ പരുക്ഷയായിരിക്കും. കന്യാവ്രതം രക്ഷിപ്പാൻ

നീ മനസ്സുള്ളവനെങ്കിൽ ഈവണ്ണമുള്ള പരീക്ഷയാകുന്ന അവകാശങ്ങളിലകപ്പെടുവാനെന്തു്? ആ അവകാശങ്ങളിലകപ്പെടാതെ ദോഷങ്ങൾക്കു ഭയപ്പെട്ടവനുമായി ബുദ്ധിമാനുമായിരുന്നു് അതിൻവണ്ണമുള്ള മോഹകാരണങ്ങളെ ഉറുതിയുള്ള കരുത്തോടെ നീക്കുകയും വേണം. മേൽപ്പറഞ്ഞ കാരണങ്ങളെന്നിയേ വേറൊരു കാരണം കൂടെ ഉണ്ടെന്നറിഞ്ഞിരിക്കണം. അതെന്തന്നാൽ ആകാത്ത ഇഷ്ടങ്ങൾ മനസ്സിച്ചുണ്ടായാലും സ്ത്രീകൾ പുരുഷന്മാരോടും പുരുഷന്മാർ സ്ത്രീകളോടും വിശേഷസ്നേഹമുണ്ടാകയും വേണ്ട. അതെന്തന്നാൽ അങ്ങിനെയുള്ള സ്നേഹം കുറേനാൾ ദോഷംകൂടാതെയിരുന്നാലും തഴക്കത്താൽ സ്വഭാവമാകുന്ന പക്ഷം ആകാത്ത പക്ഷമായി ദോഷത്തിന്നു കാരണമാകയും ചെയ്യും. ഇതിന്നു ഒരു ഒപ്പാരി പറഞ്ഞുതരാം. അതായതു് "നല്ലവണ്ണം നല്ല വെള്ളവും സ്വഭാവത്താൽ നന്നായിരുന്നാലുംകൂടി ഭേദിക്കുമ്പോൾ മുട്ടയായിട്ടു കലങ്ങിമറികയും ചെയ്യും. എന്നവണ്ണംതന്നെ എത്ര പുണ്യവാനും പുണ്യസ്ത്രീകളുമായിരുന്നാലും മേൽപ്പറഞ്ഞ അവകാശങ്ങൾ നീക്കാതിരുന്നാൽ നീക്കംകൂടാതെ വീഴുകയുംചെയ്യും. എന്നതിന്നു പൈശാചൻ നിന്നെ പിഴപ്പിപ്പാൻതക്കവണ്ണം മേൽപ്പറഞ്ഞ അവകാശങ്ങളിലും കൺനോട്ടങ്ങളിലും ആകാത്ത സ്നേഹങ്ങളിലും കുടുക്കു വച്ചുംകൊണ്ടിരിക്കുന്നെന്നു വിചാരിച്ചു ദോഷത്തിന്നു കാരണമാകുന്ന ആ കാര്യങ്ങൾക്കു് ഇടംകൊടുക്കയുമരുതു്." നിന്റെ മനസ്സിൽ ഉറുതിയോടുകൂടെ തമ്പുരാനെ സ്നേഹിക്കുന്നു. സ്നേഹത്താൽ ആത്മശുദ്ധം വർദ്ധിക്കയും ദോഷമില്ലാതെയാകയും പുണ്യം നിറയപ്പെടുകയും നിനക്കു മഹിമയും കീർത്തിയും വർദ്ധിക്കയും ആ സ്നേഹത്താൽ പൂർണ്ണഫലമാകുന്ന മോക്ഷാനന്ദം അനുഭവിക്കയുമാം.

മുപ്പത്തൊന്നാം മുത്തുകൂടി.

## മുപ്പത്തിരണ്ടാം മുത്താകുന്നതു്

കന്യാവ്രതമെന്ന പുണ്യത്തിന്മേൽ ഇനിയും ചില ബുദ്ധി ചൊല്ലുന്നു:

കന്യാവ്രതത്തിന്റെ വഴി മഹാപിഴകളായിരിക്കകൊണ്ടു് മോഹമെന്ന ദോഷത്തിൽ തെററി വീഴാതിരിപ്പാൻ സാവധാനത്തോടെ നടന്നേ കഴിയൂ എന്നതിനെക്കൊണ്ടത്രേ വേറെ ബുദ്ധി ചൊല്ലേണ്ടിവന്നു. ആദികാരണവനാകുന്ന ആദം എന്ന അപ്പന്റെ ദോഷംകൊണ്ടു് പുണ്യങ്ങൾക്ക വേണ്ടുന്ന ഏറിയ സഹായങ്ങൾ നിഷ്ഫലമായതിനെക്കൊണ്ടു് മാനുഷരുടെ സ്വഭാവം ദോഷത്തിന്മേൽ ചായുന്നതല്ലാതെ മാനുഷൎക്ക പുണ്യമാകുന്ന തരശിയായിരാതെ അതിനെ ചെയ്വാൻ മഹാ അരിമയായിരിക്കുന്നു. അതെന്തെന്നാൽ മാനുഷരുടെ ഇഷ്ടം ദോഷമാകുന്ന കാൎയ്യങ്ങൾക്ക് വലിക്കും. അതല്ലാതെ പുണ്യങ്ങൾക്ക് വലിക്കുന്നില്ല. ഇതിനെക്കൊണ്ടു് ദോഷങ്ങൾക്ക വേറൊരു കാരണവും അവകാശവുമില്ലാതിരുന്നാലും മാനുഷരുടെ സ്വഭാവം ദോഷങ്ങൾക്ക ചായുകയുള്ളൂ. എന്നാൽ മാനുഷരാകുന്നവർ വേഗമെന്നിയേ മോഹത്തിന്നു അവകാശവും കാരണവുമായിരിക്കുന്നു. ആകാത്ത സ്നേഹങ്ങളേയും അശുദ്ധ വചനങ്ങളേയും നീക്കാതെയിരുന്നാൽ ആകാത്ത ഇഷ്ടങ്ങളാകുന്ന വെലമേറുന്ന കയററിനാലെ മനസ്സ് ഇഴക്കി ദോഷത്തിൽ വീഴിക്കുന്നതിന്നു സംശയമോ? ഇതിനെക്കൊണ്ടു് ശുദ്ധമാന കന്യാവ്രതം രക്ഷിപ്പാൻ മനസ്സുള്ള വിശ്വാസക്കാരൻ മോഹത്തിന്നു ഹേതുവായിരിക്കുന്ന കാൎയ്യങ്ങളെ ഉപേക്ഷിക്കയും വേണം. അതായതു പുരുഷന്മാർ സ്ത്രീകളോടും സ്ത്രീകൾ പുരുഷന്മാരോടും സ്നേഹവും വചനങ്ങളും ആവശ്യംകൂടാതെ തുടങ്ങേണ്ടാ. അതെന്തെന്നാൽ പുരുഷരും സ്ത്രീകളും പുണ്യമുള്ളവരായിരുന്നാലും കുറേനാൾ ദോഷം കൂടാതെ വ്യാപരിച്ചാലും അതിൻവണ്ണമുള്ള സ്നേഹങ്ങളാലും വചനങ്ങളാലും ദോഷംവരുന്നതിന ഹേതുവായിരിക്കുന്നതും എന്നിയേ ക്രമേണ അപകീൎത്തിയും വന്നു് പുണ്യങ്ങൾ നഷ്ടമാകയും കഷ്ടതയിൽ കഷ്ടമാകുന്ന തമ്പുരാന്റെ തിരുവുള്ളക്കേട് ശേഷിക്കയും ചെയ്യും. ഏറിയപേർ എത്രകാലം കന്യാവ്രതം സൂക്ഷിച്ചു വ്യാപരിച്ചതിനാൽ ഈ കാൎയ്യത്തിന്മേൽ ഏറിയ പരീക്ഷകൾ മഹാശക്തിയോടും ധൈൎയ്യത്തോടും ജയിച്ചു് ബലപ്പെട്ടു് ഈ ശത്രുവെ കീഴ്പ്പെടുത്തിയതിന്റെ ശേഷം സാവധാനമായി നടക്കാതെ

മേൽപ്പറഞ്ഞ കാൎയ്യങ്ങൾക്കിടംകൊടുത്ത ഹേതുവാൽ ഈ ദോഷത്തിൽ നിൎഭാഗ്യരായി വീണുപോകയും ചെയ്യും. എന്നതിനെക്കൊണ്ട് കന്യാവ്രതം രക്ഷിക്കണമെന്ന് മനസ്സുള്ളവർ ഭയത്തോടുക്രുടയും വലിയ സൂക്ഷത്തോടുക്രുടിയും നടക്കയും വേണം. മേൽപ്പറഞ്ഞ വചനങ്ങളെയും സ്നേഹങ്ങളെയും കൺനോട്ടങ്ങളെയും ഇല്ലാതെയാക്കുന്നതും എന്നിയേ ശരീരം രക്ഷിക്കേണ്ട കാൎയ്യങ്ങളിൽ തന്നെയും മോഹരസങ്ങൾക്ക് അവകാശങ്ങൾ വരുമെന്ന് കണ്ടാൽ അതിൻ വണ്ണമുള്ള കാൎയ്യങ്ങളെയും ദോഷങ്ങൾക്ക ഹേതുവാകുന്ന ആയിടത്തെയും തുനിവോടെ ഉപേക്ഷിക്കയും വേണം. വിഷത്തെ ആരുകുടിക്കും? അതിനെ യാതൊരുത്തൻ കുടിപ്പാൻ ശത്രുവാകുന്നവൻ പാലിലെങ്കിലും പഞ്ചസാരയിലെങ്കിലും കലൎത്തികൊടുത്താൽ സാവധാനമില്ലാത്തവൻ പാലെന്നും പഞ്ചസാരയെന്നും വിചാരിക്കയും കുടിക്കയും മരിക്കയും ചെയ്യും. എന്നവണ്ണം ശത്രുവാകുന്ന ചെത്താൻ മേല്പറഞ്ഞ സ്വഭാവത്താലെ സ്നേഹങ്ങളിലും വചനങ്ങളിലും വിഷമാകുന്ന ദോഷകാരണങ്ങളെ കൊടുക്കും. ഇതിനെക്കൊണ്ട് ഇങ്ങനെയുള്ള കാൎയ്യങ്ങളിലെത്രയും സൂക്ഷിച്ചു നടക്കയും തമ്പുരാന്റെ തിരുമനസ്സുപോലെ നടന്നു തന്റെ ചിററാഴിമ്മയിൽ വൎദ്ധിക്കണമെന്ന മനസ്സുള്ള വിശ്വാസക്കാരനാകുന്ന തമ്പുരാന്റെ അടിമയാകുന്നവൻ എപ്പോഴും ഭയപ്പെട്ടു തന്റെ തിരുമനസ്സിലേക്ക് ചേരാത്ത കാൎയ്യം വരാതിരിപ്പാൻ ശങ്കിച്ചു നടക്കയും വേണം. അതെന്തന്നാൽ ആത്മശത്രുക്കളൊക്കെക്കാൾ മോഹമെന്ന ശത്രു മഹാശക്തിയുള്ളവനായിരിക്കകൊണ്ട് നീ ശക്തിയേയും പുണ്യത്തെയും ശരണപ്പെടാതെ ഭയപ്പെട്ടു തമ്പുരാന്റെ അനുഗ്രഹമുണ്ടായി നടപ്പാൻ ക്രുടെക്രുടെ പ്രാൎത്ഥിച്ചുകൊൾകയുംവേണം. അതെന്തന്നാൽ നികളംകൊണ്ട് നിന്റെ ശക്തിയെ ശരണപ്പെടുന്ന ദോഷത്തിൽ നിമിഷത്തിലകപ്പെടുവാൻ കാരണമായിരിക്കും അതായത്ു ശ്ലേമ്മോനെന്ന രാജാവേക്കാൾ നീ ബുദ്ധിമാനുമല്ല. മാർ ദാവീദ് എന്ന പുണ്യരാജാവേക്കാൾ നീ പുണ്യവാനുമല്ല. അതെന്തന്നാൽ ശ്ലേമ്മോൻ സ്ത്രീസ്നേഹംവച്ചതിനാൽ നരകത്തിലകപ്പെട്ടു വലയുന്നു. ദാവീദ് എന്ന പുണ്യരാജാവു് നോട്ടത്താൽ ദോഷത്തിലക-

പ്പെട്ടകയും ചെയ്യു. ഇതിനെക്കൊണ്ടു് നീ ഭയപ്പെട്ടു് നിൻെറ ബുദ്ധിയേയും പുണ്യത്തേയും ശരണപ്പെടാതെ എത്രയും വലിയ സൂക്ഷത്തോട്ടക്രടെ നടക്കയും വേണം.

മുപ്പത്തിരണ്ടാം മുത്തുക്രടി.

## മുപ്പത്തിമൂന്നാം മുത്താകുന്നതു്

മോഹദോഷം ഹേതുവാൽ പഞ്ച ഇന്ദ്രിയങ്ങളുടെ വാതിലുകളെ അടക്കയും വേണം.

പുണ്യവാനായിരിക്കുന്ന തമ്പുരാൻെറ അടിയാനാകുന്നവൻ ആകാത്ത വിചാരങ്ങൾ തൻെറ ആത്മത്തിൽ വരാതിരിപ്പാനും അനേകം ദോഷങ്ങൾ ഉണ്ടാകാതിരിപ്പാനും തക്കവണ്ണം ആത്മത്തിന്റെ വാതിലുകളാകുന്ന കൺകളെ അടക്കയും വേണം. അതെന്തന്നാൽ യാതൊരു വസ്തുവേ കണ്ടാൽ ആകാത്ത വിചാരം വരുമെന്നാൽ ആവണ്ണമുള്ള വസ്തുക്കളെ നോക്കാതിരിക്കയും വേണം. അതിന്നടുത്ത സ്ഥലങ്ങളിൽ മോഹത്തിനു കാരണമാകുന്ന ആളുകളെ കണ്ടാൽ ആകാത്ത വിചാരങ്ങൾ വരുമെന്നാൽ ആയിടങ്ങളിൽ പോകാതിരിക്കയും കാൎയ്യമായ അതത്തു വീട്ടുകളിൽ പോകുന്നതിനാൽ മോഹവിചാരം വരുമെന്നാൽ ആ വീട്ടുകളിൽ പോകാതിരിക്കയും കാൎയ്യമായി അങ്ങാടികളിലും വഴികളിലും പോകേണ്ടിവന്നാൽ അവിടെ കാണുന്നവരെ ഉററു നോക്കുകയും വേണ്ടു. ഈവണ്ണംതന്നെ മോഹത്തിന്നടുത്ത വചനങ്ങൾ പറയാതേയും കേൾക്കാതേയും വാ, ചെവി, കണ്ണു് എന്നു ആത്മത്തിൻെറ ഈ മൂന്നു വാതിലും നല്ലവണ്ണം അടച്ചു ആവശ്യമായിട്ടു തുറക്കേണ്ടു സമയങ്ങളിൽ തമ്പുരാൻെറ പക്കൽ ഭയമെന്ന കാവലു് ആ വാതിലിൽവച്ചു് അതിനെ തുറക്കയും വേണം. എന്നതിന്റെ അൎത്ഥമെന്തെന്നാൽ സ്ത്രീകളാകുന്നവർ പുരുഷരോട്ടം പുരുഷന്മാർ സ്ത്രീകളോട്ടം കാണ്മാനും പറവാനും കേൾപ്പാനും കാൎയ്യമുണ്ടായാൽ ഉടയതമ്പുരാൻ തൃക്കൺപാൎത്തിരിക്കുന്നെന്നും വിചാരിച്ചു തന്നെ ഭയപ്പെട്ടു ആഭയത്തോട്ടക്രടെ വചനങ്ങൾ പറകയും കേൾക്കയും വേണം. എന്നതിനെക്കൊണ്ടു് പുണ്യവാനായിരിക്കുന്നവൻ ചെകിട്ട

# കളരിവിദ്യ

പ്രാചീനകേരളസംസ്കാരത്തെ സംബന്ധിച്ചുള്ള പല വിഷയങ്ങളെയും പററിപ്രതിപാദിക്കുന്ന പഴയ ഗ്രന്ഥങ്ങൾ ഈ ത്രൈമാസികംവഴി പ്രസിദ്ധപ്പെടുത്താൻ യത്നിക്കുന്നതാണു്. കളരിവിദ്യ വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണല്ലോ.

ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ കൈവശമുള്ളവർ അയച്ചുതന്നു സഹായിക്കണമെന്നു് അപേക്ഷിക്കുന്നു.

ശൂരനാട്ടു കുഞ്ഞൻപിള്ള
ആണററി ഡയറക്ടർ.

(ഹസ്തലിഖിതഗ്രന്ഥശാലയിലെ 75-ാംനമ്പർ പകർപ്പിനെ ആധാരമാക്കിയാണു് ഇതു പ്രസിദ്ധംചെയ്യുന്നതു്. കളരിവിദ്യ ഇന്നു ലുപ്തപ്രചാരമായിത്തീർന്നുപോയെങ്കിലും ശരീരാഭ്യാസത്തിൻെറയും ആയോധനസമ്പ്രദായത്തിൻെറയും ഒരു ശാസ്ത്രമെന്ന നിലയിൽ അതു് ഒരു കാലത്തു കേരളത്തെ കോരിത്തരിപ്പിച്ചിരുന്നു. അങ്ങനെ ഒരു പ്രാചീനസമ്പത്തായ കളരിപ്പയററിലെ മുറകളും ചടങ്ങുകളും എന്തെല്ലാമെന്നറിയുന്നതു രസകരമായിരിക്കുമല്ലോ.)

## ദ്രോണമ്പള്ളിൽ സമ്പ്രദായം.

മോനെയ്യിലെ അടവു പയിററേണ്ടും പ്രകാരം:—ഉദിക്കുന്നതിന്നു മുമ്പേ കച്ചകെട്ടി മെയ്യിളക്കി മെഴകിട്ടു കുമ്പിട്ടു കെട്ടി കുമ്പിട്ടു കെട്ടണക്കി കൈവീശി ചടവു് എടുക്ക. പിന്നെ കൈവീശി കാലടവുകൾ ഒക്കെയും എടുക്ക. പിന്നെ പൊന്തി കുത്തി മെയ് വലിഞ്ഞു നടക്ക.

പിന്നെ പൊന്തി പരിശ എടുത്തു കുമ്പിടേണ്ടും പ്രകാരം:— പൊന്തി പരിശമേൽ വലിക്കുന്ന സ്വരൂപത്തെ വിചാരിച്ചു പൊന്തി പരിശയെടുത്തു നിരൃതിരാശി നേരേ വലത്തുകാലു പുറകിലും ഇടത്തുകാലു മുമ്പിലും പൊന്തി പരിശ വിളമ്പത്തു ചേർത്തുപിടിച്ചുനിന്നു വലത്തുകാലു് ഇളക്കിക്കുത്തി ഇടത്തുകാലു് ഇടത്തോട്ടുവച്ചു എടുത്തുകുത്തു. കെട്ടി താണു പരിശ കൈക്കടിച്ചു നിവൻറു വലത്തുകാലു് അകലെ തൂക്കിവച്ചു നിരൃതിയിൽ ഗണപതി എന്നു മനസ്സിൽ നിരൂപിച്ചു തൊഴുതു വന്ദിച്ചു പൊന്തി പരിശ

ചുഴിച്ചു പുറകോട്ടു എഴുന്നുമാറി നിവൃത്തി വലത്തുകാല് മുമ്പോട്ടു് ഇളക്കിവച്ചു പൊന്തി നിലത്തടിച്ചു കാലുക്രുട്ടി തുടയ്ക്കുകത്തു് മെയ് താണു കച്ചയ്ക്കുകത്തു പററിനീട്ടി തട്ടത്തു കുമ്പിട്ടു. വാട്ടിച്ചാനി വീണു തൊഴുതു മാറി ധനുരാശിയിൽ തരസൊതി[1] എന്നു മനസ്സിൽ നിരൂപിച്ചു തൊഴുതു കുമ്പിട്ടു വന്ദിച്ചു തൊഴുതു മാറി പൂർവ്വരാശിയിൽ ഗുരുവെന്നു നിരൂപിച്ചു തൊഴുതു കുമ്പിട്ടു വന്ദിച്ചു തൊഴുതു മാറി അസ്തമരാശിയിൽ വൈണ്ണകൻ വേദവ്യാസൻ ഭരദേവത എന്നു നിരൂപിച്ചു തൊഴുതു കുമ്പിട്ടു വന്ദിച്ചു തൊഴുതു മാറി നിരൃതിയിൽ തൊഴുതു വന്ദിച്ചു പൊന്തി മോന പരിശ വിളമ്പിന്നു ചേത്തു പിടിച്ചു ഇടത്തുകാലേൽ താണുനിന്നു മൂന്നു ചുവടു പുറകോട്ടു മാറി വലത്തിരുത്തി ചുഴിച്ചുകൊടുക്ക. കുത്തുമെയ് താണു് ഇടത്തു കാലേൽ കീഴമോനചൂടി നീട്ടിവലിച്ചു ഇടത്തുകാല് കാലകത്തു കെട്ടി പരിശ കൈയ്യൂടിച്ചു്. ഇങ്ങനെ കുമ്പിടുക ലക്ഷണം എന്നറിക.

ഇന്നി മോനെയ്യിലേ കുമ്പിടുക. അടവു പയിറ്റേണ്ടും പ്രകാരം. പൊന്തി പരിശ വെളമ്പത്തു ചേത്തുപിടിച്ചു് ഇടത്തുകാലു മുമ്പിലും വലത്തുകാലു പുറകിലും ക്രുട്ടി നിന്നു പൊന്തി പരിശ ഇളക്കി ഇടത്തുകാല് ഇടത്തോട്ടു വച്ചു് എടുത്തു് അകത്തു കെട്ടി താണിരുത്തി പരിശ അകത്തടിച്ചു വലത്തുകാല് മുമ്പോട്ടു തൂക്കി വച്ചു് പൊന്തി പരിശക്രുട്ടിത്തൊഴുതു വന്ദിച്ചു ചുഴിച്ചെഴുന്നു് പുറകോട്ടു മാറി നിവൃത്തി പരിശ വെളമ്പു് കച്ചയ്ക്ക പറ്റിച്ചരിച്ചു് മലത്തിപ്പിടിച്ചു് വലത്തേതാ അകത്തുകേറി നീട്ടിപ്പിടിച്ചു് വലത്തു കാലുങ്കലേ ചവിട്ടി പൊന്തി വലത്തൊഴിച്ചു് പിടിച്ചു് പരിശ പുറത്തടിച്ചു താഴെക്രുട്ടിത്തട്ടത്തു പൊന്തി ഇരുത്തി തിരിച്ചുകേറി വലത്തിരുത്തി കണ്ണെ ആരയ്ക്കു വെള്ള നിവൃകയിലും പററി ഇടത്തു കാലു വലിച്ചുക്രുട്ടി നിവിന്നുനിന്നു് ഇടത്തുകാലകലെ തൂക്കിവച്ചു വലത്തുകാല് അകത്തുകെട്ടി തെററി മാറിത്തിരിഞ്ഞുനിന്നു വലത്തു കാല് അകലെ വച്ചു് തുടയ്ക്കുകത്തു മെയ് താണു ഒളകിട്ടു കാലുക്രുട്ടി തുടയ്ക്കുകത്തു നെഞ്ചിൽ താണുനീട്ടി തട്ടത്തു എഴുന്നുവീണു് ഇരുത്തി

---

1 സരസ്വതി.

തിരിച്ച് കേറി പൊന്തി പരിശ കച്ചയ്ക്കു പററി തിരിച്ചു വീണ വലത്തു കാച്ച് അകലേ വച്ച് ഒളകിട്ടു നീട്ടി തട്ടത്തു കമ്പിട്ടു വന്ദിച്ചു വണങ്ങിയിട്ടു തുടയ്ക്കുകത്തു മെയ് താണ ചൊരിക്ക നീട്ടി ഇരുത്തി തിരിച്ചു കേറി കണ്ണ ആർയ്ക്കു പരിശ താലയിലും പററി കാലുക്രുട്ടി നിവിന്നുനിന്ന വലത്തുകാലു തൂക്കിവച്ച് ഇടത്തുകാല് അകത്തുകെട്ടി എഴുന്ന തിരിച്ചു വീണ പൊന്തി പരിശക്രുട്ടി പിടിച്ചു കച്ചയ്ക്കു പററി നെഞ്ചിൽ താണ വലത്തുകാലേലൊളകിട്ടു കാലുക്രുട്ടി നീട്ടി തട്ടത്തു കമ്പിട്ടു വന്ദിച്ചു വണങ്ങി ഇട്ടു ചൊരിക്ക നീട്ടി മുന നേരേ വച്ചു പിടിച്ചു ഇടത്തുകാലേൽ താന്നുനിന്ന മേതാര കീഴ്താര ഒപ്പിച്ചു മൂന്ന ചുവട്ടു പുറകോട്ടു മാറി പൊന്തി പരിശയിളക്കി-പ്പിടിച്ചു എഴുന്ന വീണ താണുനിന്ന പൊന്തി പരിശക്രുട്ടിയിളക്കി വലിച്ചു കച്ചയ്ക്കു പററി ഇടത്തുകാല് പുറകിൽ മാറി മലന്ന തിരിച്ചു വീണ വലത്തു ചുവട്ടുവച്ചു ഒളകിട്ടു കാലുക്രുട്ടി നീട്ടിത്തട്ടത്തു കമ്പിട്ടു വന്ദിച്ചു വണങ്ങി ഇട്ടു നെഞ്ചിൽ താണ ചൊരിക്ക നീട്ടി ഇടത്തുകാലേൽ താന്നുനിന്ന മുന നേരേ വച്ചുപിടിച്ചു മേത്താര കീഴ്ത്താര ഒപ്പിച്ച് മൂന്ന ചുവട്ടു പുറകോട്ടു മാറി ചുഴിച്ചു മെയ് താണ കീഴ്ത്താര നീട്ടിച്ചുരുക്കി ഇടത്തുകാല് അകത്തുകെട്ടി പരിശകെയ്ക്കുടിച്ചാ.

ഇനി രണ്ടാമത്തു: മുമ്പിൽക്രുട്ടി തൊഴുതപോലെ എല്ല്അടവീണ തൊഴുതുകൊട്ടുക്കയും വണ ഇരുത്തിൻെറ കൈചുവട്ടു മാറി മാറി സാധിച്ചുകൊൾകയും വേണം. രണ്ടാമത്തു ക്രുട്ടിത്തൊഴുതു വന്ദിച്ച് ചുഴിച്ചെഴുന്ന പൊറകിൽ മാറി നിവുത്തി മുന നേരേ ചേത്തു പിടിച്ചു നിന്ന മുമ്പോട്ടു അകലേ നടന്ന തൂങ്ങി ഇടത്തു കാലേൽ താണുനിന്ന പൊന്തി പരിശ ക്രുട്ടിപ്പിടിച്ചു പുറകോട്ടു വാങ്ങി വലത്തു കെട്ടി കട്ടത്തിരുത്തി കമ്പിട്ടു വന്ദിച്ചു ആകവണങ്ങിഇട ഇടത്തുകാല് നീട്ടി തുടയ്ക്കുകത്തു നെഞ്ചിൽ താണ ചോരിക്ക നീട്ടി പൊന്തി പരിശ ചേത്തു നീട്ടിപ്പിടിച്ചു ഇടത്തുകാലേൽ താണുനിന്ന കട്ടത്തുടിവഷയിൽ മുനയും ഇടത്തുവലത്തു പരിശയും ക്രുട്ടി ഇളക്കിപ്പിടിച്ചു വലത്തുകാല് തൂക്കിവച്ച് ഇടത്തുകാല് തൂക്കിവച്ച് വലത്തുകാല് ചവിട്ടി ഇടത്തു കാലേൽ തൂങ്ങി ഇളക്കിപ്പിടിച്ച് പുറകോട്ടു എഴുന്നടച്ചു മാറി

പുറകിൽ വട്ടക്കാലേൽ താണിരുത്തി പൊന്തി പരിശ ഇളക്കിപ്പിടിച്ചു വലത്തുകാലു ചവിട്ടി ഇടത്തുകാലു പുറകിൽ കെട്ടി ഇടത്തുകാലു ചവിട്ടി വലത്തുകാലു പുറകിൽ കെട്ടി ഇടത്തുകാലു ചവുട്ടി വലത്തുകാലു പുറകിൽ കെട്ടി ഒത്തി വലത്തുകാലു അകലെ ചവിട്ടി ഇടത്തുകാലേൽ തൂങ്ങു. മുന ചേർത്തുപിടിച്ചു ഇടത്തുകാലേ താണുനിന്നു പുറകോട്ടു ഇളക്കിപ്പിടിച്ചു മാറി എഴുന്നാടച്ചു മാറി വട്ടക്കാലേലിരുത്തി പൊന്തി പരിശ കൂട്ടി എടുത്തു കച്ചയും പററി ചുവട് അകലെ വച്ചു നെഞ്ചിൽ താണു ചുഴിച്ചുകോർത്തു അകലെ കെട്ടി ഇടത്തുകാലേൽ പരിശ കുത്തി മുനനീട്ടി ചുവടുവച്ചു ഒളക മാറിത്തടുത്തു നീട്ടി മാറി കൂട്ടി അടിച്ചൊളകമാറി കൂട്ടി ആടിച്ചു മുനനീട്ടി മാറി കൂട്ടിയാടിച്ചാ ഒളക മുമ്പോട്ടുവച്ചു കൂട്ടി അടിച്ചു നീട്ടി മുമ്പോട്ടുവച്ചു ഒളകിട്ടു കൂട്ടിപ്പിടിച്ചു ഇടത്തുകാലു പുറകിൽ കെട്ടി പൊന്തി പരിശ വെളുമ്പത്തു ചേർത്തു കൂട്ടിപ്പിടിച്ചു നിലത്തു പരിശ ഊന്നാ. മുമ്പോട്ടു ഒത്തു നടന്നു എഴുന്നു വീണിരുത്തി തിരിച്ചു പൊന്തി പരിശ കച്ചയും പററിക്കൂട്ടി ഇരുത്തി മലന്നു തിരിച്ചു വീണു വലത്തുകാൽവച്ചു ഒളകിട്ടു ഇടത്തുകാലു കൂട്ടി നെഞ്ചിൽ താണു നീട്ടിത്തടുത്തു കുമ്പിട്ടു വന്ദിച്ച് ആകവണങ്ങി ഇട്ടു ഇടത്തുകാലുനീട്ടി പൊന്തി പരിശ കൂട്ടിപ്പിടിച്ചു നെഞ്ചിൽ താണു ചൊരിക്ക നീട്ടി ഇടത്തുകാലേൽ താണുനിന്നു മുന പരിശയും ചേർത്തുപിടിച്ചു മേതാര കീഴതാര ഒപ്പിച്ചു മൂന്നു ചുവടു പുറകോട്ടു മാറി എഴുന്നു വീണു പൊന്തി പരിശ ഇളക്കിപ്പിടിച്ചു കച്ചയും പററി മലന്നു തിരിച്ചു വീണു പൊന്തി പരിശ കൂട്ടി വലത്തുകാലേലൊളകിട്ടു കാലുകൂട്ടി നീട്ടിത്തടുത്തു കുമ്പിട്ടു വന്ദിച്ചു വണങ്ങി ഇട്ടാ. ഇടത്തുകാല് നീട്ടി പൊന്തി പരിശ കൂട്ടിപ്പിടിച്ചു തൊടയുംകത്തു നെഞ്ചിൽ താണു ചൊരിക്ക നീട്ടി ഇടത്തുകാലേൽ താണുനിന്നു മുന വാരിക്ക ചേർത്തു പിടിച്ചു മേതാര കീഴ്താര ഒപ്പിച്ചു മൂന്നു ചുവടു പുറകോട്ടു മാറി എടത്തുകാലേ ചുഴിച്ചു കീഴ്ത്താര നീട്ടി വലിച്ചു ഇടത്തുകാല് അകത്തു കെട്ടി പരിശ കയ്യൂടിച്ചാ. രണ്ടാമത്.

ഇനി മൂന്നാമത്:—പൊന്തി പരിശയും ചേർത്തു പിടിച്ചു എടത്തുമാറി അകത്തുകെട്ടി പരിശ കയ്യൂടിച്ചു വലത്തുകാലു തൂക്കി വച്ചു പൊന്തി പരിശകൂട്ടി തൊഴക. ചുഴിയെഴുന്ന് പുറകോട്ടു

എഴുന്നുമാറി നിറുത്തി അകലെ മുമ്പോട്ടു നടന്നുതുങ്ങി ഇടത്തു കാലേൽ താണുനിന്നാ പൊന്തി നിലത്തടിച്ചു പുറകോട്ടു ഒത്തി മാറി പൊന്തി പരിശ വെള്ളമ്പത്തു ചേർത്തുപിടിച്ചു വട്ടക്കാലേൽ താണിരുത്തി വലത്തുകാലു തൂക്കിവച്ചു ഇടത്തുകാലു് തൂക്കിവെച്ചു പൊന്തി പരിശ കൂട്ടിപ്പിടിച്ചു വലത്തുകാലേൽ ചുഴിച്ചുകോത്തു ഒളകിട്ടു ഇടത്തുകാലുകൂട്ടി മെയ്താണു നീട്ടിതട്ടത്തു കുമ്പിട്ടു വന്ദിച്ചു് വണ്ങിയിട്ടു് പൊന്തി പരിശ കൂട്ടിപ്പിടിച്ചു മെയ് താണു ചൊരിക്ക നീട്ടി കാലുകൂട്ടി താഴിച്ചയിൽ വലത്തുകാലിളക്കി മുമ്പോട്ടുവച്ചു് പൊന്തി പരിശകൂട്ടി ആടച്ചാ കഴെ കട്ടത്തുകൂട്ടി ആടച്ചിരുത്തി പൊന്തി പരിശകൂട്ടി ഇളക്കിപ്പിടിച്ചു് പുറകോട്ടു എഴുന്നു്മാറിക്കൂട്ടി ആടച്ചാ പൊന്തി പരിശ വെള്ളമ്പിന്നു ചേർത്തു പിടിച്ചു് ഇടത്താ-ട്ടിരുത്തി വലത്തുവന്നു മുമ്പോട്ടു് ഒത്തിച്ചുഴിച്ചുകെട്ടി വലത്തുകാലു ചവിട്ടി ഇടത്തുകാലേൽ:തുങ്ങി താണുനിന്നു മുന പരിശവെള്ളമ്പിന്നു ചേർത്തു പിടിച്ചു് പുറകോട്ടു് എഴുന്നുവാങ്ങിക്കെട്ടി താഴെ തട്ടത്തി-രുത്തി വന്ദിച്ചു ആക വണ്ങിയിട്ടു ഇടത്തുകാലു നീട്ടി പൊന്തി പരിശകൂട്ടി തുടയ്ക്കുകത്തു മെയ്ഒളിച്ചു ചൊരിക്ക നീട്ടി ഇടത്തു കാലേൽ താണുനിന്നു കണ്ണ നെഞ്ഞത്തും മുന വെള്ളമ്പത്തുചേർത്തു പിടിച്ചു കൂട്ടിത്തട്ടത്തു മറിച്ചു മേതാരനീട്ടി താഴെ കെട്ടി അകലെ അടച്ചു എഴുന്നു പുറകോട്ടു മാറി ലക്ഷണം ഒപ്പിച്ചു ഇടത്തുകാലേൽ തൊടയ്ക്കുകത്തു താണുനിന്നു മേതാരവച്ചുപിടിച്ചു രണ്ടുതട്ടു അകലെ കൈമറിച്ചു നീട്ടുക. അകലെ ചുവടുവച്ചു തട്ടത്തുനീട്ടുക. പുറകോട്ടു അകലെമാറി തട്ടത്തുനീട്ടി പിന്നെ പുറകോട്ടു അകലെ മാറിത്തട്ടത്തു നീട്ടി വലത്തുകാലേൽ തട്ടത്തു മെയ്താരനീട്ടി മാറിക്കഴകെട്ടി മാറി അടച്ചു വേകത്തിലെടുത്തു ചാച്ചു ചുവടു മുമ്പോട്ടു് അകലെ തൂക്കിവച്ചു നെഞ്ചിലെടുത്തു മെയ്താണു ചുഴിച്ചുകോത്തു് വലത്തു കാൽവച്ചു ഇടത്തു ചാച്ചാളടൽ കെട്ടി അകലെ അടച്ചാ ഉടൽതട്ടത്തു മേതാരനീട്ടി പുറകോട്ടു മാറി എടത്തുകാലേ തട്ടത്തു തൊടയ്ക്കുകത്തു മെയ്താണു കീഴ്താര നീട്ടി നടന്നു കട്ടത്ത മെയ്താര നീട്ടിനടന്നു കഴകെട്ടി അകലെ ചുവടുവച്ചു് അടച്ചു് ഉടൽ ചാച്ചുകളഞ്ഞു മേതാര കൂട്ടിക്കെട്ടി അവിടെത്തന്നെ ഒത്തു കടകംവെട്ടി കൂട്ടി ഒളക

മേതാരകെട്ടി വെട്ടി കെട്ടിവെട്ടി പൊന്തി മുന പരിശ വെളുമ്പത്തു ചേർത്തുപിടിച്ചു ഇടത്തുകാലേൽ താണുനിന്നു് മെയ്താര കീഴ്താര മൂന്നുചുവട് പുറകോട്ടു മാറി വലത്തുമാററി എടുത്തു ചുഴിച്ചു തൊടയ്ക്കകത്തു മെയ്താണു കീഴ്മുന നീട്ടി ഉടൽവലിച്ചു ഇടത്തു-കാൽ അകത്തുകെട്ടി പരിശകെട്ടിച്ചു് ഇങ്ങനെ കുമ്പിടുക. അടവു മൂന്നു് എന്നു ചൊല്ലുക.

ഇതിന്റെ ഉപദേശക്കൈകളെക്കൂട്ടി പരിശ പുറത്തുപൊന്തി അടിച്ചു താഴെ തടുക്കുന്നേടത്തു ഇടത്തിരുത്തി തിരിച്ചു കേന്നടത്തു ചൊരിക്ക നീട്ടുന്നേടത്തു നീട്ടിത്തടുത്തു കുമ്പിടുന്നേടത്തു ഒററയിട്ടു തടുക്കുന്നേടത്തു ഇടത്തുമാറി ചുഴിച്ചുകെട്ടുന്നേടത്തു ചെല താൽപ്പര്യംകെയികേളീതിൽത്തന്നെ മറെറാരുഭാഗത്തു നോക്കിയാൽ കാണാം. ഇതു കുമ്പിടുക. അടവു മൂന്നു്. ഗുരുവേ ശരണം.

ഇനി നാലാമതു:—പൊന്തി പരിശ നേരേ വട്ടംപിടിച്ചു് ഇടത്തോട്ടു മാറി ഇടത്തുകാലു് അകത്തുകെട്ടി പരിശ കയ്യൂടിച്ചു് വലത്തുകാലു് അകലെ തൂക്കിവച്ചു കൂട്ടിത്തൊഴുതു ചുഴിച്ചെഴുന്നു പുറകോട്ടു് മാറിനിറുത്തി മുന നേരേ പരിശവെളുമ്പത്തുചേർത്തു പിടിച്ചു് മുമ്പോട്ടു മേതാര കീഴ്താര ഒപ്പിച്ചു് മൂന്നുചുവടു അകലെ നടന്നുതുങ്ങി നെഞ്ചിലെടുത്തു് തുടയ്ക്കകത്തു താണുനിന്നു ഇടത്തു-കാലേൽ മെയ്താണു ഇടത്തോട്ടു മാറി താഴ്ച്ചയിൽ വലത്തോട്ടു തിരിച്ചിരുത്തി ഇടത്തുകാലു് അകത്തുകെട്ടി മലന്നു തിരിച്ചുവീണു പൊന്തി പരിശ തിരിച്ചു് മുമ്പോട്ടു് അകലെ ഒത്തി നടന്നു ഇടത്തുകാലേൽതുങ്ങി താണുനിന്നു കണ്ണനെഞ്ഞത്തു മുന പരിശ വെളുമ്പിന്നു ചേർത്തുപിടിച്ചു പുറകോട്ടു എഴുന്നുവാങ്ങി കെട്ടിയിരുത്തി തടുത്തു വന്ദിച്ചു ആകവണങ്ങിയിട്ടു ചൊരിക്കനീട്ടി ഇടത്തുകാലേൽ താണുനിന്നു തടുത്തു മേതാര നീട്ടി അകലെ താഴെകെട്ടി അകലെ അടച്ചെഴുന്നു് പുറകോട്ടുമാറി ഇടത്തുകാലേൽ താണുനിന്നു് തടുത്തു മേതാരനീട്ടി കീഴ്താരനീട്ടി അകലെ ചുവടുവച്ചു കെട്ടിഅടച്ചു ചായു കളഞ്ഞു പിന്നെയും മേതാരനീട്ടി തടുത്തു കീഴ്താരനീട്ടി അകലെ ചുവടു വച്ചു് കെട്ടിഅടച്ചു പിന്നെയും തടുത്തു മേതാരനീട്ടി കീഴ്താരനീട്ടി പുറകോട്ടകലെ മാറി കെട്ടിഅടച്ചു പിന്നെയും

മേതാരനീട്ടി കീഴ്താരനീട്ടി പുറകോട്ടുമാറി കെട്ടിഅടച്ച് വലത്ത് കാലേൽ തട്ടത്ത് മേതാരനീട്ടി മാറി തഴകെട്ടിഅടച്ചു മുമ്പോട്ടു അകലെ ചുവടുവച്ച് ചുഴിച്ചുകോത്ത് അകലെ ചുവടുവച്ചുഴിച്ചു കോത്ത് അകലെ കെട്ടിഅടച്ച് എടുത്ത് ചാച്ചുകളഞ്ഞു് ഒടൽ കെട്ടിഅടച്ചു തട്ടത്ത് മേതാര നീട്ടി മാറിത്തട്ടത്ത് കീഴ്താര നീട്ടി നടന്നു തട്ടത്ത് മേതാര നീട്ടി താഴെ കെട്ടിഅടച്ചു ഒടൽ കീഴ്മൊന കെട്ടി ഒളകുക്രൂട്ടിക്കെട്ടി ഒത്ത് കടകംവെട്ടി ഒളകുകെട്ടി കടകംവെട്ടി നേരേ മുനവച്ചുപിടിച്ചു മൂന്നുചുവടു പുറകോട്ടുമാറി വലത്ത് ചുഴിച്ചുട്ടത്ത് എടത്തേ തുടയ്ക്കുകത്ത് മെയ്താണു കീഴ്താര നീട്ടി വലിച്ചു ഇടത്തുകാലു് അകത്തുകെട്ടി പരിശകൈ തട്ടിച്ച്. ഇതു നാലാമത്.

ഇനി അഞ്ചാമത്തെ അടവ്:—പൊന്തി മുന പരിശ വെള്ളമ്പത്ത് ചേത്തുപിടിച്ചു ഇടത്തുകാലു മുമ്പിലും വലത്തുകാലു പുറകിലും കുത്തി എലക്ഷണം ഒപ്പിച്ച് നിന്നു എടത്തുമാറി അകത്ത് കെട്ടി പരിശ കൈക്കടിച്ചു പൊന്തി പരിശക്രൂട്ടിതൊഴുതു ചുഴിച്ചെഴുന്നു പുറകോട്ടു മാറിനിവൃത്തി മുമ്പോട്ട് അകലെ നടന്നുതൂങ്ങി ഇടത്തുകാലേൽ താണുനിന്നു് ഇടത്തോട്ട് മെയ് താണുചെന്നു പൊന്തി പരിശക്രൂട്ടി താഴെ തട്ടത്ത് പൊങ്ങി വലത്തോട്ട് ഇരുത്തി തിരിച്ചു കേറി ഇടത്തുകാലകത്തുകെട്ടി പൊന്തി പരിശ മെയ്ചേൻറ് മലന്നു തിരിച്ചുവീണു പൊന്തി പരിശ തിരിച്ചു മുമ്പോട്ടു ഒത്തി നടന്നു ഇടത്തുകാലേൽ തൂങ്ങി താണുനിന്നു എഴുന്നു പുറകോട്ട്വാങ്ങി കെട്ടിയിരുത്തി തട്ടത്ത് കുമ്പിട്ടു വന്ദിച്ചു വണങ്ങി-യിട്ടാ. ഇടത്തെ തുടയ്ക്കുകത്ത് മെയ്യൊളിച്ചാപൊന്തി പരിശ ക്രൂട്ടിപ്പിടിച്ചു നെഞ്ചിൽ താണു ചൊരിക്കുനീട്ടി ഇടത്തുകാലേൽ താണുനിന്നു മുനവച്ചുപിടിച്ചു നീട്ടി കെട്ടിഅടച്ച് എഴുന്നു് പുറകോട്ടുമാറി ഇടത്തുകാലേൽ താണുനിന്നു തട്ടത്ത് മേതാരനീട്ടി വലിച്ചു മുനനീട്ടി വലിച്ചു തോളേൽകേറി കടകംവെട്ടി മുമ്പോട്ടകലെ ചുവടുവച്ചു കെട്ടിയടച്ചു തട്ടത്ത് മേതാരനീട്ടി വലിച്ചു മുനനീട്ടി കടകംവെട്ടി ചുവട് അകലെ വെച്ചു കെട്ടിയടച്ചു തട്ടത്ത് മേതാര നീട്ടി വലിച്ചു മുന നീട്ടി കടകംവെട്ടി പുറകോട്ടു അകലെ മാറിക്കെട്ടി

അടച്ചു തട്ടത്തു മേതാരനീട്ടി വലിച്ചു മുന്നനീട്ടി വലിച്ചു കടകംവെട്ടി പുറകോട്ടു മാറി കെട്ടിഅടച്ചു വലത്തുകാലേൽ തട്ടത്തു മേതാരനീട്ടി മാറി താഴെകെട്ടി മാറിയടച്ചു ഉടൽ ചാച്ചുകളഞ്ഞു മുമ്പോട്ടു ചുവടു വച്ചു അകലെ ചുഴിച്ചു് കോത്തു കെട്ടിഅടച്ചു തട്ടത്തു മേതാരനീട്ടി പുറകോട്ടുമാറി തട്ടത്തു് കീഴ്താരനീട്ടി ചുവടകലെവച്ചു തട്ടത്തു മേതാരനീട്ടി നടന്നു താഴെ കെട്ടിയടച്ചു തിരിച്ചോളകുകെട്ടി കൂട്ടി കടകംവെട്ടി കെട്ടി കീഴ്മുന്നകെട്ടി കടകംവെട്ടി കെട്ടിഅടച്ചു പൊന്തി പരിശ നേരേ വട്ടംപിടിച്ചു മൂന്നുചുവടു പുറകോട്ടു തൂക്കി മാറി പൊന്തി പരിശ ചുഴിച്ചു തൊടയ്ക്കുകത്തു നെഞ്ചിൽ താണു കീഴ്താരനീട്ടി ഇടത്തുകാലു് അകത്തുകെട്ടി പരിശ കയ്യൂടിച്ചു്. ഇതു അഞ്ചാമത്തു്.

ഇനി ആറാമത്തു്:—പയിററുവാൻ പൊന്തി മുന്നപരിശക്ക ചേത്തുപിടിച്ചു എടുത്തുമാറി അകത്തുകെട്ടി പരിശ കൈയ്യൂടിച്ചു വലത്തുകാലകലെവച്ചു കൂട്ടിത്തൊഴുതു ചുഴിച്ചെഴുന്നു പുറകോട്ടു് മാറിനിവത്തി മുമ്പോട്ടു് അകലെ നടന്നു തൂങ്ങി ഇടത്തുകാലേൽ തൂങ്ങി താണുനിന്നു് ഇടത്തോട്ടുമാറി മുട്ടുകുത്തി കീഴ്താരനീട്ടി എഴുന്നു് വീണു തൊടയ്ക്കുകത്തു മെയ് താണു മലന്നു തിരിച്ചുവീണു നേരെ ഒത്തിച്ചുഴിച്ചു് അകലെ നടന്നു് തൂങ്ങി ഇടത്തുകാലേൽ താണുനിന്നു പുറകോട്ടു് എഴുന്നുവാങ്ങി കെട്ടിയിരുത്തി തട്ടത്തു ചൊരിക്കനീട്ടി ഇടത്തുകാലേൽ താണുനിന്നു് നീട്ടിക്കെട്ടിഅടച്ചു് എഴുന്നു പുറകോട്ടുമാറി ഇടത്തുകാലേൽ താണുനിന്നു് തട്ടത്തു മേതാരനീട്ടി നടന്നു തട്ടത്തു മേതാര നീട്ടി പുറകോട്ടുമാറി തട്ടത്തു മേതാരനീട്ടി മാറിത്തട്ടത്തു മേതാരനീട്ടി മാറി തഴകെട്ടി അടച്ചു തട്ടത്തു് മേതാരനീട്ടി നടന്നു് തഴകെട്ടിഅടച്ചു തട്ടത്തു് മേതാരനീട്ടി നടന്നു് തഴകെട്ടിഅടച്ചു തട്ടത്തു് മേതാരനീട്ടി പുറകോട്ടുമാറി തഴ കെട്ടിഅടച്ചു തട്ടത്തു് മേതാരനീട്ടി മാറി തഴകെട്ടിഅടച്ചു വലത്തു കാലേൽ തട്ടത്തു മേതാരനീട്ടി മാറി തഴകെട്ടിഅടച്ചു അകലെ മുമ്പോട്ടു ചുവടുവച്ചു് പൊന്തി പരിശ ചുഴിച്ചു് കോത്തു് ചുവടുവച്ചു ചാച്ചുകളഞ്ഞു തട്ടത്തു മേതാരനീട്ടി നടന്നു തഴകെട്ടി അടച്ചു് എഴുന്നുവീണു വലത്തേ മുട്ടുകുത്തി കീഴ്താരനീട്ടി കെട്ടിഅടച്ചു

പുറകോട്ടു എഴുന്ന മുമ്പോട്ടു അകലെ ചവിട്ടി ഇടത്തുകാലേൽ തുങ്ങി താന്നുനിന്നു മേതാര ഒപ്പിച്ചു മൂന്നുചുവടു പുറകോട്ടു വാങ്ങി മെയ് താണു കീഴ്താര നീട്ടി വലിച്ചു് ഇടത്തുകാലു് അകത്തുകെട്ടി പരിശ കയ്യൂടിച്ചു്. ഇതു് ആറാമത്തു്.

ഇനി ഏഴാമത്തു്:—പൊന്തി പരിശക്കൂട്ടിത്തൊഴുതു ചുഴിച്ചെഴുന്നു പുറകോട്ടു മാറിനിരുത്തി ഉടൽ നടന്നുതുങ്ങി തട്ടത്തുപൊങ്ങി ഇടത്തോട്ടു മെയ്താണു മാറി മുനയിട്ടു കടകം വെട്ടിയിരുത്തി തിരിച്ചുകേറി മലന്നു തിരിച്ചുവീണു പൊന്തി പരിശ ചുഴിച്ചു മുമ്പോട്ടു ഒത്തി നടന്നുതുങ്ങി ഇടത്തുകാലേൽ താന്നുനിന്നു പുറകോട്ടു വാങ്ങി കെട്ടിയിരുത്തി തട്ടത്തു വന്ദിച്ചു വണങ്ങിയിട്ടു ചൊരിക്ക നീട്ടി ഇടത്തു കാലേൽ താണു നിന്നു കണ്ണനെഞ്ഞത്തു മുനവെള്ളമ്പത്തു ചേർത്തുപിടിച്ചു മേതാര നീട്ടി കെട്ടിയടച്ചു് എഴുന്നു പുറകോട്ടു മാറി ഇടത്തു കാലേൽ താണു നിന്നു തട്ടത്തു് മേതാര രണ്ടു നീട്ടി നടന്നു താഴെ കെട്ടിഎടുത്തു് ചാച്ചു കളഞ്ഞു മുട്ടുകുത്തി കീഴ്താര നീട്ടി നടന്നു കെട്ടിഅടച്ചു തട്ടത്തു മേതാരനീട്ടി നടന്നു തഴകെട്ടി ചാച്ചുകളഞ്ഞു് മുട്ടുകുത്തി കീഴ്താര നീട്ടി നടന്നു താഴെ കെട്ടിഅടച്ചു തട്ടത്തു മേതാര ഉടൻ രണ്ടുനീട്ടി പുറകോട്ടു മാറി താഴെ കെട്ടി ചാച്ചുകളഞ്ഞു മുട്ടുകുത്തി കീഴ്താരനീട്ടി മാറിക്കെട്ടി അടച്ചുതട്ടത്തു മേതാര ഉടൻ രണ്ടുനീട്ടി മാറി താഴെ കെട്ടി ചാച്ചുകളഞ്ഞു മുട്ടുകുത്തി കീഴ്താര നീട്ടിക്കെട്ടി അടച്ചു വലത്തുകാലേൽ തട്ടത്തു മേതാരനീട്ടി മാറി താഴെ കെട്ടിഅടച്ചു അകാലെ ചുഴിച്ചു് കോർത്തു് എടുത്തു ചാച്ചു കെട്ടിഅടച്ചു ഇടത്തു-കാലേൽ താണുനിന്നു മൂന്നുചുവടു പുറകോട്ടു മാറി കീഴ്താരനീട്ടി വലിച്ചു ഇടത്തുകാലകത്തുകെട്ടി പരിശ കൈയ്യൂടിക്ക. ഇതു് ഏഴ്.

ഇനി എട്ടാമത്തു്:—പൊന്തി പരിശ കൂട്ടിപ്പിടിച്ചു് ഇടത്തു കാൽ മുമ്പിലും വലത്തുകാലു പുറകിലും കുത്തിനിന്നു ഇടത്തുമാറി അകത്തുകെട്ടി പരിശ കയ്യൂടിച്ചു വലത്തുകാലു തൂക്കിവച്ചു പൊന്തി പരിശക്കൂട്ടിത്തൊഴുതു ചുഴിച്ചെഴുന്നു പുറകോട്ടുമാറി വലത്തിരുത്തി മെയ് താണു പൊന്തി പരിശഇളക്കി മെയ് താണു വലത്തുകാല-കത്തുകെട്ടി എഴുന്നു പുറകോട്ടുമാറി പിന്നെയും ഇരുത്തി എളക്കി

പ്പിടിച്ചു പുറകോട്ടുമാറി എടത്തുവശം തിരിച്ചിരുത്തി തിരിച്ചൊളക് താഴെ കെട്ടി എഴുന്നിരുത്തി തിരിച്ചുകേറി നേരേ കൂട്ടിത്തടുത്തു പൊന്തി ഇടത്തുമാറി മുട്ടുകുത്തി കീഴ്താരനീട്ടി തിരിച്ചുകേറി ഇടത്തുകാലു് അകത്തു കെട്ടിത്തിരിച്ചു് വീണു ചുഴിച്ചകലെ മുമ്പോട്ടു് അകലെ നടന്നുതുങ്ങി പുറകോട്ടു വാങ്ങി കെട്ടി തടുത്തിരുത്തി കുമ്പിട്ടു വന്ദിച്ചു് ആകവണങ്ങിഇട്ടു ചൊരിക്ക നീട്ടി കണ്ണനെഞ്ചത്തു മുനചരടു വെളുമ്പത്തുചേർത്തു് പിടിച്ചു ഇടത്തുകാലേൽ താണുനിന്നു നീട്ടിക്കെട്ടി അടച്ചു എഴുന്നു പുറകോട്ടുമാറി മുട്ടുകുത്തി തുടയ്ക്കു മെയ്യൊളിച്ചുടനുടൻ രണ്ടുനീട്ടി കെട്ടി അടച്ചു ഉടൻ മുട്ടുകുത്തി കീഴ്താര രണ്ടുനീട്ടി ഉടൻ ചുവടുവച്ചു കെട്ടിഅടച്ചു മുട്ടുകുത്തി ഉടൻ കീഴ്താര രണ്ടു നീട്ടി ചുവടുവച്ചു കെട്ടിഅടച്ചു് ഉടൻ മുട്ടുകുത്തി കീഴ്താര രണ്ടു നീട്ടി പുറകോട്ടു മാറിക്കെട്ടി അടച്ചു മുട്ടുകുത്തി കീഴ്താര രണ്ടു നീട്ടി പുറകോട്ടു മാറി കെട്ടി അടച്ചു മുട്ടുകുത്തി കീഴ്താര രണ്ടു നീട്ടി മാറി കെട്ടി അടച്ചു വലത്തുകാലേൽ തടുത്തു മേതാരനീട്ടി മാറി താഴെകെട്ടി മാറി അടച്ചു ചുവടുവച്ചു എടുത്തു് ചാച്ചു് വെട്ടു. കടകംവെട്ടി നീട്ടികെട്ടിഅടച്ചു മുന വെളുമ്പിനു ചേർത്തുപിടിച്ചു ഇടത്തുകാലേൽ താണുനിന്നു മൂന്നുചുവടു പുറകോട്ടു മാറുമ്പോൾ ഒളക താഴെകെട്ടി മുനയിട്ടു വെട്ടി ഇടത്തുകാലേൽ വലത്തു ചുഴിച്ചു തുടയ്ക്കകത്തു നെഞ്ചിൽ താണു ചുഴിച്ചു കീഴ്താര നീട്ടി വലിച്ചു ഇടത്തു കാലകത്തുകെട്ടി പരിശ കൈയ്യൂടിച്ചു: ഇതു എട്ടാമത്തു്.

ഇനി ഒമ്പതാമത്തു് :—പൊന്തി പരിശക്കൂട്ടിതൊഴുതു എഴുന്നു മാറിനിവുത്തി ഇളക്കിപ്പിടിച്ചു ചുഴിച്ചുകോർത്തു മേതാരകെട്ടി എഴുന്നു പുറകിൽമാറിത്തടുത്തു മേതാരനീട്ടി മാറി കഴകെട്ടിഅടച്ചു ചാച്ചു-കളഞ്ഞു് അകലെ ചുവടുവച്ചു ചുഴിച്ചുകോർത്തു് ചുവടുവച്ചു് ഒളക കെട്ടി തിരിച്ചു വീണു തടുത്തു് മേതാരനീട്ടി മാറി തഴകെട്ടി അടച്ചു വേകത്തിലകലെ ചുഴിച്ചു് കോർത്തു്. ഒളക മേതാരകെട്ടി തിരിച്ചു വീണു ഇടത്തുകാലേൽ താണുനിന്നു വലത്തുകാലേൽ തടുത്തു മേതാരനീട്ടി മാറി താഴെ കെട്ടിഅടച്ചു മുമ്പോട്ടുവച്ചു താഴെ കെട്ടി നീട്ടി മുട്ടുകുത്തി നീട്ടിക്കെട്ടിഅടച്ചു ഇടത്തുകാലേൽ താണുനിന്നു മൂന്നുചുവടു പുറകോട്ടു മാറുമ്പോൾ നെററിക്കു് ഫ—ഫ ഇങ്ങനെ

മൂന്നുചുവടിന്നു നീട്ടിവലിച്ചു ഇടത്തുകാല്പ് അകത്തുകെട്ടി പരിശ കൈയ്യൂടിച്ചു്. ഇതു് ഒമ്പതു്.

ഇനി പത്താമതു്:—പൊന്തി പരിശ നേരേ കൂട്ടിപ്പിടിച്ചു് ഇടത്തു മാറി അകത്തു കെട്ടി പരിശ കൈയ്യൂടിച്ചു വലത്തുകാലു തൂക്കിവച്ചു കൂട്ടിത്തൊഴുതു വന്ദിച്ചു് എഴുന്നു മാറി നിവൃത്തി പൊന്തി പരിശ ഇളക്കിപ്പിടിച്ചു മെയ് താണു വലത്തുകാലകത്തു കെട്ടി എഴുന്നു പുറകോട്ടു മാറി നിവൃത്തി മുമ്പോട്ടു അകലെ ചുഴിച്ചു കോത്തു കൂട്ടിപ്പിടിച്ചു ചാച്ചുകളഞ്ഞു പുറകോട്ടു മാറി നീട്ടി വെട്ടി മാറി നീട്ടി വെട്ടി എഴുന്നു കൂട്ടി നീട്ടി തട്ടത്തിരുത്തി കമ്പിട്ടു വന്ദിച്ചു വലത്തുകാലേൽ പൊങ്ങി വണ്ടി ഇട്ടു പൊന്തി പരിശ കൂട്ടിപ്പിടിച്ചു തുടയ്ക്കകത്തു മെയ്യൊളിച്ചു ചൊരിക്ക നീട്ടി ഇടത്തു കാലേൽ താണുനിന്നു പൊന്തി പരിശയ്ക്കകത്തൊളിച്ചു് പിടിച്ചു നീട്ടി കെട്ടി അടച്ചു പുറകോട്ടു വാങ്ങി നിവൃത്തി ഇടത്തുകാലേൽ താണുനിന്നു തട്ടത്തു മേതാര നീട്ടി അകലെ കെട്ടി അടച്ചു് ഇങ്ങനെ മൂന്നു ചുവടു മുമ്പോട്ടു പയററി മൂന്നു ചുവടു പുറകോട്ടു മാറി പയിറ്റി പുറകോട്ടു മാറി തട്ടത്തു മേതാര നീട്ടി മാറി താഴെ കെട്ടി അടച്ചു ചാച്ചുകളഞ്ഞു നടന്നു താഴെ കെട്ടി നീട്ടി താഴെ കെട്ടി അടച്ചു ഇടത്തുകാലേൽ താണുനിന്നു മൂന്നു ചുവടു പുറകോട്ടു മാറുമ്പോൾ ഒളകുമുന നീട്ടി വെട്ടിച്ചുഴിച്ചെട്ടത്തു കാലേൽ നെഞ്ചിൽ താണു കീഴ്താര നീട്ടി വലിച്ചു് ഇടത്തുകാല്പ് അകത്തു കെട്ടി പരിശ കൈക്കടിച്ചു്. ഇതു് പത്താമതു്.

ഇനി പതിനൊന്നാമത്തെ അടവു്:—പയിററുവാൻ കൂടി-ത്തൊഴുക. ചുഴിച്ചെഴുന്നു പുറകിൽ മാറി നിവൃത്തി വലത്തു താണു പൊന്തി പരിശ ഇളക്കിപ്പിടിച്ചു് മെയ് താണു ചെന്നു് വട്ടക്കാലേ-ലിരുത്തി എഴുന്നു പുറകിൽ മാറി നിവൃത്തി അകലെ ചുഴിച്ചു കോത്തു് മാറി എഴുന്നു് വീണു മുട്ടുകുത്തി കീഴ്താര നീട്ടി എഴുന്നിരുത്തി തിരിച്ചു വീണു ഒക്കി കെട്ടി ഇടത്തുകാലേൽ താന്നുനിന്നു പുറകോട്ടു മാറി കെട്ടി ഇരുത്തി കമ്പിട്ടു വന്ദിച്ചു വണ്ടിയിട്ടു ചൊരിക്ക നീട്ടി ഇടത്തുകാലേൽ താണുനിന്നു നീട്ടി കെട്ടി അടച്ചു എഴുന്നു പുറകോട്ടു മാറി ഇടത്തുകാലേൽ താണുനിന്നു തട്ടത്തു മേതാര നീട്ടി കീഴ്താര

നീട്ടി നടന്നു മേതാര നീട്ടി നടന്നു മുട്ടുകുത്തി കീഴ്താര നീട്ടി നടന്നു മേതാര നീട്ടി മാറി മുട്ടുകുത്തി കീഴ്താര നീട്ടി മാറി മേതാര നീട്ടി മാറി കീഴ്താര നീട്ടി മാറി മേതാര നീട്ടി മാറി കീഴ്താര നീട്ടി ഉടൻ കേറി എടുത്തു തിരിച്ചു വീണു കെട്ടി വെട്ടി കെട്ടി മെയ് തിരിച്ചു വീണകലെ ചുഴിച്ചു കോത്തു കെട്ടി അടച്ചു് എടുത്തു് ചാച്ചു ഇടത്തുകാലേൽ താണുനിന്നു മൂന്നു ചുവടു പുറകോട്ടു മാറുമ്പോൾ മേതാരക്കു വട്ടംകെട്ടുക എഴുന്നു കൂട്ടി മുകത്തു നീട്ടുക തിരിച്ചിരുത്തി വലത്തു ചുഴിച്ചു തൊടയ്ക്കകത്തു മെയ്യൊളിച്ചു നെഞ്ചിൽ കണ കീഴ്ത്താര നീട്ടി വലിച്ചു അകത്തു കെട്ടി പരിശ കൈയ്യൂടിച്ചു്. ഇതു പതിനൊന്നു്.

ഇനി പന്ത്രണ്ടാമതു:—പയിററുവാൻ പൊന്തി പരിശ വെള്ളമ്പിന്നു ചേത്തു പിടിച്ചു് ഇടത്തു മാറി ഇടത്തുകാലു് അകത്തു കെട്ടി പരിശ കൈയ്യൂടിച്ചു പൊന്തി പരിശ കൂട്ടിത്തൊഴുതു ചുഴിച്ചെഴുന്നു പുറകോട്ടു മാറി നിറുത്തി വലത്തിരുത്തി ഇടത്തെ തുടയ്ക്കകത്തു മെയ് താണു ഇളക്കിപ്പിടിച്ചു വലത്തുകാലകത്തു കെട്ടി കാലുകൂട്ടി എഴുന്നു മാറി നിന്നു പൊന്തി പരിശ കൂട്ടിപ്പിടിച്ചു അകലെ ചുഴിച്ചു കോത്തു് ഒളകിട്ടു് എഴുന്നിരുത്തി തിരിച്ചു കേറി ഇടത്തുകാലകത്തു കെട്ടി തിരിച്ചു വീണു പൊന്തി പരിശ ചുഴിച്ചു മുമ്പോട്ടു ഒത്തി നടന്നു തൂങ്ങി ഇടത്തുകാലേൽ താണുനിന്നു പുറകോട്ടു വാങ്ങി കെട്ടി ഇരുത്തി തടുത്തു കമ്പിട്ടു വന്ദിച്ചു ആകവണ്ടി ഇട്ടു് ചൊരിക്കു് നീട്ടി ഇടത്തുകാലേൽ താണുനിന്നു തടുത്തു മേതാര നീട്ടി കെട്ടി അടച്ചു പുറകോട്ടു മാറി നിറുത്തി ഇടത്തുകാലേൽ തൂങ്ങി താണുനിന്നു തടുത്തു മേതാര നീട്ടി തടുത്തു് കീഴ്താര നീട്ടി നടന്നു തടുത്തു മേതാര നീട്ടി നടന്നു മുട്ടുകുത്തി കീഴ്താര നീട്ടിക്കെട്ടി അടച്ചു പുറകോട്ടു മാറി ഓതിരത്തിനോതിരം മാറി ഓതിരത്തിനു കടകം വെട്ടി മാറിക്കൂട്ടി അടച്ചു ഇങ്ങനെ മൂന്നുവട്ടം പയിററി പുറകോട്ടു മാറി വലത്തുകാലേൽ തടുത്തു മേതാര നീട്ടി മാറി താഴെ കെട്ടി അടച്ചു മുമ്പോട്ടു അകലെ ചുഴിച്ചു കോത്തു് എടുത്തു് ചാച്ചു കെട്ടി അടച്ചു് കെട്ടി അടച്ചു ഇടത്തുകാലേൽ തൂങ്ങി താണുനിന്നു മൂന്നു ചുവടു പുറകോട്ടു മാറി ചുഴിച്ചു കീഴ്താര നീട്ടി വലിച്ചു് അകത്തു കെട്ടി പരിശ കൈയ്യൂടിച്ചു്. ഇതു പന്ത്രണ്ടു്.

മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ 1954 ജനവരി 11-ാംനു തിങ്കളാഴ്ച കൂടിയ ഗവേഷണസമിതിയിൽ അദ്ധ്യക്ഷത വഹിച്ചു കൊണ്ടു് റിട്ടയാഡ് പ്രിൻസിപ്പാൾ

# ശ്രീ. വി. നാരായണപിള്ള അവർകൾ

ചെയ്ത പ്രസംഗം

"അജ്ഞാതങ്ങളായ ചരിത്രവസ്തുതകളെ വെളിച്ചത്തിൽ കൊണ്ടുവരുന്നതിൽ നമ്മെ സംബന്ധിച്ചിടത്തോളം പഴയ ഗ്രന്ഥങ്ങളല്ലാതെ വേറൊന്നും തെളിവിനില്ല. കേരളത്തിൻെറ വിദൂരമായ ഭൂതകാലചരിത്രം തെളിയിക്കുന്നതിനു, ശിലാലേഖനങ്ങൾ, പട്ടയങ്ങൾ മുതലായ പ്രാചീനരേഖകൾ ചുരുക്കമായിട്ടേ ഉള്ളു. A. D. 700-ാമാണ്ടടുപ്പിച്ചുള്ളതെന്നു സങ്കല്പിക്കപ്പെടുന്ന "ഇരവികോത്തനാർ" രേഖയാണു് നമുക്കു് ഏറ്റവും പ്രാചീനമെന്നു് അഭിമാനിക്കാനുള്ളതു്. പക്ഷേ, ഇന്നത്തെ വികാസംകൊണ്ടു് അനുമേയമായ ആ ഭൂതകാലചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഉത്പത്തി മുതലുള്ള ഒരു പഠനം ചരിത്രവിദ്യാർത്ഥികൾക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരിക്കെ അതിനു് ഏകാവലംബമായിട്ടുള്ള പ്രാചീനഗ്രന്ഥശേഖരണവും പ്രസിദ്ധീകരണവും ഉപേക്ഷിക്കത്തക്കതല്ല. പ്രത്യുത, പൂർവാധികം ഊർജ്ജിതപ്പെടുത്തേണ്ടതുമാണു്." എന്നിപ്രകാരമാണു് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി ഗവേഷണസമിതിയെ അഭിസംബോധനംചെയ്തുകൊണ്ടു് റിട്ടയാഡ് പ്രിൻസിപ്പാളും, ചരിത്രപ്രഥസരുമായ വി. നാരായണ പിള്ള അവർകൾ പ്രസംഗിച്ചതു്.

പണ്ഡിതാഗ്രണിയായ അദ്ദേഹം ഇപ്രകാരം തുടൎന്നു:—"ഈ ഹസ്തലിഖിതഗ്രന്ഥശാലയിൽ ഇതേവരെയായി 30,000-ൽപരം ഗ്രന്ഥങ്ങൾ ശേഖരിച്ചിട്ടുള്ളതായി എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. സംസ്കൃതത്തിലും മലയാളത്തിലുംകൂടി ഏകദേശം 260 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു് അറിയാനും കഴിഞ്ഞി-

ട്ടുണ്ടു്. ഈ ലൈബ്രറിയെ സംബന്ധിച്ചിടത്തോളം ഇതു നമുക്കു് ഏററവും അഭിമാനമുള്ള ഒരു കാൎയ്യമാണു്. നമ്മുടെ ഈ സ്ഥാപനത്തോടു കിടനില്ക്കുന്ന മററു സ്ഥാപനങ്ങൾ ചുരുക്കമാണെന്നാണു് എന്റെ ബോദ്ധ്യം. ഇതു് നമ്മുടെ യൂണിവേഴ്സിറ്റിക്കും ഗവണ്മെന്റിനും ഏററവും അഭിമാനകരമത്രേ. ഇങ്ങനെ ഗ്രന്ഥശേഖരണവും പ്രസിദ്ധീകരണവും പ്രയോജനകരമായ വിധത്തിൽ നടത്തിവരുന്ന ഈ സ്ഥാപനത്തിൽ ഗവണ്മെൻറും സൎവകലാശാലയും മുൻകൈയ്യെടുത്തു ഒരു ഗവേഷണശാഖ സ്ഥാപിക്കേണ്ടതായിരുന്നു; അതു് ഉണ്ടായില്ല. എന്തോ കാരണവശാൽ അങ്ങനെ ഒരു കാൎയ്യം നടപ്പിൽവരുന്നതിനു് ഇതുവരെ സാധിച്ചിട്ടില്ല. എങ്കിലും ഈ സ്ഥാപനത്തിലെ ഉത്സാഹശീലന്മാരും പ്രതിഭാസമ്പന്നരുമായ പണ്ഡിതന്മാർ ഇങ്ങനെ ഒരു ഗവേഷണശാഖ രൂപവൽക്കരിച്ചു പ്രവൎത്തിക്കാമെന്നു് ഉറച്ചതു് ആ ശാഖയിലുള്ള പ്രവൎത്തനോൽസുകതയെ വേണ്ടുവോളം തെളിയിക്കുന്നുണ്ടു്. ഈ ശാഖയുടെ പ്രയോജനം എന്താണെന്നു് നിങ്ങൾക്കു് മനസ്സിലാക്കുവാൻ കഴിയുന്നതുപോലെ മറ്റൊരുത്തൎക്കും മനസ്സിലാക്കുവാൻ അധികം എളുപ്പമല്ല. ഏതായാലും പുരോഗമനോന്മുഖങ്ങളായിട്ടുള്ള ഈദൃശപ്രവൎത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതുകൊണ്ടു് നാട്ടിനും സൎവകലാശാലയ്ക്കും തികഞ്ഞ ശ്രേയസ്സ് ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

നമ്മുടെ സൎവകലാശാല രൂപംകൊണ്ട സന്ദൎഭത്തിൽ കേരളസംസ്കാരവും അതിൻെറ ചരിത്രവും നിലനിൎത്തുന്നതിനുവേണ്ടി പ്രവൎത്തിക്കുമെന്നു പ്രതിജ്ഞ ചെയ്തിരുന്നു. ആ ലക്ഷ്യം വച്ചുകൊണ്ടാണു് ഇങ്ങനെ ഒരു ലൈബ്രറി സ്ഥാപിക്കാൻ തീരുമാനിച്ചതും. സൎവകലാശാലയുടെ കീഴിൽ സമാരംഭിച്ച മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയും, ഗവണ്മെൻറിന്റെ കീഴിൽ സമൎത്ഥമായ രീതിയിൽ പ്രവൎത്തനം നടത്തിവന്ന ക്യൂറേറ്റർ ആഫീസും സംയോജിപ്പിച്ച ഈ സ്ഥാപനം ഇന്നു് ഗണ്യമായ രീതിയിൽ വളൎന്നു വരികയാണു്. പക്ഷേ, ഇന്നത്തെ പ്രവൎത്തന പരിപാടികൊണ്ടുമാത്രം അന്നു് ഉദ്ദേശിച്ച കാൎയ്യം പൂൎണ്ണമായി നിറവേററുന്നതിനു് ഇന്നു് പരിശ്രമിക്കുന്നുണ്ടോ എന്നു് എനിക്കു്

നല്ല നിശ്ചയമില്ല. അതുകൊണ്ടാണല്ലോ നിങ്ങൾതന്നെ ഇങ്ങനെ ഒരു ഗവേഷണസമിതി രൂപവൽക്കരിക്കാൻ തീരുമാനിച്ചതു്. ഈ ഗവേഷണസമിതിമുഖാന്തരം നമ്മുടെ ഭൂതകാലചരിത്രപഠനംകൂടി നിർവഹിക്കുന്നതായാൽ നാട്ടുകാൎക്കു വളരെയേറെ പ്രയോജനം ഉണ്ടാകുമെന്നാണു് എന്റെ വിശ്വാസം. ഈ ശ്രേഷ്ഠമായ ഗ്രന്ഥശേഖരണവും പ്രസിദ്ധീകരണവും കൊണ്ടു് വാസ്തവത്തിൽ നിങ്ങൾ ഉദ്ദേശിക്കുന്ന പ്രയോജനം പൂൎത്തിയാകണമെങ്കിൽ നിങ്ങൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളിൽനിന്നും കിട്ടുന്ന ചരിത്രവസ്തുതകൾകൂടി പൊതുജനസമക്ഷം അവതരിപ്പിക്കേണ്ടതാണു്. അതുകൂടി ആയാലേ ജോലി സഫലമാകയുള്ളു. അതു് ഈ ഗവേഷണസമിതി നിൎവഹിക്കണമെന്നും നിൎവഹിക്കുമെന്നും ഞാൻ വിചാരിക്കുന്നു. അതിനു് ഉദാഹരണമായി ഞാൻ അറിഞ്ഞ ഒരു കാൎയ്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താം. ഈ സ്ഥാപനത്തിൽ നിന്നും ഡാക്ടർ. ഗണപതിശാസ്ത്രികൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "ആൎയ്യമഞ്ജുശ്രീമൂലകല്പം" എന്ന ഗ്രന്ഥത്തിൽ നിന്നും കിട്ടിയിട്ടുള്ള ചരിത്രവസ്തുതകളെ അടിസ്ഥാനപ്പെടുത്തി ചരിത്രഗവേഷണപടുവായ പണ്ഡിറ്റ് കെ. പി. ജയസ്വാൽ, ഇംപീരിയൽ ഇൻഡ്യാ ചരിത്രത്തിൽ B. C. 600 മുതൽ A D. 770 വരെയുള്ള കാലഘട്ടത്തെക്കുറിച്ചു് രേഖപ്പെടുത്തീട്ടുള്ള ചരിത്രം തിരുത്തി എഴുതേണ്ടതാണെന്നു സിദ്ധാന്തിച്ചിരിക്കുന്നു. ഇതിൽ നിന്നും നമ്മുടെ പ്രസിദ്ധീകരണങ്ങൾകൊണ്ടു് ഉണ്ടാകുന്ന ഫലം കേരളത്തിനും ഭാരതത്തിനും ഒന്നുപോലെ പ്രയോജനപ്പെടുന്നവയാണു് എന്നു മനസ്സിലാക്കാം. അതിനാൽ ഇത്രമാത്രം ഗ്രന്ഥസമ്പത്തുള്ള ഈ മഹാസ്ഥാപനത്തിൽനിന്നും ചരിത്രഗവേഷകന്മാൎക്കും സാഹിത്യചരിത്രാന്വേഷികൾക്കും സംസ്കാരകുതുകികൾക്കും വളരെ പ്രയോജനം ഉണ്ടാകുമെന്നുഞാൻ വിശ്വസിക്കുന്നു.

പണ്ഡിതന്മാരായ നിങ്ങൾ സമാരംഭിച്ചിരിക്കുന്ന ഈ സമിതിയുടെ ഉന്നതിക്കുവേണ്ടി ഞാനും യഥാശക്തി ശ്രമിക്കുന്നതാണു്. ഈ സമിതി ഉത്തരോത്തരം ഉൽകൎഷം പ്രാപിക്കുമാറാകട്ടെ!

—=*—*=—

# ഭാഷാഗവേഷണം

പി. ദാമോദരൻപിള്ള

ഇന്നു ലോകത്തിലെല്ലായിടത്തും ഗവേഷണത്തിനു് ഒട്ടധികം പ്രാധാന്യം കല്പിച്ചുകാണുന്നുണ്ടു്. ഏതു വിഷയത്തിലും ഗവേഷണം ആവശ്യമായിരിക്കുന്ന ഒരു കാലമാണിതു്. വ്യക്തികളും സംഘടനകളും ഇന്നു ഗവേഷണത്തിലേർപ്പെടുകയും, ഒട്ടധികം ധനം അതിനുവേണ്ടി ചെലവഴിക്കുകയും ചെയ്തുവരുന്നു. സർവ്വകലാശാലകളും ഗവൺമെൻറുകളും ഗവേഷണങ്ങളെ സാരമായി സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ ബദ്ധകങ്കണങ്ങളായി കാണപ്പെടുകയും ചെയ്യുന്നു.

ഗവേഷണത്തിൻെറ ചരിത്രമാലോചിച്ചാൽ പ്രാചീനകാലത്തും സ്ഥിതി ഇതൊക്കെത്തന്നെയായിരുന്നു എന്നു കാണാം. അന്നും വ്യക്തിപരവും സംഘടിതവുമായ ഗവേഷണങ്ങൾ ധാരാളം നടന്നിട്ടുണ്ടു്. ഗ്രീസിലെ പല ശാസ്ത്രജ്ഞന്മാരും വ്യക്തിപരമായ നിലയിലുള്ള ഗവേഷണപരീക്ഷണങ്ങൾകൊണ്ടാണു് ജ്യോതിശ്ശാസ്ത്രം, തത്ത്വശാസ്ത്രം, ചികിത്സാശാസ്ത്രം മുതലായവയിലെ സിദ്ധാന്തങ്ങൾ പലതും പുറപ്പെടുവിച്ചിട്ടുള്ളതു്. അതേ സമയം പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായവർ സംഘടിതഗവേഷണങ്ങളിലാണു് വിശ്വസിച്ചിരുന്നതെന്നു് പ്ലേറ്റോയുടെ സിംപോസ്യം, അരിസ്റ്റോട്ടിലിൻെറ ഗുരുകുലം എന്നിവ തെളിയിക്കുന്നു.

ഇന്ത്യയിലും ഈ രണ്ടു രീതികളും ചരിത്രത്തിനു നോക്കെത്തുന്ന കാലംമുതൽ കാണ്മാനുണ്ടു്. യഥാർത്ഥവസ്തുതകളെ ശാസ്ത്രീയമായ രീതിയിൽ കണ്ടുപിടിക്കുന്നതാണു് ഗവേഷണമെങ്കിൽ ഭാരതീയ മഹർഷിമാർ പലരും വ്യക്തിപരമായ നിലയിൽതന്നെ ഗവേഷണം ചെയ്തു് തത്ത്വങ്ങൾ വെളിപ്പെടുത്തിയവരാണു്. ആത്മീയകാര്യങ്ങളിൽ വിശേഷിച്ചു് സംഘടിതശ്രമങ്ങൾക്കു സ്ഥാനമില്ലാത്തതിനാൽ അവരുടെ സത്യാന്വേഷണം ഏറിയകൂറും വ്യക്തിപരം തന്നെയായിരുന്നു. എന്നാൽ, ഭൗതികശാസ്ത്രങ്ങളുടെ കഥ വേറെയാണു്. അവയിൽ അവർ സംഘടിതവും അല്ലാത്തതുമായ

ഗവേഷണങ്ങൾ പലതും അതിപ്രാചീനകാലത്തുതന്നെ നടത്തി-യിരുന്നു. പാണിനി ശബ്ദശാസ്ത്രത്തിൽ ഗവേഷണം നടത്തിയതു് സംഘടിതപ്രചോദനത്തിൻെറ ഫലമായിട്ടായിരുന്നില്ല. എന്നാൽ ആയുർവേദഗവേഷകന്മാരായ മുനിമാർ ഹിമാലയപ്രാന്തങ്ങളിൽ ഒന്നിച്ചുകൂടി ആ ശാസ്ത്രത്തെ പരിഷ്കരിക്കാൻ ശ്രമിച്ചതു് സംഘടിതമായിത്തന്നെയായിരുന്നു. തെന്നിന്ത്യയിൽ ജ്യോതിഷ-പരിഷ്കാരത്തിനു് ഇങ്ങനെയൊരു ശ്രമം അഗസ്ത്യമഹർഷിയുടെ നേതൃത്വത്തിൽ നടന്നതായി ഒരു തമിഴ് ജ്യോതിഷഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ടു്. കേരളത്തിലെ കൊല്ലവർഷം ആരംഭിച്ചതു് ഒരു തികഞ്ഞ ജ്യോതിശ്ശാസ്ത്രഗവേഷണത്തിന്റെ ഫലമായിട്ടാണെന്നു പറയാം. തമിഴിലെ സംഘംകവികളേപ്പററിയുള്ള കഥയിൽനിന്നു മനസ്സിലാകുന്നതു് ശബ്ദശാസ്ത്രപരമായ ഒരു മഹാഗവേഷണം അക്കാലത്തു് സുസംഘടിതമായിത്തന്നെ നടന്നിരിക്കണമെന്നാണു്.

സർവ്വകലാശാലകൾ പലതും പണ്ടും ഇന്നും ഗവേഷണ-കേന്ദ്രങ്ങൾ കൂടിയാണു്. ബി. സി. 8-ാം നൂററാണ്ടിനു മുൻപു തന്നെ തക്ഷശിലയിൽ നാനാശാസ്ത്രങ്ങളിലും ഗവേഷണങ്ങൾ നടന്നിരുന്നു. വാരാണസി അത്തരം മറെറാരു പ്രാചീനകേന്ദ്രമാണു്. നാളന്ദ ശബ്ദശാസ്ത്രഗവേഷണത്തിനു വിശേഷിച്ചു കേൾവിപ്പെട്ടിരുന്നു എന്നു് ഹ്യുയൻസാങ്ങ്, ഇററ്സിങ്ങ് തുടങ്ങിയ വിദേശികളുടെ വിവരണങ്ങളിൽനിന്നു മനസ്സിലാകുന്നു. ഇവരിൽ ഒന്നാമൻ എ. ഡി. 635 മുതൽ 5 വർഷവും, രണ്ടാമൻ 675 മുതൽ 10 വർഷവും നാളന്ദയിൽ പഠിച്ചു താമസിച്ചിരുന്നുവത്രേ. ഹേതുവിദ്യ (തർക്കം) ശബ്ദവിദ്യ (വ്യാകരണം), വൈദ്യം, ജ്യോതിഷം, തത്ത്വശാസ്ത്രം, വേദം, എന്നിങ്ങനെയുള്ള വിഷയങ്ങളെല്ലാം അന്നു കൈകാര്യം ചെയ്തിരുന്നതു് ഗവേഷണനിപുണന്മാരായ ആചാര്യ-ന്മാരാണു്. ജീവകൻ, ഗുണമതി, ശീലഭദ്രൻ മുതലായ പേരുകൾ ഈ സന്ദർഭത്തിൽ സ്മരണീയങ്ങളായിരിക്കും. ഏഷ്യയിലെ വിവിധ ഭാഗങ്ങളിൽനിന്നു അനേകായിരം വിദ്യാർത്ഥികളെ ആകർഷിച്ചിരുന്ന വിദ്യാപീഠങ്ങളാണു തക്ഷശിലയും നാളന്ദയും. ഏഴാംനൂററാണ്ടിൽ

നാളന്ദയിൽതന്നെ പതിനായിരം വിദ്യാൎത്ഥികളും, 1100–ൽപരം ആചാര്യന്മാരുമുണ്ടായിരുന്നു എന്നാണു കാണുന്നതു്.

ഇന്ത്യയിലെ ആധുനികഗവേഷണകേന്ദ്രങ്ങളായ സൎവ്വകലാ–ശാലകളുടെ കൂട്ടത്തിൽ തിരുവിതാംകൂർ സൎവകലാശാലയ്ക്കു് ഒരു മാന്യസ്ഥാനമുണ്ടെന്നുള്ളതിൽ തൎക്കമില്ല. ഇവിടത്തെ ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ മുപ്പതിനായിരത്തിൽപരം കൈയെഴുത്തുഗ്രന്ഥങ്ങൾ ഉണ്ടെന്നുള്ളതു് തികച്ചും അഭിമാനകരവു–മാണു്.

പൗരസ്ത്യസംസ്കാരഗവേഷണത്തിനും അതിന്റെ അഭിവൃദ്ധിക്കും വേണ്ടി പ്രവൎത്തിക്കുന്ന ഇന്ത്യൻ സ്ഥാപനങ്ങളിൽ ബനാറിസ് സൎവകലാശാല, പൂനാ ഓറിയൻറൽ ഇൻസ്റ്റിററ്യൂട്ട്, മദ്രാസിലെ തിയോസഫിക്കൽ സ്ഥാപനം മുതലായവ പ്രാധാന്യം അൎഹിക്കുന്നു. സർ ആശുതോഷമുക്കർജിയുടെ ഗണ്യമായ പ്രചോദനത്താൽ ഗവേഷണപരമായി കൽക്കട്ടാ സൎവകലാശാലയ്ക്കുണ്ടായ മേന്മ വിസ്മരിക്കാവുന്നതുമല്ല. ഇംഗ്ലണ്ടിൽ ഒരു നാന്നൂറു വൎഷത്തിനിപ്പുറ–മുണ്ടായിട്ടുള്ള ആക്സ്ഫോർഡിൻേറയും കേംബ്രിഡ്ജിൻേറയും പ്രശസ്തിയും വിജയവും ഇവയ്ക്കു ലഭിച്ചിട്ടില്ലായിരിക്കാം. പക്ഷേ ആധുനികഗവേഷണകൗതുകം ഇന്ത്യൻസൎവകലാശാലകളെ ബാധി–ച്ചതിനുശേഷം ഒരു അര നൂററാണ്ടിലധികം കാലമായിട്ടില്ലെന്നാണു തോന്നുന്നതു്.

ഇന്ത്യയിൽ ഭാഷാപരമായ ആധുനികഗവേഷണങ്ങൾക്കു വഴി തെളിച്ചതു് സർ വില്യം ജോൺസ്, മാക്സ്മുള്ളർ തുടങ്ങിയ പാശ്ചാത്യരുടെ പൗരസ്ത്യസംസ്കാരപഠനങ്ങളാണു്. 1786–ൽ കൽക്കട്ടായിൽ സർ വില്യം ജോൺസ് ഏൎപ്പെടുത്തിയ റായൽ ഏഷ്യാററിക് സൊസൈററി പ്രസ്തുതപഠനത്തിൻെറ പ്രഭാത–ദീപമായിരുന്നു എന്നാണു പറയേണ്ടതു്. പുരാണവസ്തുക്കൾ, സാഹിത്യം, കല, ചരിത്രം എന്നിവയിൽ ഗവേഷണം നടത്തുക–യാണു് സൊസൈററിയുടെ ഉദ്ദേശമെന്നു ജോൺസ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. കോൾ ബ്രൂക്ക്, ഷ്ളീഗൽ, ഹംബോൾട്ട്, മാക്സ്മുള്ളർ എന്നിവരെല്ലാം തന്നെ അതിനുശേഷം ഇൻഡോ–

ജൎമ്മാനിക് വർഗ്ഗത്തേയും, അതിൻെറ ഭാഷയേയും പററിയുള്ള ഗൗരവാവഹമായ ഗവേഷണാദികൾക്കു കേൾവിപ്പെട്ടവരാണ്.

ഈമാതിരി ഒരു പരിണാമം ചരിത്രഗതിയിൽ തന്നെ സ്വാഭാവികമായി സംഭവിച്ചതാണ്. അതിപ്രാചീനകാലത്തു് ഉണ്ടായിരുന്ന പാശ്ചാത്യപൗരസ്ത്യസമ്പൎക്കം ഇടക്കാലത്തൊന്നു നിലച്ചതിനുശേഷം വീണ്ടും ആരംഭിച്ചതു് പതിനെട്ടാം നൂററാണ്ടിലാണ്. ഇതിൻെറ അനിവാൎയ്യമായ ഫലം ഇൻഡോ-ജൎമ്മാനിക് ഭാഷകളുടെ ഒരു താരതമ്യപഠനമായിരുന്നു. താരതമ്യ-പഠനം കൂടാതെ ഒന്നിൻേറയും സത്യം തെളിയുകയില്ലെന്നു പാശ്ചാത്യർ മനസ്സിലാക്കിയതു് വൈജ്ഞാനികമണ്ഡലത്തിൽ ഒരു വിപ്ളവപരമായ പരിവൎത്തനത്തിനിടയാക്കി. താരതമ്യാ-ധിഷ്ഠിതമായ മതപഠനം, ഭാഷാപഠനം, വൎഗ്ഗചരിത്രഗവേഷണം എന്നിവയെല്ലാം അതിനുശേഷം ഊൎജ്ജിതമായി ആരംഭിക്ക-യുണ്ടായി.

ഭാഷാഗവേഷണത്തിൽ ഇപ്രകാരമുണ്ടായ പരിവൎത്തനത്തെ-ക്കുറിച്ചു്, **A. V. W. Jackson** എന്ന പണ്ഡിതൻ പറയുന്നു:— 'Comparative philology was born on the day when Sanskrit was opened to the eyes of the Western World" "പാശ്ചാത്യലോകം സംസ്കൃതഭാഷ എന്നാണോ കണ്ടതു്, അന്നു് താരതമ്യാധിഷ്ഠിതമായ ഭാഷാശാസ്ത്രവും ഉദിച്ചു." ഏഷ്യയിലെ മിക്ക ഭാഷകളും, അതിലേറെ യൂറോപ്യൻഭാഷകളും ഒരേ മൂലഭാഷയിൽനിന്നു തന്നെയാണ് ഉത്ഭവിച്ചിട്ടുള്ളതെന്നു് ലോക-ത്തിനു തന്നെയും പൊതുവേ മനസ്സിലായതു മേൽപ്പറഞ്ഞ താരതമ്യപഠനംകൊണ്ടാണ്. ഗോതിക്, കെൽട്ടിക് എന്നീ ആദിമ യൂറോപ്യൻ ഭാഷകൾപോലും ഇൻഡോ—ജൎമ്മാനിക് ഗോത്രത്തിൽ പെട്ടവയാണെന്നു് സർ വില്യം ജോൺസിനു് അഭിപ്രായമുണ്ട്. 'ഹൃത്' എന്ന സംസ്കൃതശബ്ദം ഇംഗ്ലീഷിൽ **heart**, ഗോതിക്കിൽ **hairto** എന്നിങ്ങനെ പറയത്തക്ക വ്യത്യാസ-മില്ലാതെ ശേഷിക്കുന്നു. സംസ്കൃതത്തിലെ 'ത്രയസ്' ഇംഗ്ലീഷിൽ **'Three'** ആണെങ്കിൽ, ഗോതിക്കിൽ **'Preis'** ആണ്. **Preis**-ലെ

'Pa'-യുടെ ഉച്ചാരണം 'th' ന്റേതാകയാൽ ആകെക്കൂടി 'Preis' സംസ്കൃതത്തിലെ 'ത്രയസ്' തന്നെയാണെന്ന കാണാം.

ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഇൻഡോ-ജർമ്മാനിക് ഭാഷകൾ മാത്രമല്ല ദ്രാവിഡഭാഷകളും ഇൻഡോ ജർമ്മാനിക് ഗോത്രത്തിൽ തന്നെ ഉൾപ്പെടുന്നു. G. U. Pope എന്ന ഭാഷാശാസ്ത്രജ്ഞൻെറ അഭിപ്രായത്തിൽ ഘടനാപരമായി ("Morphologically") ദ്രാവിഡഭാഷകൾ ആര്യൻ ഭാഷകളുടെ ഗണത്തിൽ ("of the same order as the Aryan") പെടുന്നവയാണ്. ഈ ഗോത്രങ്ങളുടെ ബന്ധം തികച്ചും വ്യവച്ഛേദിക്കാൻ ഇന്നും ശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞിട്ടില്ലെന്ന സമ്മതിക്കണം. പക്ഷേ കീലിലെ (Kiel) Prof. Schrader ഇവയെ Finno-Ugric ഗോത്രവുമായി ഘടിപ്പിക്കാൻ ഏറെക്കുറെ വിജയകരമായി ശ്രമിച്ചിട്ടുണ്ട്.

ലോകഭാഷകൾ തമ്മിൽ ഉള്ള ഈ മാതിരി ഉറ്റ ബന്ധത്തെപ്പറ്റി അറിയാനോ, അഥവാ സംശയിക്കാനോ ഇട നൽകിയതു് താരതമ്യ പഠനമാണെന്ന് ഇതിനകം ധാരാളം വ്യക്തമായിട്ടുണ്ടല്ലോ. പക്ഷേ ഈ ബന്ധം നമ്മുടെ ഭാവനയുടെ സീമകളെ വീണ്ടും അതിലംഘിക്കുന്നതായിട്ടാണ് അനന്തരഗവേഷണചരിത്രം വെളിപ്പെടുത്തുന്നതു്. മോഹഞ്ജദാരോയിലെ ഉൽഖനനങ്ങൾകൊണ്ടു കിട്ടിയ തെളിവുകൾ, പഴയ സുമേറിയായിലേയും ക്രീററിലേയും ഭാഷകൾ ദ്രാവിഡഭാഷാഗോത്രത്തോടു വളരെ ബന്ധപ്പെട്ടവയാണെന്ന് ഏതാണ്ടു അസന്ദിഗ്ദ്ധമായി സൂചിപ്പിക്കുന്നുണ്ടത്രേ. സർ ജാൺ മാർഷൽ പറയുന്നു:—

"One thing that stands out clear and unmistakable both at Mohenjodaro and Harappa is that the civilization hitherto revealed is not an incipient one, but one already ageold and stereotyped on Indian soil with many millennia of human endeavour behind it. Thus India must henceforth be recognised along with Mesopotamia and Egypt as one of the most important areas where the civilizing processes of Society were initiated and developed".

മെസപ്പൊട്ടേമിയ, ഈജിപ്ത് എന്നിവിടങ്ങളിലെ പരിഷ്കാരത്തോ-ടൊപ്പം സിന്ധുനദീതീരപരിഷ്കാരവും സ്വയം ഉത്ഭവിച്ചതാ-

ണ്ടെന്നും, ആ പരിഷ്കാരത്തിൻെറ അന്തിമദശകൾക്കു മുൻപ് അനേകായിരം കൊല്ലത്തെ അഭിവൃദ്ധി അതിന് ഉണ്ടായിട്ടുണ്ടെന്നും ആണ് ഇതിൻെറ ചുരുക്കം. അതിനാൽ അവിടത്തെ ദ്രാവിഡ-ഗോത്രജയായ ഭാഷയ്ക്കു് സുമേറിയനും, ക്രീററനുമായ ഭാഷകളോട് സമ്പർക്കമോ, അതിൽ കവിഞ്ഞ ബന്ധം തന്നെയോ ഉണ്ടായിരുന്നു കൂടെന്നില്ല. ഈജിപ്റ്റിലെ Oxyrhyncus എന്ന സ്ഥലത്ത് എ. ഡി. രണ്ടാം നൂററാണ്ടിലേതായി കണ്ടുപിടിക്കപ്പെട്ട ഒരു ഗ്രീക്ക് നാടകത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന ചില ശബ്ദങ്ങൾ ദ്രാവിഡഭാഷാസിദ്ധങ്ങളാണെന്നും, അതല്ല, കുറേക്കൂടി നിഷ്കർഷിച്ചു പറഞ്ഞാൽ അവ കന്നാടകഭാഷയിൽ തന്നെയുള്ളവയാണെന്നും പണ്ഡിതന്മാർ വെളിപ്പെടുത്തുകയുണ്ടായി. Hultzsch എന്ന പണ്ഡിതൻെറ ഗവേഷണത്തിലാണ് അവ കന്നാടകശബ്ദങ്ങളാണ് എന്നു തെളിഞ്ഞതെന്നുകൂടി പറയാം. അതേസമയം, ദ്രാവിഡ ഭാഷകളും ആസ്ത്രേലിയൻ ഭാഷകളും തമ്മിൽ അദ്ഭുതകരമായ ബന്ധമുണ്ടെന്നും, ഇന്ത്യയ്ക്കും ആസ്ത്രേലിയായ്ക്കും മദ്ധ്യേ ലെമൂറിയ എന്ന ഭൂഖണ്ഡം തീച്ചയായും ഉണ്ടായിരുന്നിരിക്കണമെന്നും Prof: Schimdt എന്ന ഭാഷാശാസ്ത്രജ്ഞൻ കരുതുന്നു. Caldwell പറയുംപോലെ കുമാരിലഭട്ടനെപ്പോലുള്ള ഔത്തരാഹന്മാർ തെന്നിന്ത്യൻഭാഷകൾക്കു മ്ലേച്ഛത കല്പിച്ചതു് ഒരുവേള ആസ്ത്രേലിയൻ കിരാതവർഗ്ഗങ്ങളുടെ അപരിഷ്കൃതമായ ഉച്ചാരണരീതി തെന്നിന്ത്യൻഭാഷകളിൽ കലന്നിരുന്നതുകൊണ്ടായിരിക്കണമെന്നു തോന്നുന്നു.

ഇതിനു ഉദാഹരണം ചില തെന്നിന്ത്യൻ വർഗ്ഗങ്ങളിൽ ഇന്നും ഉച്ചാരണത്തിലെങ്കിലും ശേഷിക്കുന്ന അനുനാസികപ്രഭാവമാണ്. അവക്ക് ഖരിതചത്തിനു മുമ്പ് അനുനാസികം കൂടാതെ ഉച്ചരിക്കാൻ പ്രയാസമാണെന്നു് കാവ്യാലാപവേളകളിൽ സൂക്ഷിച്ചാൽ അറിയാൻ കഴിയും. "പറഞ്ഞയച്ചു" എന്നതു് അവർ ഉച്ചരിക്കുമ്പോൾ "പറഞ്ഞയഞ്ച്ചു" എന്നു മാറിപ്പോകുകയാണ് പതിവ്. പഴയ മദ്ധ്യേഷ്യൻഹൺവർഗ്ഗക്കാക്ക് ഏതു ചോദ്യത്തിനും ,ഹങ്' എന്നൊരു മറുപടി മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും,

അവക്ക് 'ഫൺ' എന്ന പേരുണ്ടാകാൻതന്നെ കാരണം അതാണെന്നും ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. ഏതാണ്ടിതു പോലെ പല വൈകല്യങ്ങളും മിക്ക കിരാതവർഗ്ഗങ്ങളുടേയും ഉച്ചാരണത്തിനുണ്ടായിരുന്നു എന്നാണു വിചാരിക്കേണ്ടതു്. ഇതനുസരിച്ചു് 'ഒഴുകുക' എന്നർത്ഥമുള്ള 'ഇട്ട്' എന്ന പ്രാചീന ദ്രാവിഡശബ്ദം ദ്വിത്വത്തിനു മുൻപിലെ അനുനാസികാനുഷംഗം മൂലം 'ഇൻദ്' എന്നു മാറാനിടയായി. മ്ലേച്ഛത തീരെയില്ലാത്ത ആര്യന്മാരുടെ കൈയിൽ കിട്ടിയപ്പോൾ അതിൻെറ ആദിയിൽ സകാരവും, അന്ത്യത്തിൽ ഘോഷവും കൂട്ടിച്ചേർന്നു് 'സിന്ധു' എന്ന രൂപം സിദ്ധിച്ചു. പേഴ്സ്യൻ ഭാഷയിൽ സകാരം ഹകാരമായി മാറുമെന്നുള്ളതിനു ഒരു തെളിവു് വേദത്തിലെ 'അസുരൻ' സോറോസ്ത്രിയൻ വേദമായ സെൻഡ് അവെസ്റ്റയിൽ 'അഹുരൻ' ആയി രൂപാന്തരപ്പെട്ടെന്നുള്ളതാണു്. ആ മര്യാദയനുസരിച്ചു് സിന്ധു ഹിന്ദുവായിത്തീർന്നതിൽ അദ്ഭുതമില്ല. ഗ്രീക്കുകാർ അതിനെ 'ഇൻഡസ്' ആക്കിയതു് അവരുടെ ഭാഷാമര്യാദയനുസരിച്ചുമാണു്. ഇൻഡസ്സിൽ നിന്നുണ്ടായ 'ഇന്ത്യാ' ശബ്ദത്തിനു് ഉത്തരവാദികൾ തന്നിമിത്തം സിന്ധുനദീതീരനാഗരികതയുടെ കർത്താക്കളായ ആദി ദ്രാവിഡരായിരിക്കണമെന്നു സിദ്ധിക്കുന്നു. പ്രൊഫസ്സർ കാനേ ആ നാഗരികതയുടെ ദ്രാവിഡകർത്തൃത്വം നിഷേധിക്കുന്നുണ്ടെങ്കിലും മററു പണ്ഡിതന്മാരും ഗവേഷകന്മാരും സംസ്കൃതഭാഷയുടെ ലിപികൾ തന്നെയും മോഹഞ്ജദാരോയിൽനിന്നു ലഭിച്ചതാണെന്നു സിദ്ധാന്തിക്കുന്നുണ്ടു്.

താരതമ്യാധിഷ്ഠിതമായ ആധുനികഗവേഷണത്തിൻെറ ഫലങ്ങളാണു് ഇവയെല്ലാം. എന്നാൽ, ഈ ഗവേഷണം കേവലം ബാഹ്യകാര്യങ്ങളിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളു എന്നൊരു പരാതി ചിലരുടെയിടയിൽ അടുത്ത കാലത്തുണ്ടായിട്ടുണ്ടു്. ആര്യന്മാർ പശുക്കളെ മേച്ചും, പാൽ കറന്നും, കൃഷി ചെയ്തും ജീവിച്ചിരുന്ന ഒരു അപരിഷ്കൃതവർഗ്ഗമാണെന്നു കണ്ടുപിടിക്കുന്നതുകൊണ്ടു് ആര്യന്മാരെപ്പററി അറിയേണ്ടതൊന്നും അറിഞ്ഞു എന്നു വിചാരിക്കാവുന്നതല്ല. സാംസ്കാരികമായും, മാനസികമായും അവർക്കുണ്ടായിരുന്ന

മേന്മ വെളിപ്പെടുന്നതു് ഭാഷാഗവേഷണത്തിലൂടെയാണു്. വില്ലും അമ്പുംകൊണ്ടാണു് അവർ യുദ്ധം ചെയ്തിരുന്നതെന്നറിയുന്നതും, അവരുടെ ഭാഷയിൽ ക്രിയാരൂപങ്ങളും, ഗതികളും, വചനങ്ങളും കിരാതവർഗ്ഗങ്ങൾക്കു് സ്വപ്നം കാണാൻ പോലും വയ്യാത്ത അഭിവൃദ്ധി പ്രാപിച്ചിരുന്നു എന്നറിയുന്നതും തമ്മിൽ വളരെ അന്തരമുണ്ടല്ലൊ. ആര്യന്മാർക്കു് ആയിരംവരെ എണ്ണാൻ കഴിയുമായിരുന്നു. കിരാതന്മാർക്കും, കുട്ടികൾക്കും കേവലം ആശയമാത്രമായ ഈ മനോവ്യായാമം അത്ര സുകരമല്ല. സ്ഥൂലവസ്തുക്കളുമായുള്ള പരിചയമാണു് അവരുടെ മനസ്സിനു കൂടുതൽ എളുപ്പം.

അതെല്ലാം എങ്ങനെയിരുന്നാലും ആധുനികഗവേഷണത്തിന്റെ വ്യാപ്തി സ്ഥലകാലങ്ങൾ രണ്ടിലും ഒന്നുപോലെ അളവും അതിരുമില്ലാത്ത നിലയിലായിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ഒരു ലോകചരിത്രത്തിന്റെ ലക്ഷ്യം ലോകജനതകളുടെ ഐക്യം സ്ഥാപിക്കുകയെന്നുള്ളതായിരിക്കണമെന്നു് ചരിത്രചിന്തകന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. ഭാഷാഗവേഷണത്തിന്റെ ലക്ഷ്യം എന്തായിരുന്നാലും അതു് ലോകജനതകളുടെ ഐക്യം സ്ഥാപിക്കുകയാണു് ഇതുവരെ ചെയ്തതെന്നു പറയാം. ഇല്ലെങ്കിൽത്തന്നെയും, ഭാഷകളുടെ ഐക്യം സ്ഥാപിക്കാൻ അതിനു ഒട്ടൊക്കെ സാധിച്ചിട്ടുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ഈ വഴിക്കുള്ള ഇന്നത്തെ ഗവേഷണരീതിയെപ്പററിയും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഇന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന ഭാഷാശാസ്ത്രതത്ത്വങ്ങൾ പലതും പുരാതന ഭാരതീയർ വെളിപ്പെടുത്തിയിട്ടുള്ളവയാണു്. ഭാഷയുടെ മൂലഘടകം അക്ഷരവും, വാക്കുമല്ല, വാക്യമാണെന്നുള്ളതു് പാശ്ചാത്യഗവേഷകന്മാർ ഇന്നു പുത്തനായി സൃഷ്ടിച്ചിരിക്കുന്ന ഒരു പഴയ ഇന്ത്യൻ തത്ത്വമാണു്. വൃത്തി, ശക്തി, സ്ഫോടം എന്നിങ്ങനെയുള്ള ശബ്ദവ്യാപാരപരിഗണനകൾ പാശ്ചാത്യരുടെ ഗവേഷണമേഖലയിൽ പെടാറായെന്നാണു തോന്നുക. പക്ഷേ, ആദ്ധ്യാത്മികമെന്നോ, കേവലം വ്യക്തിഗതമെന്നോ പറയാവുന്ന ഇന്ത്യൻഗവേഷണത്തിൽ നാദം ഒന്നു്; വസ്തുനിഷ്ഠവും യാന്ത്രികവുമായ ആധുനിക പാശ്ചാത്യഗവേഷണത്തിൽ അതു് മറെറാന്നു്, എന്നൊരു നിലയാണു വന്നു കൂടിയിരി-

കുന്നതു്. വേദത്തിലെ "ചത്വാരിവാക്പദാനി താനി വിദുഃ", ഇത്യാദികൊണ്ടു് നമുക്കു് കേട്ടുകേൾവിക്കെങ്കിലും വകയുള്ള പരാപശ്യന്തീമധ്യമകളെപ്പറ്റി പാശ്ചാത്യനു സങ്കല്പിക്കാൻ തന്നെയും എളുപ്പമില്ല; അയാളുടെ യാന്ത്രികഗവേഷണത്തിനു അവ വഴങ്ങുകയുമില്ല. എന്നാൽ എല്ലാവക്കും സുപരിചിതമായ വൈഖരിയേപ്പററിയുള്ള യാന്ത്രികഗവേഷണത്തിൽ അയാൾക്കു് വളരെ പുരോഗതിയുണ്ടായിട്ടുണ്ടെന്നുള്ളതു് വിസമ്മതിക്കാവുന്നതല്ല. മലയാളികൾ നിത്യം ഉപയോഗിക്കുന്ന ശബ്ദങ്ങൾ യാന്ത്രികമായി പരിശോധിക്കാൻ ലണ്ടൻ സവ്വകലാശാലയ്ക്കു സാധിച്ചിട്ടുണ്ടെന്നറിയുന്നു. ഓരോ ശബ്ദവും ഉച്ചരിക്കുമ്പോൾ നാക്കിൻെറ ആസ്ഫാലനം രേഖപ്പെടുത്തിക്കാണിക്കുന്ന 'പാലറ്റോഗ്രഫി'യും ഘോഷതന്ത്രികളുടേയും അനുനാസികോച്ചാരണത്തിൽ നാസാരന്ധ്രങ്ങളിലൂടെ പായുന്ന വായുവിൻേറയും സ്പന്ദനഭേദങ്ങളെ വരച്ചു കാണിക്കുന്ന 'കൈമോഗ്രഫി'യും ഇന്നത്തെ ശാസ്ത്രീയാഭിവൃദ്ധിയുടെ നേട്ടങ്ങളാണു്. ഈവക ഉപകരണങ്ങൾ കേരളത്തിലെന്നല്ല, ഇന്ത്യയിൽ തന്നെയും ഇനി ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ഇക്കാലത്തു് ഗവേഷണങ്ങൾക്കായി മനുഷ്യർ ബുദ്ധിയേക്കാൾ കൂടുതലായി ഉപയോഗിക്കുന്നതു് യന്ത്രങ്ങളെയാണെന്നുള്ളതും മറച്ചുവയ്ക്കണമെന്നില്ല. ആവശ്യമായ യന്ത്രങ്ങൾ ലഭിക്കാത്തകാലത്തോളം നാം ബുദ്ധിയേത്തന്നെ അവലംബിച്ചു് ആധുനികശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ പ്രയതിക്കുകയാണു വേണ്ടിയിരിക്കുന്നതെന്നു പറയാം.

ആകപ്പാടെ ഇന്നത്തെ ഗവേഷണം കൂടുതൽ സംഘടിതവും, താരതമ്യാധിഷ്ഠിതവും, യാന്ത്രികവുമാണെന്നു കണ്ടുകഴിഞ്ഞു. സംഘടിച്ചു പ്രവത്തിക്കുമ്പോൾ കിട്ടുന്ന ഫലങ്ങൾ വ്യക്തിപരമായി നേടുന്നവയേക്കാൾ സാധുവായിരിക്കാൻ ന്യായമുണ്ടെന്നാണു് പ്രതീക്ഷിക്കേണ്ടതു്. പലർ പല വഴിക്കു് ഒരേ കാര്യത്തേപ്പററി ഗവേഷണം ചെയ്യുമ്പോഴുള്ള അസൗകര്യങ്ങളും, ധനനഷ്ടം, സമയനഷ്ടം, ശക്തിനഷ്ടം മുതലായവയും സംഘടിതഗവേഷണത്തിൽ പരിഹരിക്കപ്പെടുമെന്നു കാണാൻ പ്രയാസമില്ല.

ഉപസംഹാരമായി ഇന്നത്തെ ഭാഷാഗവേഷണങ്ങളിലെ വീക്ഷണഗതിക്കു വന്നിട്ടുള്ള മാററത്തെക്കുറിച്ചുകൂടി സൂചിപ്പിക്കേ-

ങ്ങിയിരിക്കുന്നു. ഗവേഷകന്മാരുടെ, വിശിഷ്യ, ഫ്രഞ്ചു ഗവേഷകന്മാരുടെ അഭിപ്രായത്തിൽ ഭാഷയെന്നതു് കേവലം ശാബ്ദികവും, വ്യാകരണപ്രധാനവുമായ രൂപവികാരങ്ങളുടെ ഒരു സംഘാതമല്ല. Vendrye എന്ന ഫ്രഞ്ചു ഭാഷാശാസ്ത്രജ്ഞൻ പറയുന്നു, "It is a social fact, the result of social contact, a creation in which grammar becomes unstable." പരിണാമത്തിൽ വിശ്വസിക്കുന്ന ആധുനിക ശാസ്ത്രജ്ഞന്മാർക്ക് ഭാഷ ഒരു സാമൂഹ്യമായ ആവിഷ്കരണോപാധിയാണു്, പരിണാമഫലവുമാണു്. നമ്മുടെ അവയവങ്ങൾ ബഹുകാലത്തെ പരിണാമദശകൾ കടന്നു് ഇന്നത്തെ രൂപത്തിലെത്തിയിരിക്കുന്നതുപോലെ തന്നെയാണു് ഭാഷയും. മനശ്ശാസ്ത്രത്തിൽ വിശ്വസിക്കുന്നവർ അതിനെ മനുഷ്യമനസ്സിന്റെ ഒരു ആവിഷ്കരണോപാധിയായി ഗണിക്കുന്നു. ജീവന്റെ തന്നെ ഒരു പ്രകടനമാണു് ഭാഷ. അതു് സാമൂഹ്യവുമാണു്. ഈ സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ആധുനികഗവേഷണങ്ങളിൽ ജനസാമാന്യത്തിന്റെ ദൈനംദിനഭാഷയ്ക്കാണു കൂടുതൽ പ്രാധാന്യം സിദ്ധിച്ചിരിക്കുന്നതു്. ഭാഷയേയും അതു സംസാരിക്കുന്ന ആളുകളെയും തമ്മിൽ വേർതിരിച്ചുകൊണ്ടുള്ള ഒരു പരിഗണന തന്നെ തന്നിമിത്തം അസ്വാഭാവികവും, അശാസ്ത്രീയവുമായി എണ്ണപ്പെടാൻ ന്യായമുണ്ടു്. വെറും നാടോടിവാക്കുകൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ, സ്ഥലനാമങ്ങൾ മുതലായവയിൽ വർഗ്ഗം, ദേശം മുതലായവയുടെ പ്രകൃതികൾ, ചരിത്രം, ആചാരമര്യാദകൾ, ചില മഹാസംഭവങ്ങൾ എന്നിവയെല്ലാം അന്തർല്ലയിച്ചു കിടപ്പുണ്ടെന്നുള്ളതോർത്താൽ ദൈനംദിന ജീവിതനിഷ്ഠമായ ഗവേഷണത്തിന്റെ പ്രാധാന്യം ഊഹിക്കാൻ കഴിയുന്നതാണു്.

തിരുവിതാംകൂർ സർവ്വകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സംഭരിച്ചിട്ടുള്ള പ്രധാനഗ്രന്ഥങ്ങളെപ്പറ്റി ചുരുങ്ങിയ വിവരം സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതു നമ്മുടെ സംസ്കാരത്തെപ്പറ്റിയുള്ള ഉപരി ഗവേഷണത്തിന് ഉതകുന്ന ചെറിയൊരു മാർഗ്ഗദീപമാകുമെങ്കിൽ ഈ യത്നം സഫലമായി.

ശൂരനാട്ടു കുഞ്ഞൻപിള്ള,
ഓണററി ഡയറക്റ്റർ.

# ഇന്ദ്രവർമ്മചരിതം പാട്ട്

പണ്ടുള്ളവർ മന്ത്രവാദം, കൈവിഷം, കൂടപത്രം മുതലായ പ്രയോഗങ്ങൾകൊണ്ട് പല ക്ലിഷ്ടകാര്യങ്ങളും നേടി വന്നതായി പരമ്പരയാ അറിഞ്ഞും വിശ്വസിച്ചും വരുന്നുണ്ടല്ലോ.

ഈയിടെ ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി ഓണററി ഡയറക്റ്റർ ശ്രീ ശൂരനാട്ട് കുഞ്ഞൻപിള്ള അവർകളുടെ ഉത്സാഹഫലമായി, മുഞ്ചിറ അമ്മവീട്ടിൽ ശ്രീ. ഗോവിന്ദപ്പിള്ളയുടെ പക്കൽനിന്നും ലഭിച്ച ഗ്രന്ഥങ്ങളിൽ ഒരെണ്ണം ആ വക വിഷയങ്ങളെപ്പററി ഗാനരീതിയിൽ പ്രതിപാദിക്കുന്ന ഒന്നാണ്.

പ്രസ്തുത കഥാവസ്തു, കാര്യാകാര്യവിവേചനംകൊണ്ട് സന്മാർഗ്ഗസഞ്ചാരത്തിലേക്കു മനുഷ്യബുദ്ധിയെ പ്രചോദിപ്പിക്കത്തക്കതാണ്. ഈശ്വരാനുഗ്രഹംകൊണ്ടു സിദ്ധിച്ച ഐശ്വര്യത്തിൽ മദോന്മത്തൻ ആകാതെ അതു നല്ല വഴിക്ക് ഉപയോഗിക്കേണ്ടതാണ് എന്നും അതു ഉപദേശിക്കുന്നു.

സ്ത്രീലോലനായ ഇന്ദ്രവർമ്മരാജാവ് നാട്ടിലുള്ള സ്ത്രീകളെ സ്വാധീനമാക്കാൻ പല ഉപായങ്ങളും ആലോചിച്ചു. മരുന്ന്, മന്ത്രം, മായാപ്രയോഗം ഇവ ദുഃഖപരിണാമികൾ ആയതുകൊണ്ട് ആ മാർഗ്ഗങ്ങളെ ഉപേക്ഷിച്ചു ധനത്തെ പ്രധാനമായിക്കരുതി

ധനസമ്പാദനത്തിനായി ഭദ്രകാളിയെ സേവിച്ചു. മുപ്പതു മാസത്തോളം കഴിഞ്ഞു ദേവി പ്രത്യക്ഷപ്പെട്ടു് ഭക്തനു് ദിവ്യമായ ഒരു ചെപ്പും ചെരിപ്പും കൊടുത്തു. ഈ ചെരിപ്പു് ധരിച്ചാൽ എവിടേയും തടവുകൂടാതെ ചെന്നുചേരും. ചെപ്പോ, ഒരിക്കലും ഒടുങ്ങാത്ത ധനത്തോടുകൂടിയ ഒരു അക്ഷയനിധി. ഇവ രണ്ടും കിട്ടിയപ്പോൾ രാജാവിൻെറ മട്ടൊന്നു മാറി. ഭാഗ്യവശാൽ മാരുതമംഗലത്തുകാരനായ ഒരു ബ്രാഹ്മണപഥികൻ അവിടെ വന്നു. അദ്ദേഹത്തിൽനിന്നും ഉണ്ണിമാണിക്യം എന്ന സ്ത്രീയെപ്പററി കേൾക്കുന്നു. ബ്രാഹ്മണൻ ആ സ്ത്രീയുടെ ഗുണഗണങ്ങളെ വർണ്ണിച്ചു കേൾപ്പിക്കുന്നു. അന്നുതന്നെ ഉണ്ണിമാണിക്യത്തെ കാണണം എന്നു രാജാവു നിശ്ചയിച്ചു. ചെപ്പു് നനമുണ്ടിൽ കെട്ടി തെരുത്തു തോളിൽ ഇട്ടുകൊണ്ടു് താനും വിപ്രനും ചെരിപ്പു ധരിച്ചു് മാരുതമംഗലക്ഷേത്രത്തിൻെറ ആൽത്തറയിൽ എത്തുന്നു.

"എന്തൊരു വിസ്മയം വേഗാലെന്നുടെ ദിക്കിലായല്ലോ
ചിന്തകൊണ്ടു നൂറുകാതംവഴി വന്നിപ്പോൾ"

എന്നു് ബ്രാഹ്മണൻ ചെരിപ്പിൻെറ മഹനീയതയെ വർണ്ണിക്കുന്നു.

ക്ഷേത്രവർണ്ണനയിൽ

"ഇമ്പമോടെ വിളങ്ങുന്നോരമ്പലമംപിളി ചൂടും
തമ്പുരാൻ വാണരുളുന്നോരുത്തമക്ഷേത്രം
മാരുതമംഗലമെന്നു പേരുമായമ്പലത്തിന്നു
മാരുതൻെറ പ്രതിഷ്ഠയെന്നുണ്ടു ഞാൻ കേൾപ്പൂ."

രാജാവിനെ ദേവദർശനത്തിനയച്ചിട്ടു് ബ്രാഹ്മണൻ ഉണ്ണിമാണിക്യത്തെ വിവരമറിയിക്കുന്നു. ചെപ്പും ചെരിപ്പും ക്ഷേത്രത്തിൽ ഒരിടത്തു കഴിച്ചിട്ടുശേഷം രാജാവു് ദേവദർശനം സാധിച്ചു. പിന്നെ അദ്ദേഹം ഉണ്ണിമാണിക്യത്തെച്ചെന്നുകണ്ടു് അവളോടുകൂടിത്താമസിക്കുന്നു. രാജാവിൻെറ ഔദാര്യത്താൽ അവൾ വേഗത്തിൽ ധനികയായി. തൻെറ കാമുകനു് ഇത്ര വളരെ ധനം എവിടെനിന്നാണെന്നു് ഉണ്ണിമാണിക്യവും അത്ഭുതപ്പെട്ടു. പലവുരു ചോദിച്ചിട്ടും ധനാഗമോപായത്തെപ്പററി ഒന്നും പറയാത്ത

രാജാവിനെ ഔഷധം കൊണ്ടു വശീകരിക്കാൻ അവളും മാതാവും ഒരുങ്ങി. പാലിൽ മയക്കമരുന്നു ചേർത്തു മാതാവ് മകളെക്കൊണ്ടു് അദ്ദേഹത്തിനു് കൊടുപ്പിച്ചു. അങ്ങനെ രാജാവിനെ വശീകരിച്ചു് അദ്ദേഹത്തിൽ നിന്നു രഹസ്യം മനസ്സിലാക്കി. ചെപ്പും ചെരിപ്പും ഉപായം കൊണ്ടു തട്ടിച്ചു് കൈയ്യിൽ ഉള്ളതെല്ലാം അപഹരിച്ച ശേഷം അദ്ദേഹത്തെ വീട്ടുകാവലിനു നിയോഗിക്കുന്നു.

ദേശസഞ്ചാരത്തിനു പോയ രാജാവിനെക്കാണാതെ മന്ത്രിമാർ വിഷമിച്ചു. അദ്ദേഹത്തെ തിരക്കി അയച്ച ആളുകൾ ഒരു രാത്രിയിൽ അദ്ദേഹത്തെ കണ്ടുമുട്ടുന്നു. പതിവായി ഉണ്ണിമാണിക്യത്തിൻെറ പിമ്പേ താളിയുംകൊണ്ടു പോകയായിരുന്നു ആയിടെ രാജാവിന്റെ ജോലി. തിരക്കിപ്പോയ ആളുകൾ മന്മഥമാരുതതീർത്ഥം കൊണ്ടു വന്നിരുന്നു. മാരുതതീർത്ഥത്തെ താളിക്കു പകരം ഉണ്ണിമാണിക്യ-ത്തിനു് ഒഴിച്ചു കൊടുക്കാൻ രാജാവിനോടപേക്ഷിക്കുന്നു. പിറേറ ദിവസം രാജാവ് അപ്രകാരം ചെയ്തു. തീർത്ഥം തലയിൽ ഒഴിച്ച ഉടൻ അവൾ ഒരു കുരങ്ങായി.

ഇതറിഞ്ഞു് വൃദ്ധമാതാവും ദുഃഖിതയായി. ഇതിനെന്താണു് പ്രതിവിധിയെന്നു് സങ്കടത്തോടുകൂടി വൃദ്ധ ചോദിച്ചു. രാജാവിന്റെ മുതൽ തിരിച്ചുകൊടുക്കണമെന്നു് അവർ ആവശ്യപ്പെട്ടു. അവരുടെ നിർദ്ദേശം അനുസരിച്ചു് വൃദ്ധ രാജസ്വം തിരിയെ ഏല്പിച്ചു. എന്നിട്ടും മകൾ പൂർവ്വരൂപത്തെ പ്രാപിച്ചില്ല. അപ്പോൾ മകളുടെ പാപഭാരം വൃദ്ധ ഏററു വാങ്ങി. മന്മഥതീർത്ഥം മകളുടെ ശിരസ്സിലും മാരുതതീർത്ഥം തള്ളയുടെ ശിരസ്സിലും ഒഴിച്ചു. മകൾ പൂർവ്വസ്ഥിതി പ്രാപിച്ചു. വൃദ്ധ മുതുകുരങ്ങാകയും ചെയ്തു. രാജാവും മന്ത്രിമാരും സ്വദേശത്തേക്കു് തിരിച്ചുപോയി.

ഇതിലെ കവിതാരീതിക്കു് അല്പം പഴക്കം തോന്നിക്കുന്നു. ഗ്രന്ഥകർത്താവിനെപ്പററി സൂചനകളൊന്നും ഇല്ല. ഏകദേശം 175 ഗ്രന്ഥത്തോളം ദൈർഘ്യമുള്ള ഈ കൃതിയുടെ ആദ്യത്തേ പത്രവും ഇടയ്ക്കു രണ്ടു പത്രങ്ങളും കാണുന്നില്ല. കഥാവസ്തുവിനു് കോട്ടം തട്ടിയിട്ടില്ല. ഗ്രന്ഥത്തിൻെറ മാതൃകയുള്ളവർ സദയം അയച്ചുതന്നു സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

രീതി കാണിക്കാൻ ചില ഭാഗങ്ങൾ താഴെ കൊടുക്കുന്നു.

അങ്കവും ചുങ്കവും മററും തങ്കലാക്കി വഴിപോലെ
സങ്കടമെന്നിയെ വാണു സുഖിക്കും കാലം
മങ്കമാരെ വശമാക്കാനെന്തുവേല ചെയ്തിടേണ്ടു
മന്നവന്താൻ നിരൂപിച്ചു മനസ്സുകൊണ്ടു്

.................................................

അന്തണന്നമരചെയ്തു പന്തരേറും ഗുണമുള്ള
പന്തണിക്കൊങ്കമാർ ഞങ്ങൾ നാട്ടിലേ ഉള്ളൂ
നല്ലകോലം നല്ലശീലം നല്ലവേഷം നല്ലരോഷം
നല്ലനല്ല ഭാവമെല്ലാമവക്കേയുള്ളൂ.

— — — — — — — — — — — —

കണ്ണിനാനന്ദമുണ്ടാക്കും കാമിനി പെൺകൊടിയാൾക്കു
ഉണ്ണിമാണിക്യമെന്നല്ലോ നാമമാകുന്നു.

---

അമ്പലത്തിൽ പുക്കുചെന്നു തെല്ലുനേരമിരുന്നാലും
തമ്പുരാനെത്തൊഴുതാലും താമസിക്കാതെ

.................................................

ഉണ്ണിമാണിക്യവും പിന്നെ എണ്ണ തേച്ചു പുറപ്പെട്ടു
കിണ്ടിയിൽ താലിയുംകൊണ്ടു മന്നവൻ പിമ്പേ
ചെന്നു തന്റെ രാജധാനി മന്ദിരത്തിലകം പുക്കു
മുന്നിലേക്കാളുമേയങ്ങു സുഖിച്ചു വാണു.

N. B. മാരുതമംഗലം എവിടെയാണെന്നു മനസ്സിലാകുന്നില്ല.

കെ. ആർ. സുബ്രഹ്മണ്യശർമ്മ
പണ്ഡിററു്.

വിജ്ഞാപനപരമ്പര. നമ്പർ 9

# ജ്ഞാനമുത്തുമാല

ക്രി. വ. 1784-ൽ പെരിയകോവിൽ പാളയത്തിലിരുന്ന് ഏതോ ഒരു മതപണ്ഡിതൻ 'തമിഴ്പ്പെടുത്തി'യ ക്രിസ്തുമത സംബന്ധമായ ഒരു ഗദ്യഗ്രന്ഥമാണ് ജ്ഞാനമുത്തുമാല. ഇതിന്ന് 'അഴിയാതമുത്തുമാല' എന്നും പേരുണ്ട്. ഇതിൽ നസ്രാണികളുടെ മതവിശ്വാസത്തെ അടിസ്ഥാനമാക്കി ആത്മജ്ഞാനലാഭം എന്ന പ്രയോജനത്തെ പുരസ്കരിച്ചു, അവശ്യവിജ്ഞേയങ്ങളായ ജ്ഞാനാംശങ്ങളെ ക്രോഡീകരിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ 105 ലഘുപ്രകരണങ്ങൾ അടങ്ങിയിട്ടുണ്ട്. ഓരോന്നിനേയും ഓരോ മുത്തായി രൂപണംചെയ്തിരിക്കയാണ്. അതുകൊണ്ടാണു ഗ്രന്ഥത്തിനു ജ്ഞാനമുത്തുമാല എന്ന പേർ കല്പിച്ചിരിക്കുന്നത്.

മതതത്ത്വങ്ങൾ അപണ്ഡിതന്മാരായ സാമാന്യജനങ്ങൾക്കു മനസ്സിലാകുന്ന ലളിതഭാഷയിൽ വിശദീകരിക്കുന്ന സമ്പ്രദായം ക്രൈസ്തവരുടെ ഇടയിൽ സാധാരണമാണ്. മതം പ്രചരിക്കുന്നതിനും മാനുഷികഗുണങ്ങൾ പ്രബലപ്പെടുന്നതിനും പ്രയോജനപ്പെടുന്ന ഒരു പ്രസ്ഥാനമാണിത്. ആസ്തിക്യത്തിൽ ഉറച്ചുനിന്നുകൊണ്ടു സദാചാര മനോഹരമായ ജീവിതം നയിക്കുന്നതിന് എന്തെല്ലാമാണ് അറിഞ്ഞിരിക്കേണ്ടതെന്ന് ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. കേരളത്തിൽ താരതമ്യേന ഗ്രന്ഥദൗർല്ലഭ്യമുള്ള ക്രിസ്തുമതസാഹിത്യത്തിൻെറ കഥ ആലോചിക്കുമ്പോഴാണ് ജ്ഞാനമുത്തുമാല പോലെയുള്ള ഒരു ഗ്രന്ഥത്തിൻെറ പ്രാധാന്യം മനസ്സിലാകുന്നത്.

തിരുവിതാംകൂർ സർവകലാശാലാ ഹസ്തലിഖിതഗ്രന്ഥശാലയിൽ വന്നുചേർന്നിട്ടുള്ള വിലയേറിയ ഒരു ക്രൈസ്തവഗ്രന്ഥമാണിത്. ഇതുപോലെ പ്രയോജനകരങ്ങളായ മററു ഗ്രന്ഥങ്ങൾ പഴയ നസ്രാണികുടുംബങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടാവുമെന്നു വിശ്വസിക്കുന്നു. അവ കണ്ടുപിടിച്ച് ഈ ഗ്രന്ഥശാലയിലേയ്ക്കു അയച്ചുതരുവാൻ മതഭക്തിയും സാഹിത്യപ്രതിപത്തിയുമുള്ള സുഹൃത്തുക്കളോട് സ്നേഹപുരസ്സരം അഭ്യർത്ഥിക്കുന്നു.

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

# അവതാരിക

നമ്മുടെ പ്രാചീനഗ്രന്ഥശേഖരത്തിൽ അധികം ഭാഗവും സാഹിത്യത്തെയും അതിനോടു ചേർന്ന ശാസ്ത്രങ്ങളെയും സംബന്ധിച്ച് ഉള്ളവയാണ്. എങ്കിലും മററു പല വിഷയങ്ങളെ സംബന്ധിച്ച ഗ്രന്ഥങ്ങളും കുറേ ഉണ്ട്. ആ ഗ്രന്ഥങ്ങളും യഥാവസരം പ്രകാശിപ്പിക്കാൻ യത്നിക്കുന്നതാണ്. ഇതിന്റെ പ്രാരംഭമായിട്ടാണ് ഇവിടെ പ്രസിദ്ധപ്പെടുത്തുന്ന സംഗീതശാസ്ത്രം.

ഈ ഗ്രന്ഥശാലയിൽ സംഗീതസംബന്ധമായ അഞ്ചു മലയാള കൃതികളും നാലു സംസ്കൃതകൃതികളും ഉണ്ട്. അതിൽ സംഗീതശാസ്ത്രം എന്ന പേരിലുള്ള 140-ാം നമ്പർ ഗ്രന്ഥവും, സംഗീതവിധികൾ എന്ന എൽ. 117-ാം നമ്പർ ഗ്രന്ഥവും ആസ്പദമാക്കിയാണ് ഈ പ്രസാധനം. പ്രസാധനത്തിനു കുറേ ഭാഗം മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളു. ഗ്രന്ഥാരംഭത്തിൽ സംഗീതത്തിൻെറ ഉത്പത്തിയെ സംബന്ധിച്ചുള്ള ശാസ്ത്രതത്വങ്ങളാണ് അടങ്ങിയിരിക്കുന്നത്. ഉദാഹരണമായി കാണുക: "പരാപരമാകിയ പരമേശ്വരൻ തലാതലം പടൈക്കത്താൻ നിനന്തരുളി -- തനതു പതിയാനവരെ ഇടത്തിൽ പരതന്ത്രൽ വട്ടത്തിൽ പരാപരത്തിൽ പരം തോന്നി, പരത്തിൽ ശിവം തോന്നി, ശിവത്തിൽ ശക്തി തോന്നി, ശക്തിയിൽ ഭൂതാദി തോന്നി, ഭൂതാദിയിൽ നാദം തോന്നി, നാദത്തിൽ ബിന്ദു തോന്നി, ബിന്ദുവിൽ നാദം തോന്നി, നാദത്തിൽ സദാശിവം തോന്നി" ഇത്യാദി.

140-ാം നമ്പർ ഗ്രന്ഥത്തിൻെറ തന്നെ വേറെയൊരു മാതൃകയാണ് എൽ. 117-ാം നമ്പർ ഗ്രന്ഥം. പ്രസ്തുത മാതൃകയുടെ ഭാഷാരീതിക്ക് കുറേക്കൂടി പഴക്കം തോന്നും. അതിൽ 'ചൊല്ലിന്റതു, ഇരിക്കിന്റതു,' തുടങ്ങി പഴമയെ കാണിക്കുന്ന 'ന്റ' രൂപങ്ങൾ ധാരാളമുണ്ട്. ഉദാഹരണം നോക്കുക:—'ദശവായുക്കളെ ചൊല്ലിന്റതു. പ്രാണനെൻറും, അപാനനെൻറും, വ്യാനനെൻറും, ഉദാനനെൻറും, സമാനനെൻറും, ധനഞ്ജയനെൻറും, കൃകരനെൻറും, ദേവദത്തനെൻറും, നാഗനെൻറും, കൂർമ്മനെൻറും ഇവ ദശവായുക്കൾ

ആകിന്റതു്". ഇതിലെ 'ന്റ' രൂപങ്ങളെല്ലാം 140-ാം നമ്പർ ഗ്രന്ഥത്തിൽ 'ന്ന' രൂപങ്ങളായിട്ടാണു കാണുന്നതു്. ഇവിടെ പ്രസാധനം ചെയ്തിട്ടുള്ളതിൻെറ രണ്ടാം ഖണ്ഡിക നോക്കുക. 140-ാംനമ്പർ മാതൃകയെയാണു് ഈ പ്രസാധനത്തിനു മുഖ്യമായി അംഗീകരിച്ചിട്ടുള്ളതു്.

സാംഗീതചൂഡാമണി എന്ന സംസ്കൃതകൃതിയുടെ മലയാളവ്യാഖ്യാനമാണു് ഇതു് എന്നു തോന്നുന്നു. സംസ്കൃതപദ്യങ്ങളും ഈ മലയാളവ്യാഖ്യാനവും കൂടെ ചേൎന്ന സാംഗീതചൂഡാമണി എന്ന ഗ്രന്ഥം 147-ാംനമ്പരായി ഈ ഗ്രന്ഥാലയത്തിലുണ്ടു്. വ്യാഖ്യാനഭാഗത്തെ മാത്രം എടുത്തെഴുതിയതാണു് സംഗീതശാസ്ത്രവും, സാംഗീതവിധികം എന്ന ഗ്രന്ഥവും. സംഗീതമഞ്ജരി എന്ന വേറൊരു ഗ്രന്ഥവും ഇവിടെയുണ്ടു്. അതും സംഗീതശാസ്ത്രത്തെപ്പറ്റി സാമാന്യം വിസ്തരിച്ചു പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണു്. സംസ്കൃതത്തിൽ സംഗീതരത്നാകരം, സംഗീതസുധാകരം, സംഗീതനിധി, സംഗീതദൎപ്പണം എന്നിങ്ങനെ നാലു ഗ്രന്ഥങ്ങളുണ്ടു്.

ഈ വ്യാഖ്യാനത്തിൻെറ കൎത്താവാരാണെന്നും ഇതു് ഏതു കാലത്തു് ഉണ്ടായതാണെന്നും അറിയുന്നില്ല. എങ്കിലും എൽ. 117-ാംനമ്പർ ഗ്രന്ഥത്തിലെ ഭാഷാരീതി കണ്ടാൽ മദ്ധ്യമലയാളത്തിൻെറ ആദ്യഘട്ടത്തിൽ ഉണ്ടായ ഒരു ഗദ്യകൃതിയാണെന്നു വിചാരിക്കാൻ വകയുണ്ടു്. അപൂൎവ്വമായി നമുക്കു കിട്ടിയിട്ടുള്ള മദ്ധ്യമലയാളഗദ്യസമ്പത്തിനു് ഈ ഗ്രന്ഥം സാരമായ മുതൽക്കൂട്ടാണു്. സംഗീതശാസ്ത്രത്തെപ്പറ്റിയാണു് ഈ ഗ്രന്ഥം എന്നുള്ളതുകൊണ്ടു് നമ്മുടെ സാഹിത്യചരിത്രത്തിലെന്നപോലെ സംഗീതശാസ്ത്രത്തിന്റെ ചരിത്രത്തിലും വളരെ പ്രധാനമായ ഒരു സ്ഥാനം ഇതു് അൎഹിക്കുന്നു.

ശൂരനാട്ടു കുഞ്ഞൻ പിള്ള.

V. RN 16/3/57